VOL NO: 08 I ISSUE 41
2024 OCTOBER 12 I ₹10

# നേർപഥം

വാരിക
www.nerpatham.com I mail@nerpatham.com



സ്വാതന്ത്ര്യ സമര സേനാനി, സാമുദായിക രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ അമരക്കാരൻ, മുസ്‌ലിം ഐക്യസംഘം കാര്യദർശി, ഇസ്‌ലാഹീ പ്രസ്ഥാന സ്ഥാപക പ്രസിഡന്റ്, മാധ്യമ പ്രവർത്തകൻ, പുസ്തക രചയിതാവ്, ക്വുർആൻ വ്യാഖ്യാന ഗ്രന്ഥരചനയിലെ സഹായി, ആധുനിക മദ്‌റസാ സംവിധാനങ്ങളുടെ ശിൽപി, യത്തീംഖാന സ്ഥാപകൻ, അറബിക് കോളജുകളുടെ തുടക്കക്കാരൻ... ഇങ്ങനെ അനേകം വിശേഷണങ്ങളുടെ ഉടമയാണ് കെ.എം മൗലവി. സത്യത്തിന്റെ മാർഗത്തിൽ പടവെട്ടിയതിനാൽ അദ്ദേഹം ഇന്നും വിമർശിക്കപ്പെടുന്നു.

## കെ.എം മൗലവി; നവോത്ഥാന സ്വാതന്ത്ര്യസമര രംഗങ്ങളിലെ കെടാവിളക്ക്

### വിനാശത്തിന്റെ വിത്തു വിതയ്ക്കുന്നവർ

|| നന്മ മരങ്ങൾ വളരട്ടെ

|| സ്ത്രീകളുടെ ആത്മാഭിമാനത്തിന് വില കൽപിച്ച  മതം

|| ഇ.കെ.മൗലവിയുടെ സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾ




GET IT ON Google Play

Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
**+91 9746 95 0006** (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI

GooglePay Paytm

0403
# നേർപഥം
വാരിക

2024 ഒക്ടോബർ 12
1446 റ. ആഖിർ 09
പുസ്തകം 08 / ലക്കം 41




Managing Editor:
**Nasir Balusseri**
Editor:
**Usman Palakkazhi**
Chief Editor:
**Anil Primrose**

Cover:
**Anil**
Design & Layout:
**Musthafa Mannarottil**
Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**
Printed at :
**Sprint Offset Printers, Kozhikode**
Published at :
**Kozhikode - 673 002**




**10** കവർ സ്റ്റോറി
കെ. എം മൗലവി: നവോത്ഥാന സ്വാതന്ത്ര്യസമര രംഗങ്ങളിലെ കെടാവിളക്ക്
മൂസ സ്വലാഹി കാര

സ്വാതന്ത്ര്യ സമര സേനാനി, സാമുദായിക രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ അമരക്കാരൻ, മുസ്‌ലിം ഐക്യസംഘം കാര്യദർശി, ഇസ്‌ലാഹി പ്രസ്ഥാന സ്ഥാപക പ്രസിഡന്റ്, മാധ്യമ പ്രവർത്തകൻ, പുസ്തക രചയിതാവ്, ക്വുർആൻ വ്യാഖ്യാന ഗ്രന്ഥരചനയിലെ സഹായി, ആധുനിക മദ്റസാ സംവിധാനങ്ങളുടെ ശിൽപി, യത്തീംഖാന സ്ഥാപകൻ, അറബിക് കോളജുകളുടെ തുടക്കക്കാരൻ... ഇങ്ങനെ അനേകം വിശേഷണങ്ങളുടെ ഉടമയാണ് കെ.എം മൗലവി. സത്യത്തിന്റെ മാർഗത്തിൽ പടവെട്ടിയതിനാൽ അദ്ദേഹം ഇന്നും വിമർശിക്കപ്പെടുന്നു.

**04** ബാലപഥം
കണ്ണീരുപ്പിട്ട കഞ്ഞി
അംന വലീദ്

**05** മുഖമൊഴി
വിനാശത്തിന്റെ വിത്തു വിതയ്ക്കുന്നവർ

**06** ചരിത്രപഥം
ഇ.കെ.മൗലവിയുടെ സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾ
പി.ഒ. ഉമർ ഫാറൂഖ്, തിരൂരങ്ങാടി

**18** വനിതാപഥം
സ്ത്രീകളുടെ ആത്മാഭിമാനത്തിന് വില കൽപിച്ച മതം
ശമീർ മദീനി

**20** കർമപഥം
സംഘടിത നമസ്കാരം
വിവ. അബ്ദുൽ ജബ്ബാർ മദീനി

**23** ക്വുർആൻ ദർശനം -തഫ്സീറുസ്സഅ്ദി
സൂറതുസ്സബഅ്
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

**26** ലേഖനം
ഹൃദയത്തെ ശുദ്ധീകരിക്കാം
ദുൽക്കർഷാൻ അലനല്ലൂർ

**31** ലേഖനം
നന്മ മരങ്ങൾ വളരട്ടെ
മുഹമ്മദ് സ്വാദിഖ് മദീനി

**34** ബാലപഥം
മഴക്കവിതകൾ
ആയിഷ ലിസ കെ.പി
ഫാത്തിമ അഫ്സ

NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly

അംന വലീദ്
ക്ലാസ്: 8,അൽഹിക്മ മദ്റസ
പാലക്കാഴി

വിസ്ഡം എഡ്യൂക്കേഷൻ ബോർഡ് മദ്റസ വിദ്യാർഥികൾക്കായി സംസ്ഥാന തലത്തിൽ നടത്തിയ 'സർഗദിനം' രചനാ മത്സരത്തിൽ 'ഉമ്മ' എന്ന വിഷയത്തിൽ നടത്തിയ കഥയെഴുത്ത് മത്സരത്തിൽ തെരഞ്ഞെടുക്കപ്പെട്ട കഥകളിൽ ഒന്ന്.

# കണ്ണീരുപ്പിട്ട കഞ്ഞി

അടുക്കളയിൽ ഭാര്യയുടെ പിറുപിറുക്കലിന് ഒരു ശമനവുമുള്ളതായി തോന്നുന്നില്ല. പതുക്കെ അയാൾ അടുക്കളയിലേക്ക് ചെന്നു.

'ഈയൊരു അസത്ത് എന്നെങ്ങാനും പോയിത്തരാൻ വല്ല ഉദ്ദേശണ്ടോ ആവോ. ഓരോരോ മെനക്കേട്.'

അടുക്കളയുടെ ഒരറ്റത്ത് നിലത്തിരിക്കുകയായിരുന്ന ഉമ്മാന്റെ മുഖം ഏറെ വിളറിയിരുന്നു. ഉമ്മയുടെ കണ്ണീർ ചാലിട്ട മുഖം അയാൾ ഉള്ളം കയ്യാൽ തുടച്ചു. പതിയെ കൈ കൊടുത്ത് ഉമ്മാനെ എഴുന്നേൽപിക്കും നേരം പോലും ഉമ്മയുടെ വാക്കുകളിൽ വാത്സല്യം: 'അവളോടിനി ഇതേ ചൊല്ലി തല്ലുണ്ടാക്കണ്ട.'

ഉമ്മയെ അയാൾ ഉമ്മറത്തിണ്ണയിൽ കൊണ്ടുപോയി ഇരുത്തി. അയാൾ ഭാര്യയുടെ ദേഷ്യത്താൽ ചുവന്ന മുഖത്തേക്ക് നോക്കി.

'ഒന്നല്ലേല് ഞാന്, അല്ലെങ്കി ആ തള്ള. ഒരാള് മതി ഞ്ഞി ഈ പെരേല്.'

അയാൾ ഒന്നും മിണ്ടിയില്ല, എങ്ങനെ മിണ്ടാൻ! അവളുടെ പേരിൽ എഴുതിക്കൊടുത്ത വീട്ടിലാണല്ലോ താമസം. അവൾ ഇറക്കിവിട്ടാൽ പിന്നെ പെരുവഴി!

താമസിയാതെ അയാൾ ഉമ്മയെ കുറച്ചകലെയുള്ള ഒരു വൃദ്ധസദനത്തിലാക്കി. തിരിച്ചു പോരുമ്പോൾ യാത്ര പറയാൻ പോലും കഴിയാതെ അയാൾ വിതുമ്പി. മകന്റെ നിവൃത്തികേട് തിരിച്ചറിയുന്ന ഉമ്മ കടലിരമ്പമായി വന്ന ദുഃഖവും കണ്ണീരും പിടിച്ചു നിറുത്തി. മകനെ അരികിലേക്കു വിളിച്ച് അവന്റെ ചെവിയിൽ ഉമ്മ പതുക്കെ പറഞ്ഞു: 'ഉമ്മ മരിച്ചെന്നറിഞ്ഞാൽ നീ വരാതിരിക്കരുത്. എല്ലാ കാര്യത്തിലും നീ മുന്നിലുണ്ടാകണം. അതു മാത്രമാണ് ഈ ഉമ്മാക്ക് ഇനിയുള്ള ഒരേയൊരാഗ്രഹം.'

അതു കേട്ട് അയാളുടെ ഉള്ളം പൊള്ളി. പുറത്ത് കോരിച്ചൊരിയുന്ന മഴയാണെങ്കിലും അയാൾ നന്നായി വിയർക്കുന്നുണ്ടായിരുന്നു.

വീട്ടിൽ തിരിച്ചെത്തിയ ശേഷം അയാൾ വല്ലാതെ ദുഃഖിതനായിരുന്നു. ഭാര്യയാകട്ടെ വല്ലാത്ത സന്തോഷത്തിലും.

ഏതാനും ദിവസമായി നിലക്കാത്ത മഴയാണ്. പല സ്ഥലങ്ങളിലും വെള്ളം കേറി. വീടുകൾ വെള്ളത്തിലായി. ഉമ്മയെ കൊണ്ടാക്കിയ വൃദ്ധസദനം ഒരു മലയടിവാരത്തിലാണ്. അവിടെ പ്രയാസമൊന്നുമുണ്ടാകരുതേ എന്നായിരുന്നു അയാളുടെ പ്രാർഥന. എന്നാൽ അപ്രതീക്ഷിതമായത് നടന്നു. ശക്തമായ ഉരുൾപൊട്ടലിൽ ആ സ്ഥാപനവും അതിലുള്ള ആളുകളും ചുറ്റുമുള്ള അനേകം വീടുകളും മണ്ണിനടിയിലായി. ആ വാർത്ത അയാളെ ആകെ തളർത്തി. അയാൾ ഉടനെ അങ്ങോട്ടു കുതിച്ചു.

പ്രതീക്ഷയോടെ അയാൾ ഉമ്മയെ തിരഞ്ഞ് ദുരിതാശ്വാസക്യാമ്പുകൾ കയറിയിറങ്ങിയി. ഏതോ ഒരു ക്യാമ്പിൽനിന്ന് വിശന്നുവലഞ്ഞ അയാൾക്ക് അൽപം കഞ്ഞി കിട്ടി. സങ്കടക്കണ്ണീരിനിടയിൽ കണ്ണീരുപ്പു കലർന്ന ആ കഞ്ഞി കുടിച്ചു തീർക്കാൻ അയാൾക്ക് കഴിഞ്ഞില്ല.

ഒടുവിൽ ഒരു ആശുപത്രിയിലെ മോർച്ചറിയിലെ അനേകം മൃതദേഹങ്ങൾക്കിടയിൽ ഉമ്മയെ അയാൾ കണ്ടെത്തി. അന്നേരം ഉമ്മ അവസാനമായി പറഞ്ഞ ആവശ്യങ്ങൾ അയാളുടെ മനസ്സിൽ ഓടിയെത്തി. മരിച്ചുകിടക്കുന്ന ഉമ്മയുടെ മുഖത്തേക്ക് തന്റെ കവിളിലൂടെ ഒലിച്ചിറങ്ങിയ കണ്ണീർകണങ്ങൾ പതിക്കുന്നത് അയാൾ അറിഞ്ഞു.

മോർച്ചറിയിൽ വേറെയും മൃതദേഹങ്ങളുള്ളതും ആളുകൾ അവയെ തിരിച്ചറിയാനായി വന്നു നോക്കുന്നതും തിരിച്ചറിയുമ്പോളുള്ള ആർത്തനാദങ്ങളും അയാളുടെ ശ്രദ്ധയിൽ അപ്പോഴാണ് പെട്ടത്. പാപിയായ ഈ മകനോട് പൊറുക്കണം ഉമ്മാ...! അയാൾ പതുക്കെ പുറത്തേക്കിറങ്ങി...



# വിനാശത്തിന്റെ വിത്തു വിതയ്ക്കുന്നവർ

ശിഥിലമായതും ശിഥിലമായിക്കൊണ്ടിരിക്കുന്നതുമായ ഒട്ടേറെ ബന്ധങ്ങൾ നമുക്കു ചുറ്റും കാണാം. മാതാപിതാക്കളും മക്കളും തമ്മിലുള്ള ബന്ധം, സഹോദരങ്ങൾ തമ്മിലുള്ള ബന്ധം, ഭാര്യാഭർതൃബന്ധം, അയൽപക്കബന്ധം, സുഹൃദ്ബന്ധം, ഇതരമതസ്ഥർ തമ്മിലുള്ള ബന്ധം, മേലുദ്യോഗസ്ഥരും കീഴ്ജീവനക്കാരും തമ്മിലുള്ള ബന്ധം, തൊഴിലുടമയും തൊഴിലാളിയും തമ്മിലുള്ള ബന്ധം... തുടങ്ങി രാഷ്ട്രങ്ങൾ തമ്മിലുള്ള ബന്ധങ്ങൾ വരെ ദുർബലമായിക്കൊണ്ടിരിക്കുന്ന അവസ്ഥയാണ് നമുക്കിന്ന് കാണുവാൻ സാധിക്കുന്നത്. റഷ്യയുടെ യുക്രയ്ൻ അധിനിവേശം ആ രണ്ടു രാഷ്ട്രങ്ങൾ തമ്മിലുള്ള ബന്ധത്തെ മാത്രമല്ല പ്രതികൂലമായി ബാധിച്ചിരിക്കുന്നത്. ഇസ്രായേലിന്റെ ആക്രമണം ഫലസ്തീനും കടന്ന് അയൽ രാജ്യങ്ങളിലേക്ക് നീണ്ടിരിക്കുന്നു.

ആർക്കും ആരെയും വിശ്വാസമില്ല. താൻ എവിടെയും സുരക്ഷിതനല്ല എന്ന ബോധം മനുഷ്യനെ വരിഞ്ഞുമുറുക്കിക്കൊണ്ടിരിക്കുന്നു. കുട്ടികൾ തട്ടിക്കൊണ്ടുപോകപ്പെടുന്നു. പിഞ്ചുകുഞ്ഞുങ്ങൾ മുതൽ വയോവൃദ്ധകൾ വരെ പീഡനത്തിനിരകളാകുന്നു. ആസൂത്രിതമായ വർഗീയലഹളകൾ പൊട്ടിപ്പുറപ്പെടുന്നു. ആൾക്കൂട്ട കൊലപാതകങ്ങൾ അരങ്ങേറുന്നു. മതത്തിന്റെ അടിസ്ഥാനത്തിൽ പൗരൻമാരുടെ സ്വന്തം രാജ്യത്തെ അസ്തിത്വം പോലും ചോദ്യം ചെയ്യപ്പെടുന്നു.

വൈജ്ഞാനിക രംഗത്ത്, ശാസ്ത്ര-സാങ്കേതിക രംഗത്ത് ഉത്തരോത്തരം അഭിവൃദ്ധി പ്രാപിക്കുമ്പോഴും എന്തുകൊണ്ട് മനുഷ്യരിൽനിന്ന് ഉദാത്തമായ മാനുഷിക ഗുണങ്ങൾ നഷ്ടപ്പെടുന്നു? എന്തുകൊണ്ട് അധർമങ്ങളിൽ ആണ്ടുപോകുവാൻ വിദ്യാസമ്പന്നർ പോലും മടികാണിക്കാതിരിക്കുന്നു? എന്തുകൊണ്ട് വർഗീയ ചിന്തകൾ തലപൊക്കുന്നു? യുക്തിവാദികൾ പറയുന്നു മതമാണ് എല്ലാ പ്രശ്നങ്ങൾക്കും കാരണമെന്ന്!

വാസ്തവത്തിൽ മതങ്ങളൊന്നും അക്രമത്തെയും മാനവികവിരുദ്ധ പ്രവർത്തനങ്ങളെയും പ്രോത്സാഹിപ്പിക്കുന്നതായോ അതിന് നിർദേശം നൽകുന്നതായോ കാണുവാൻ സാധ്യമല്ല. അർഹതയില്ലാത്തവരും അക്രമണോൽസുക ആദർശം പിൻപറ്റുന്നവരും രാജ്യം ഭരിക്കുമ്പോൾ അനീതിയും അക്രമവും നാട്ടിൽ നിറഞ്ഞാടും. അധികാരം നേടിയെടുക്കാനും നിലനിർത്താനും മതത്തെ ദുരുപയോഗപ്പെടുത്തും.

മതമല്ല, മതത്തെ ഭൗതികമായ സ്വാർഥ ലാഭങ്ങൾക്കു വേണ്ടി ഉപയോഗപ്പെടുത്തുന്നവരാണ് പ്രശ്നം. മതമെന്തെന്നറിയാതെ, മതത്തിൻെറ അന്തസ്സത്ത ഉൾക്കൊള്ളാതെ മതത്തിൻെറ മേലങ്കിയണിഞ്ഞ് ജീവിക്കുന്നവരാണ് പ്രശ്നം. മതത്തെയെന്നല്ല, എന്തിനെയും ഇങ്ങനെ ദുരുപയോഗം ചെയ്യുവാൻ സാധിക്കുമെന്നതിൽ സംശയമില്ല.

മറ്റുള്ളവരെ അറിയാനും മറ്റുള്ളവരിലെ നന്മകളെ അംഗീകരിക്കുവാനുമുള്ള മനസ്സാണ് വേണ്ടത്. പരസ്പരം അറിയുക എന്നത് ഏത് ബന്ധത്തെയും ഊഷ്മളമാക്കും. അതിനു സാധിച്ചില്ലെങ്കിൽ ബന്ധം വഷളാകും. ഉദാഹരണമായി ദാമ്പത്യബന്ധത്തെയെടുക്കുക. ഇണകൾ പരസ്പരം മനസ്സിലാക്കി ജീവിക്കുന്നില്ലെങ്കിൽ അവരുടെ ജീവിതം ദുരിതമയമായിരിക്കും. കുറ്റങ്ങളും കുറവുകളും മാനുഷികമാണ്. അതിലേക്ക് മാത്രം നോക്കുകയാണെങ്കിൽ പിന്നെ രക്ഷയില്ല. ഇണയോടുള്ള സ്നേഹം വറ്റിവരളാൻ അതുതന്നെ മതിയാകും. എന്നാൽ തിരുത്തേണ്ടത് മാന്യമായ രൂപത്തിൽ പറഞ്ഞ് തിരുത്താൻ പ്രേരിപ്പിക്കാം. സർവോപരി സ്വന്തം കാര്യത്തെക്കുറിച്ച് ചിന്തിക്കാം. ഞാൻ സമ്പൂർണ വ്യക്തിയാണോ? ഞാൻ ന്യൂനതകളില്ലാത്ത മനുഷ്യനാണോ? ഈ ചോദ്യം സ്വയം ചോദിക്കുക. അതോടെ തീരും നമ്മിലെ ഞാനെന്ന ഭാവം. ഇണയുടെ എണ്ണമറ്റ നന്മകളിലേക്കും സൽസ്വഭാവങ്ങളിലേക്കും കണ്ണോടിച്ചാൽ ന്യൂനതകളും പെരുമാറ്റദൂഷ്യവുമൊക്കെ എത്രയോ ചെറുതാണെന്ന് മനസ്സിലാക്കുവാൻ സാധിക്കും.

എല്ലാ ബന്ധങ്ങളുടെയും കാര്യം ഇതുതന്നെയാണ്. സ്വയം നന്നാവുക; മറ്റുള്ളവരിലെ നന്മകളെ മനസ്സിലാക്കുക, അർഹമായ അംഗീകാരവും സ്നേഹവും നൽകുക. ■

പി.ഒ. ഉമർ ഫാറൂഖ്, തിരൂരങ്ങാടി
: 81298 00300




# ഇ.കെ.മൗലവിയുടെ സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾ

കൊടുങ്ങല്ലൂരിൽ ഇ.കെ.മൗലവി നടത്തിയ മതനവീകരണ പ്രവർത്തനങ്ങളെക്കുറിച്ചും വിദ്യാഭ്യാസവിപ്ലവത്തെക്കുറിച്ചും നാം നേരത്തെ ചർച്ച ചെയ്തുവല്ലോ. യാഥാസ്ഥിതിക പൗരോഹിത്യം മനുഷ്യന്റെ എല്ലാവിധ പുരോഗതിക്കും വിലങ്ങുതടിയായി നിന്ന അന്ധകാരനിബിഢമായ സാമൂഹ്യസാഹചര്യത്തിലാണ് ഇ.കെ.മൗലവി സമൂഹത്തെ പുരോഗതിയിലേക്ക് നയിച്ച കൈത്തിരിയേന്തിയത്. വിദ്യാഭ്യാസം നിഷിദ്ധമാണെന്നും ആര്യനെഴുത്ത് ഹിന്ദുക്കളുടെ ഭാഷയാണെന്നും ഇംഗ്ലീഷ് നരകത്തിലെ ഭാഷയാണെന്നും പ്രചരിപ്പിച്ച് സമുദായത്തെ അന്ധകാരത്തിൽ തളച്ചിടാൻ ശ്രമിക്കുകയായിരുന്നു മതപൗരോഹിത്യം. അക്കാലത്ത് ശുദ്ധമലയാളം പോലും പറയാൻ പാടില്ലായിരുന്നു, മലയാള ഭാഷതന്നെ വികലമാക്കിയാണ് സംസാരിച്ചുവന്നിരുന്നത്.

സ്ത്രീകൾക്ക് പ്രസവവേദന വന്നാൽ ആശുപത്രിയിൽ പോകാൻ പാടില്ലായിരുന്നു, നഫീസത്ത് മാല പാടലും പിഞ്ഞാണത്തിലെഴുതി കലക്കിക്കുടിക്കലും മാത്രമായിരുന്നു അന്നത്തെ ചികിത്സ. പുരുഷൻമാർ എല്ലാ വ്യാഴാഴ്ചയും തല മുണ്ഡനം ചെയ്യണം. സ്ത്രീകൾക്ക് പാവാടയും മുഖമക്കനയും പുരുഷൻമാർക്ക് ട്രൗസറും ഷെഡ്ഡിയും ധരിക്കാൻ പാടില്ലായിരുന്നു. കാച്ചിത്തുണി മാത്രമെ ധരിക്കാൻ പാടുണ്ടായിരുന്നുള്ളൂ. ഇതൊക്കെയായിരുന്നു അക്കാലത്തെ 'മതാധ്യാപനങ്ങൾ.' ഇത്തരം വിശ്വാസവൈകല്യങ്ങളിൽനിന്നും സമൂഹത്തെ രക്ഷപ്പെടുത്തണമെങ്കിൽ ഭൗതിക വിദ്യാഭ്യാസം കൂടിയേതീരൂ എന്നതായിരുന്നു ഇ.കെ.മൗലവിയുടെ നിലപാട്. കർമപരവും വിശ്വാസപരവുമായ ഇത്തരം വൈകല്യങ്ങൾക്കെതിരെ ഇ.കെ.മൗലവി ശക്തമായി രംഗത്തിറങ്ങുകയും വിദ്യാഭ്യാസം നേടുന്നതിനായി സമൂഹത്തെ ബോധവത്കരിക്കുകയും ചെയ്തു.

സത്രീകൾക്ക് പ്രസവവേദന വന്നാൽ ആശുപത്രിയിൽ പോകാൻ പാടില്ലായിരുന്നു, നഫീസത്ത് മാല പാടലും പിഞ്ഞാണത്തിലെഴുതി കലക്കിക്കുടിക്കലും മാത്രമായിരുന്നു അന്നത്തെ ചികിത്സ. പുരുഷൻമാർ എല്ലാ വ്യാഴാഴ്ചയും തല മുണ്ഡനം ചെയ്യണം. സ്ത്രീകൾക്ക് പാവാടയും മുഖമക്കനയും പുരുഷൻമാർക്ക് ട്രൗസറും ഷെഡ്ഡിയും ധരിക്കാൻ പാടില്ലായിരുന്നു. കാച്ചിത്തുണി മാത്രമെ ധരിക്കാൻ പാടുണ്ടായിരുന്നുള്ളൂ. ഇതൊക്കെയായിരുന്നു അക്കാലത്തെ 'മതാധ്യാപനങ്ങൾ.' ഇത്തരം വിശ്വാസവൈകല്യങ്ങളിൽ നിന്നും സമൂഹത്തെ രക്ഷപ്പെടുത്തണമെങ്കിൽ ഭൗതിക വിദ്യാഭ്യാസം കൂടിയേതീരൂ എന്നതായിരുന്നു ഇ.കെ.മൗലവിയുടെ നിലപാട്. കർമപരവും വിശ്വാസപരവുമായ ഇത്തരം വൈകല്യങ്ങൾക്കെതിരെ ഇ.കെ.മൗലവി ശക്തമായി രംഗത്തിറങ്ങുകയും വിദ്യാഭ്യാസം നേടുന്നതിനായി സമൂഹത്തെ ബോധവത്കരിക്കുകയും ചെയ്തു. സമുദായത്തിന്റെ ഉത്ഥാനത്തിന് സ്ത്രീ വിദ്യാഭ്യാസവും അനിവാര്യമാണെന്ന് അദ്ദേഹം ഉദ്ഘോഷിച്ചു.

സ്ത്രീ വിദ്യാഭ്യാസത്തിനും സ്ത്രീ ശാക്തീകരണത്തിനും ഇ.കെ.മൗലവി നടത്തിയ ശ്രമങ്ങൾ എടുത്തുപറയേണ്ടതുതന്നെയാണ്. പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ സവിശേഷ ശ്രദ്ധ ആവശ്യമാണെന്ന് അദ്ദേഹം സമുദായത്തെ ഉണർത്തി. പെൺകുട്ടികൾ പ്രസവിക്കാനും കുട്ടികളെ പരിചരിക്കാനുമുള്ള ഉപകരണങ്ങൾ മാത്രമല്ലെന്നും സമൂഹത്തിന്റെ പുരോഗതിയിൽ അവർക്ക് നിർണായക പങ്കുണ്ടെന്നും അദ്ദേഹം ഉദ്ഘോഷിച്ചു. ഈ ശ്രമത്തിന്റെ ഭാഗമായി കൊടുങ്ങല്ലൂർ പ്രദേശത്ത് അഭ്യസ്തവിദ്യരായ ധാരാളം വനിതകൾ ഉയർന്നുവന്നു. ജന്മദേശമായ കടവത്തൂരിലും വിദ്യാഭ്യാസ വിപ്ലവത്തിന് അദ്ദേഹം നേതൃത്വം നൽകി. വിദ്യാലയത്തിന്റെ പടി കാണാൻ അനുവാദമില്ലായിരുന്ന ആ കാലത്ത് സ്വന്തം മകളെ സ്കൂളിലയക്കാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നില്ല. എന്നാൽ തന്റെ പേരമകൾ ഇ.കെ.ആയിഷയെ സ്കൂളിലയച്ച് അദ്ദേഹം കടവത്തൂരിലെ മുസ്‌ലിം പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന് നാന്ദികുറിച്ചു. ആ പെൺകൊടി സ്കൂളിലേക്ക് യാത്രയാകുന്നത് അത്ഭുതത്തോടുകൂടി നോക്കി നിൽക്കാനും പരിഹാസ വാക്കുകൾ ചൊരിയാനും വഴിവക്കിൽ ആളുകൾ കാത്തുനിന്നിരുന്നു.

മതപൗരോഹിത്യത്തിനെതിരിൽ ശക്തമായി നിലകൊള്ളാനും വിദ്യനേടാനും ആ കുട്ടിക്ക് മൗലവി സാഹിബ് ധൈര്യം പകർന്നു. അങ്ങനെ ഇ.എസ്.എൽ.സി.(അന്നത്തെ എസ്.എസ്.എൽ.സി.) പാസ്സാകുന്ന കടവത്തൂരിലെ ആദ്യത്തെ പെൺകുട്ടിയായി അദ്ദേഹത്തിന്റെ പേരമകൾ ആയിഷ മാറി. കടവത്തൂരിലെ വെസ്റ്റ് യു.പി.സ്കൂളിലെ ആദ്യകാലത്തെ പ്രധാനാധ്യാപകനായിരുന്ന പി.പി.കെ നമ്പ്യാർ തന്റെ ഓർമക്കുറിപ്പുകളിൽ അക്കാര്യം അനുസ്മരിക്കുന്നുണ്ട്. അദ്ദേഹം എഴുതുന്നത് കാണുക:

"മുസ്‌ലിം പെൺകുട്ടികൾ ആൺകുട്ടികളെ അപേക്ഷിച്ച് ബുദ്ധികൂടുതലുള്ളവരായാണ് ഞാൻ മനസ്സിലാക്കിയത്. ക്രമേണ പെൺകുട്ടികളെ ഉന്നത വിദ്യാഭ്യാസത്തിനയക്കുകയും അവർ പഠിച്ച് മിടുക്കികളാവുകയും ഉദ്യോഗം കരസ്ഥമാക്കുകയും ചെയ്തു. ഇവിടെ ആദ്യം പഠിച്ച ഒരു പെൺകുട്ടിയാണ് ഒന്നാമതായി ഇ.എസ്.എൽ.സി. പാസ്സായത്. അത് സ്കൂളിന് മുൻവശത്തുള്ള ഇ.കെ ആയിഷ എന്ന കുട്ടിയാണ്. പ്രസിദ്ധനായ ഇ.കെ മൗലവിയുടെ മകളുടെ മകളാണ് ഈ കുട്ടി. അവളുടെ സഹോദരി-സഹോദരന്മാരെല്ലാം പഠിക്കാൻ മുൻപന്തിയിലായിരുന്നു. ഇ.കെ.അഹമ്മദ്കുട്ടി

യൂണിവേഴ്സിറ്റിയിൽ ലക്ചററാണ്. ഡോക്ടറേറ്റ് കിട്ടിയിട്ടുണ്ട്. അവന്റെ സഹോദരനും കോളേജധ്യാപകനാണ്. സഹോദരിമാരിൽ ആയിഷക്കു പുറമെ രണ്ടുപേർ ടീച്ചർമാരാണ്." [83]

വിദ്യാഭ്യാസത്തെ നിഷിദ്ധമായിക്കണ്ടിരുന്ന ഒരു സമൂഹത്തെ വിദ്യനേടാനും അവരെ സമൂഹത്തിന്റെ ഉയർന്ന തുറകളിലെത്തിക്കാനും ഇ.കെ.മൗലവിക്കു സാധിച്ചു. സ്വന്തം കുടുംബത്തിൽ തന്നെയാണ് അദ്ദേഹം അത് വിജയിപ്പിച്ചു കാണിച്ചുതന്നത്. കൊടുങ്ങല്ലൂരിലും കടവത്തൂരിലും മാത്രമല്ല, കേരളത്തിന്റെ വിവിധ പ്രദേശങ്ങളിൽ മുസ്‌ലിംകളിൽനിന്നും പെൺകുട്ടികളടക്കം വലിയ ഒരുവിഭാഗം വിദ്യനേടാൻ മുന്നോട്ടുവന്നത് ഇ.കെ.മൗലവിയുടെ പരിശ്രമങ്ങളിലൂടെയാണ്. എന്നാൽ സമുദായത്തെ ചൂഷണം ചെയ്ത് ജീവിച്ചിരുന്ന പുരോഹിതന്മാർ സമുദായാംഗങ്ങൾ വിദ്യനേടി പുരോഗമിക്കുന്നതിനെ ഭയപ്പാടോടുകൂടിയാണ് കണ്ടത്.

പെൺകുട്ടികൾകൂടി വിദ്യ അഭ്യസിച്ചുതുടങ്ങിയതോടെ പൗരോഹിത്യം വിറളിപൂണ്ടു. ഇതിനെതിരെ പെൺകുട്ടികളെ എഴുത്ത് പഠിപ്പിക്കൽ ഹറാമാണെന്ന് പ്രഖ്യാപിച്ച് യാഥാസ്ഥിതിക പണ്ഡിതനേതൃത്വം പ്രമേയം പാസ്സാക്കുകയുണ്ടായി. 1930 മാർച്ച് 16ന് മണ്ണാർക്കാട്ടുവച്ച് വെള്ളാങ്ങര മുഹമ്മദ് മുസ്‌ല്യാരുടെ അധ്യക്ഷതയിൽ പാസ്സാക്കിയ ഈ പ്രമേയം ഇന്നും ദുർബ്ബലപ്പെടാതെ കിടക്കുകയാണ്. ആ പ്രമേയം ഇപ്രകാരമായിരുന്നു:

"സ്ത്രീകൾക്ക് കയ്യെഴുത്ത് പഠിപ്പിക്കൽ ശറഇൽ മക്റൂഹാണെന്നും മറ്റും പലേ മഹാൻമാരായ ഉലമാക്കൾ മുമ്പ് തന്നെ തീരുമാനിച്ചിട്ടുള്ളതാകയാൽ അവർക്ക് കയ്യെഴുത്ത് പഠിപ്പിക്കൽ പ്രത്യേകം പാടില്ലാത്തതാണെന്ന് ഈ യോഗം തീരുമാനിക്കുന്നു. സി.കെ. മുഹമ്മദ് മൗലവി അവതരിപ്പിച്ചു. എ.പി.അഹമ്മദ് കുട്ടി മൗലവി പിന്താങ്ങി" (അൽബയാൻ അറബി മലയാള മാസിക, 1930 മാർച്ച് , പുസ്തകം ഒന്ന്, ലക്കം 4,5; പേജ് 28).

കേരളത്തിലെ മുസ്‌ലിം സമൂഹത്തിന്റെ വിദ്യാഭ്യാസ പിന്നാക്കാവസ്ഥക്കും ഉദ്യോഗസ്ഥതലങ്ങളിലുള്ള മുസ്‌ലിംകളുടെ പ്രാതിനിധ്യക്കുറവിനും കാരണമായി വർത്തിച്ചത് പൗരോഹിത്യത്തിന്റെ ഇത്തരം ഫത്‌വകളായിരുന്നു. ഇതുമൂലം സമുദായത്തിൽ അഭ്യസ്തവിദ്യരുടെ എണ്ണം നന്നേ കുറവായിരുന്നു.

സ്ത്രീകളെ അഭ്യസ്തവിദ്യരാക്കുന്നതിലൂടെ

> കേരളത്തിലെ മുസ്‌ലിം സ്ത്രീകൾ പഠിപ്പില്ലാത്തവരാണെങ്കിലും മുസ്‌ലിം സ്ത്രീകളാണെന്ന നിലയിൽ പലവിധത്തിലുള്ള അഭിമാനത്തിന്നും അവകാശമുണ്ട് എന്നും സ്ത്രീകളുടെ ന്യായമായ സ്വാതന്ത്ര്യത്തെ ഒന്നാമതായി ജനങ്ങൾക്ക് മനസ്സിലാക്കിക്കൊടുത്തത് ഇസ്‌ലാം ദീനാണ് എന്നും ഇ.കെ. മൗലവി സ്ത്രീകളെ ബോധ്യപ്പെടുത്തി. ആഇശ ബീവി, ഫാത്വിമ ബീവി, നഫീസത്തുൽ മിസ്‌രിയ്യ, റാബിഅതുൽ അദവിയ്യ മുതലായ സ്വഹാബകളും അല്ലാത്തവരുമായ വനിതകളെ ചൂണ്ടിക്കാണിച്ച് അവരിൽനിന്നും പാഠമുൾക്കൊള്ളാൻ അദ്ദേഹം സ്ത്രീകളെ ആഹ്വാനം ചെയ്തു. സ്ത്രീകളെ ശാക്തീകരിക്കുന്നതിന് കൊടുങ്ങല്ലൂർ പ്രദേശത്ത് ഒരു മഹിളാസംഘം രൂപീകരിക്കുന്നതിനും അവരെ ബോധവത്കരിക്കുന്നതിനും അദ്ദേഹം മുന്നിട്ടിറങ്ങി.

അന്ധവിശ്വാസാനാചാര മുക്തമായ കുടുംബാന്തരീക്ഷം സൃഷ്ടിക്കാൻ സാധിക്കുമെന്ന കാഴ്ചപ്പാടായിരുന്നു ഇ.കെ.മൗലവിക്കുണ്ടായിരുന്നത്. സ്ത്രീകളെ സ്കൂളിലയക്കേണ്ടതിന്റെ ആവശ്യകത ചുണ്ടിക്കാട്ടി അദ്ദേഹം ആനുകാലികങ്ങളിൽ നിരന്തരം എഴുതിക്കൊണ്ടിരുന്നു. അറബിമലയാളത്തിൽ പ്രസിദ്ധീകരിച്ച കേരളത്തിലെ ആദ്യ വനിതാ മാസികയായ 'നിസാഉൽ ഇസ്‌ലാമി'ൽ സ്ത്രീകൾക്കുവേണ്ടി അദ്ദേഹം പ്രത്യേകം പംക്തി തന്നെ കൈകാര്യം ചെയ്തിരുന്നു.

സ്ത്രീ സംബന്ധമായ ഇസ്‌ലാമിക കാഴ്ചപ്പാടും ആധുനിക വീക്ഷണങ്ങളും സമന്വയിപ്പിച്ചുകൊണ്ടുള്ളവയായിരുന്നു അദ്ദേഹത്തിന്റെ ലേഖനങ്ങളെല്ലാം. കേരളത്തിലെ മുസ്‌ലിം സ്ത്രീകൾ പഠിപ്പില്ലാത്തവരാണെങ്കിലും മുസ്‌ലിം സ്ത്രീകളാണെന്ന നിലയിൽ പലവിധത്തിലുള്ള അഭിമാനത്തിന്നും അവകാശമുണ്ട് എന്നും സ്ത്രീകളുടെ ന്യായമായ സ്വാതന്ത്ര്യത്തെ ഒന്നാമതായി ജനങ്ങൾക്ക് മനസ്സിലാക്കിക്കൊടുത്തത് ഇസ്‌ലാം ദീനാണ് എന്നും അദ്ദേഹം സ്ത്രീകളെ ബോധ്യപ്പെടുത്തി. ആഇശ ബീവി, ഫാത്വിമ ബീവി, നഫീസത്തുൽ മിസ്‌രിയ്യ, റാബിഅതുൽ അദവിയ്യ മുതലായ സ്വഹാബകളും അല്ലാത്തവരുമായ വനിതകളെ ചൂണ്ടിക്കാണിച്ച് അവരിൽനിന്നും പാഠമുൾക്കൊള്ളാൻ അദ്ദേഹം സ്ത്രീകളെ ആഹ്വാനം ചെയ്തു. തന്റെ പത്രാധിപത്യത്തിലുള്ള 'അൽ ഇത്തിഹാദ്' മാസികയിൽ സ്ത്രീവിദ്യഭ്യാസം, പൊതുപ്രവർത്തനം, സ്ത്രീധനം തുടങ്ങി സ്ത്രീകളെ ബാധിക്കുന്ന എല്ലാ വിഷ

യങ്ങളും ആഴത്തിൽ വിശകലനം ചെയ്തിരുന്ന 'ഇസ്‌ലാമും സ്ത്രീകളും' എന്ന അദ്ദേഹത്തിന്റെ ലേഖനപരമ്പര കേരളത്തിലെ മുസ്‌ലിം സ്ത്രീകളെ മതപരമായും വിദ്യാഭ്യാസപരമായും സാമൂഹികമായും ഉണർത്തുന്നതിൽ ഏറെ സ്വാധീനം ചെലുത്തുകയുണ്ടായി.

സ്ത്രീകളെ ശാക്തീകരിക്കുന്നതിന് കൊടുങ്ങല്ലൂർ പ്രദേശത്ത് ഒരു മഹിളാസംഘം രൂപീകരിക്കുന്നതിനും അവരെ ബോധവത്കരിക്കുന്നതിനും അദ്ദേഹം മുന്നിട്ടിറങ്ങി. ഇതിനായി മണപ്പുറം മുസ്‌ലിം വിമൻസ് അസോസിയേഷൻ എന്ന പേരിൽ ഒരു മഹിളാസമാജം രൂപീകരിക്കപ്പെട്ടു. മണപ്പാട് കുഞ്ഞിമുഹമ്മദ് ഹാജിയുടെ ഭാര്യ കെ.എ.ഐഷാബിയായിരുന്നു സംഘത്തിന്റെ പ്രസിഡന്റ്. 1932 സെപ്തംബർ 2 ന് മണപ്പുറം മഹിളാസമാജത്തിന്റെ ഒരു പൊതുയോഗം ഏറിയാട് ലോവർ സെക്കന്ററി സ്കൂൾ പ്രാർഥനാമന്ദിരത്തിൽവച്ച് നടന്നു. ഏറിയാട്, അഴീക്കോട്, ലോകമലേശ്വരം, എടവിലങ്ങ്, ആലാ മുതലായ പ്രദേശങ്ങളിൽനിന്ന് നൂറോളം മുസ്‌ലിം സ്ത്രീകളും ഏതാനും ചില അമുസ്‌ലിം സ്ത്രീകളും യോഗത്തിൽ സന്നിഹിതകളായിരുന്നു. സമാജം പ്രസിഡന്റ് കെ.എ. ഐഷാബിയായിരുന്നു യോഗത്തിന്റെ അധ്യക്ഷ. സ്ത്രീകളുടെ മതപരവും സാംസ്കാരികവും വിദ്യാഭ്യസപരവുമായ ഉന്നമനത്തിനായി ആഹ്വാനം ചെയ്തുകൊണ്ടുള്ളതായിരുന്നു അധ്യക്ഷ പ്രസംഗം. ഏതാനും വനിതകളും ശേഷം ഇ.കെ.മൗലവിയും സദസ്സിനെ അഭിസംബോധന ചെയ്തു. കേരളത്തിലെ മുസ്‌ലിം വനിതകളെ സംഘടിപ്പിക്കുന്നതിനും അവരുടെ രാഷ്ട്രീയവും സാമൂഹ്യവും സാമ്പത്തികവുമായ നിലയെ ഉയർത്തുന്നതിനുമായി ഒരു അഖില കേരള മുസ്‌ലിം മഹിളാസംഘം ഉണ്ടായിരിക്കേണ്ടതിന്റെ ആവശ്യകത ഈ യോഗം ചൂണ്ടിക്കാട്ടി.

സമ്മേളനത്തിൽ സ്ത്രീവിദ്യാഭ്യാസത്തെക്കുറിച്ചുള്ള ഏതാനും പ്രമേയങ്ങളും അവതരിപ്പിച്ച് പാസ്സാക്കിയിരുന്നു. അച്ചടിച്ചു വിതരണം ചെയ്ത യോഗറിപ്പോർട്ടിൽ അതേക്കുറിച്ചുള്ള പ്രതിപാദനം ഇങ്ങനെ കാണാം:

"വിദ്യാഭ്യാസത്തിൽ മുസ്‌ലിം സ്ത്രീകളുടെ സ്ഥാനം വളരെ ദയനീയമായതുകൊണ്ട് തൽപരിഹാരാർത്ഥം സൗകര്യമുള്ള പ്രദേശങ്ങളിൽ ഓരോ നിശാപാഠശാലകൾ ഏർപ്പെടുത്തി ദീനിയ്യാത്തും അമലിയ്യാത്തും മലയാള പ്രാഥമികവിദ്യയും അഭ്യസിപ്പിക്കുവാൻ വിദുഷികളും വിദ്യാർത്ഥിനികളുമായ മുസ് ലിം സഹോദരികളോട് ഈ യോഗം അഭ്യർത്ഥിക്കുന്നു' എന്ന പ്രമേയം വി.ബി. ബീവാത്തു സാഹിബ അവതരിപ്പിക്കുകയും പി.കെ.ഫാത്തിമ പിന്താങ്ങുകയും സർവ്വസമ്മതമായി പാസ്സാക്കുകയും ചെയ്തു. പിന്നീട് നടന്നത് അദ്ധ്യക്ഷയുടെ സാരഗർഭമായ ഉപസംഹാര പ്രസംഗമാണ്. ഉടനെ സ്ക്രീനിന്റെ പിന്നിൽ നിന്നുകൊണ്ട് ടി യോഗത്തിൽ സന്നിഹിതകളായവരിൽ ഭൂരിഭാഗക്കാരുടെ വന്ദ്യഗുരുവും പണ്ഡിതശ്രേഷ്ഠനുമായ ഇ.കെ. മൗലവി അവർകൾ മുസ്‌ലിം സ്ത്രീകളുടെ ഇന്നത്തെ സ്ഥിതിയും പൗരാണിക മുസ്‌ലിം ലോകത്തിന്റെ ശോഭനമായ നിലയും വിവരിച്ചും താരതമ്യപ്പെടുത്തിയും കൊണ്ട് ഉജ്ജ്വലമായ ഒരു പ്രസംഗം ചെയ്തു. തൽക്ഷണം ശ്രീമതി കെ. എ. ഫാത്തിമ സാഹിബയുടെ കൃതജ്ഞതാപ്രകടനത്തോടുകൂടി അഞ്ചര മണിക്ക് യോഗം മംഗളമായി പര്യവസാനിച്ചു. അടുത്ത യോഗം ടി സ്ഥലത്തു വെച്ച് ചിങ്ങം 29നു സമ്മേളിക്കുമെന്ന് പ്രഖ്യാപനം ചെയ്തു."[84]

അടുത്ത യോഗം ചിങ്ങം 29ന് സമ്മേളിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നുവെങ്കിലും അങ്ങനെയൊരു യോഗം നടന്നോ എന്നതിനെക്കുറിച്ച് വിവരങ്ങളൊന്നും ലഭ്യമല്ല. എന്നിരുന്നാലും കൊടുങ്ങല്ലൂർ ഭാഗത്തെ സ്ത്രീശാക്തീകരണത്തിൽ മണപ്പുറം വിമൻസ് അസോസിയേഷൻ വലിയ പങ്കു വഹിച്ചിട്ടുണ്ട് എന്ന കാര്യത്തിൽ സംശയമില്ല. പ്രാദേശികമായെങ്കിലും കേരളത്തിലെ ആദ്യത്തെ മുസ്‌ലിം വനിതാസംഘടന എന്ന നിലയിൽ മണപ്പുറം വിമൻസ് അസോസിയേഷനും ആദ്യത്തെ മുസ്‌ലിം വനിതാസമ്മേളനം എന്ന നിലയിൽ സമാജത്തിന്റെ ഏറിയാട് സമ്മേളനവും ചരിത്രത്തിൽ രേഖപ്പെട്ടു കിടക്കുന്നു. ഈ ഉദ്യമങ്ങളുടെ പിന്നിൽ പ്രവർത്തിച്ച ബുദ്ധികേന്ദ്രം എന്ന നിലയിലും സ്ത്രീശാക്തീകരണം ലക്ഷ്യമായിക്കണ്ട മഹാനുഭവൻ എന്ന നിലയിലും ഇ.കെ.മൗലവിയെ മുസ്‌ലിം കേരളത്തിന് വിസ്മരിക്കുക സാധ്യമല്ല.


*അവലംബം:*

*83. കടവത്തൂർ വെസ്ററ് യു.പി.സ്കൂൾ പ്ലാറ്റിനം ജൂബിലി സ്മരണിക, പേജ് 72.*

*84. എ.എം.തബ്‌ലീഗ് ഗ്രന്ഥാവലി ബുക്ക് നമ്പർ 3 ആയി അച്ചടിച്ചു വിതരണം ചെയ്തത്. ഐക്യസംഘം രേഖകൾ, അബ്ദുറഹ്മാൻ മങ്ങാട്, ഗ്രേസ് ബുക്സ്, പേജ് 107.*

മൂസ സ്വലാഹി കാര
: 97473 45768



സ്വാതന്ത്ര്യ സമര സേനാനി, സാമുദായിക രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ അമരക്കാരൻ, മുസ്‌ലിം ഐക്യസംഘം കാര്യദർശി, ഇസ്‌ലാഹീ പ്രസ്ഥാന സ്ഥാപക പ്രസിഡന്റ്, മാധ്യമ പ്രവർത്തകൻ, പുസ്തക രചയിതാവ്, ക്വുർആൻ വ്യാഖ്യാന ഗ്രന്ഥരചനയിലെ സഹായി, ആധുനിക മദ്റസാ സംവിധാനങ്ങളുടെ ശിൽപി, യത്തീംഖാന സ്ഥാപകൻ, അറബിക് കോളജുകളുടെ തുടക്കക്കാരൻ... ഇങ്ങനെ അനേകം വിശേഷണങ്ങളുടെ ഉടമയാണ് കെ.എം മൗലവി. സത്യത്തിന്റെ മാർഗത്തിൽ പടവെട്ടിയതിനാൽ അദ്ദേഹം ഇന്നും വിമർശിക്കപ്പെടുന്നു.

വിശ്വാസ ജീർണതയിലും അന്ധവിശ്വാസങ്ങളിലും കഴിഞ്ഞുകൂടിയിരുന്ന സമൂഹത്തിൽ നവോത്ഥാനത്തിന്റെ തിരി തെളിയിക്കുകയും അതിനെ ജ്വലിപ്പിക്കുകയും ചെയ്ത മഹാപണ്ഡിതനും പരിഷ്‌കർത്താവുമാണ് കെ.എം മൗലവി(റഹ്) എന്നത് ഒരു നൂറ്റാണ്ടിനിപ്പുറവും ലോകം വായിച്ചുകൊണ്ടിരിക്കുകയാണ്. വളരെ നിർണായകവും അനിവാര്യവുമായ ഘട്ടത്തിൽ മത-സാമൂഹിക രാഷ്ട്രീയ മേഖലകളിൽ മൗലവി ഇടപെട്ടതും അതിന്റെയെല്ലാം വെൺമയ്ക്കായി അദ്ദേഹം കഠിനമായി പ്രയത്നിച്ചതും ശ്ലാഘനീയമായ പ്രവർത്തനമായിരുന്നു എന്നത് ചരിത്രത്തെ സത്യസന്ധമായി വായിച്ചവരും പിന്തുടർന്നവരും സംശയിക്കാതെ ഉൾക്കൊണ്ട കാര്യമാണ്.

നവോത്ഥാനത്തിന്റെ നാമ്പൊടിക്കാൻ തുനിഞ്ഞവരെയും സത്യത്തിനെതിരെ സമരം പ്രഖ്യാപിച്ചവരെയും സമുദായ ഉന്നമനത്തിനുവേണ്ടി പരിശ്രമിച്ചവരുടെ കൂട്ടത്തിൽ പെടുത്താൻ പലരും മരണപ്പാച്ചിൽ നടത്തുകയാണിന്ന്. ഗതകാല സംഭവ ചരിത്രത്തിൽ കൃത്രിമം കാണിച്ച്



# കെ. എം മൗലവി; നവോത്ഥാന സ്വാതന്ത്ര്യസമര രംഗങ്ങളിലെ കെടാവിളക്ക്

ഇങ്ങനെ അവകാശപ്പെടുന്നത് എത്ര വലിയ അപരാധമാണ്! വിമർശനങ്ങളെ വിവേകത്തോടെ നേരിട്ടും ആക്ഷേപങ്ങൾക്ക് നേരെ ആക്രോശിക്കാതെയും വിശ്വാസ-ആചാര വിഷയങ്ങളിൽ പ്രാമാണിക നിലപാടെടുത്തുമാണ് മൗലവി തന്റെ മുന്നേറ്റങ്ങളെ വിജയത്തിലേക്കെത്തിച്ചത്.

ശിയാ-സൂഫിസങ്ങളുടെ കടന്നുവരവും ത്വരീകത്തുകൾക്ക് അടിമപ്പെടലും വിവിധ പേരുകളിലുള്ള മാലപ്പാട്ടുകൾ, പക്ഷിപ്പാട്ട്, കുറത്തിപ്പാട്ട് പോലുള്ള കള്ളക്കഥകളുടെ പാട്ടുരൂപങ്ങളുടെ വ്യാപനവും ശൈഖ്-മുരീദ് കളികളും കൊണ്ട് മതരംഗം ജീർണിച്ച കാലമാണത്. മത-ഭൗതിക വിദ്യാഭ്യാസം, സാമൂഹികം, രാഷ്ട്രീയം, കുടുംബം എന്നീ മേഖലകളിലും വേണ്ടവിധം വെളിച്ചം വീശാത്ത കാലം.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇരുൾ പരന്ന ആ അന്തരീക്ഷം നീങ്ങുകയും പ്രകാശം പരക്കുകയും ചെയ്ത കാഴ്ച കണ്ടുകൊണ്ടാണ് മൗലവി ഇഹലോക ജീവിതം വെടിഞ്ഞത്. അത് അദ്ദേഹത്തിന്റെ ഏറ്റവും വലിയ ഒരു അഭിലാഷവുമായിരുന്നു.

അല്ലാഹു പറയുന്നു: "അല്ലാഹു തന്റെ പൊരുത്തം തേടിയവരെ അത് മുഖേന സമാധാനത്തിന്റെ വഴികളിലേക്ക് നയിക്കുന്നു. തന്റെ ഉത്തരവ് മുഖേന അവരെ അന്ധകാരങ്ങളിൽനിന്ന് അവൻ പ്രകാശത്തിലേക്ക് കൊണ്ടുവരികയും നേരായ പാതയിലേക്ക് അവരെ നയിക്കുകയും ചെയ്യുന്നു" (ക്വുർആൻ 5:16).

മതവിദ്യാഭ്യാസ രംഗത്ത് പുത്തൻ ഉണർവിന് തുടക്കമിട്ട ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജിയുടെ ശിക്ഷണത്തിൽ വളർന്ന മൗലവിയുടെ കുടുംബ പശ്ചാത്തലം സംബന്ധിച്ച വിവരങ്ങൾ മഹാനായ ഉമർ മൗലവി(റഹ്)യുടെ വാക്കുകളിൽനിന്ന് നമുക്ക് വായിക്കാം:

"മതവിദ്യാഭ്യാസ രംഗത്ത് ഒരു നവോത്ഥാന നായകനായി മൗലാനാ ചാലിലകത്ത് രംഗപ്രവേശം ചെയ്തതോടെയാണ് അദ്ദേഹം ചരിത്രത്തിന്റെ ഭാഗമാകുന്നത്. വാഴക്കാട് അദ്ദേഹത്തിന്റെ ദാറുൽ ഉലൂം മദ്റസ ഇസ്‌ലാഹീ പ്രസ്ഥാന പ്രവർത്തനങ്ങൾക്ക് വിത്തുപാകാൻ ഉഴുതുമറിച്ച ഒരു പാടശേഖരമായി ഭവിച്ചു. സലഫീ പ്രസ്ഥാനത്തിന്റെ പടനായകന്മാരുടെ നായകനായ കെ.എം മൗലവി ഈ മദ്റസയിൽനിന്നും പഠിച്ചു. പ്രിയ ശിഷ്യനായിരുന്നപ്പോൾ ഗുരുവിന്റെ എഴുത്തുകാരനായി 'കാത്തിബ്' എന്ന പേരിൽ അറിയപ്പെട്ടു. മൗലാനയുടെ മകളെ വിവാഹം ചെയ്തു.

ഇ.കെ. മൗലവി, ഇ. മൊയ്തു മൗലവി തുടങ്ങിയ പ്രഗത്ഭ നേതാക്കൾ വാഴക്കാട് മദ്റസയിലെ വിദ്യാർഥികളും കെ.എം. മൗലവിയുടെ സതീർഥ്യരുമായിരുന്നു. മൗലാനയുടെ പുത്രന്മാർ എം.സി.സി. അഹ്മദ് മൗലവി, എം.സി.സി. അബ്ദുറഹ്മാൻ മൗലവി, എം.സി.സി.ഹസൻ മൗലവി എന്നിവർ ഒന്നിനൊന്ന് മെച്ചപ്പെട്ട പണ്ഡിത

ന്മാരായി ശോഭിച്ചു. എം.സി.സി. അബ്ദുറഹ്മാൻ മൗലവി ഇസ്‌ലാഹീ പ്രവർത്തനങ്ങളിൽ അതീവ ബുദ്ധിശാലിയും ആസൂത്രകനും കെ.എം. മൗലവിയുടെ സന്തത സഹചാരിയുമായിരുന്നു. പുളിക്കൽ മദീനത്തുൽ ഉലൂം അറബി ക്കോളേജിനെക്കുറിച്ച് ഓർക്കുന്നതുതന്നെ എം.സി.സി. മൗലവി എന്ന പേരിൽ നിന്നാണ്. ആദ്യ ഘട്ടത്തിൽ സുന്നി മുസ്‌ലിയാക്കളിൽ വൻതോക്കുകളായിരുന്ന പലരുമായി വാദപ്രതിവാദങ്ങൾക്ക് നിർബന്ധിതമായ ഘട്ടങ്ങളിലെല്ലാം അതിന്റെ ചുക്കാനായി എം.സി. സി.അബ്ദുറഹ്മാൻ മൗലവി തന്നെയാണ് രംഗത്തുവന്നത്. മൗലാനയുടെ ശിഷ്യന്മാരും പുത്രന്മാരും ചേർന്നപ്പോൾ കേരളത്തിൽ ഇസ്‌ലാഹീ പ്രസ്ഥാനം വിജയഗാഥയുമായി മുന്നോട്ടു ഗമിച്ചു" (ഓർമകളുടെ തീരത്ത്/ പേജ് 93,94).

പിഴച്ച വിശ്വാസങ്ങളുടെ പ്രചാരണത്തിനും നവോത്ഥാന മുന്നേറ്റങ്ങൾക്ക് തടസ്സം തീർക്കാനും വരക്കൽ മുല്ലക്കോയ തങ്ങളും പാങ്ങിൽ മുസ്‌ലിയാരും ഒന്നിച്ചുണ്ടാക്കിയ സമസ്തയുടെ പാരമ്പര്യത്തിൽ ചാലിലകത്തിനെ കെട്ടിയിടാൻ പലരുമിന്ന് കിണഞ്ഞ് പരിശ്രമിച്ചുവരുന്നുണ്ട്.

പല പേരുകളിലും മൗലവിയുടെ ജീവിതത്തെ ചുറ്റിപ്പറ്റിയുള്ള ചർച്ചകളും രചനകളും സമൂഹത്തിൽ നടന്നിട്ടുണ്ട്. ആരായിരുന്നു കെ.എം മൗലവി(റഹ്) എന്ന ചോദ്യത്തിനുള്ള തികഞ്ഞ ഉത്തരം ഇത്തരം വിശാല അന്വേഷണങ്ങളിലെല്ലാം നിറഞ്ഞ് നിൽക്കുന്നുണ്ട്. ഒട്ടേറെ സംഭവങ്ങൾ കോർത്തിണക്കി 'കെ.എം മൗലവി ഒരു പാഠപുസ്തകം' എന്ന പേരിൽ അഹമ്മദ് കുട്ടി ഉണ്ണികുളം എഴുതിയതും നിലവിൽ കേരള മുസ്‌ലിം ലീഗ് പ്രസിഡന്റായ സയ്യിദ് സ്വാദിഖലി ശിഹാബ് തങ്ങളുടെ ആമുഖത്തോടെ 2024 മെയ് മാസത്തിൽ പുറത്തിറക്കിയതുമായ ഗ്രന്ഥം അതിന്റെ ഒടുവിലത്തെ ഉദാഹരണമാണ്. സാദിഖലി തങ്ങൾ ആമുഖത്തിൽ ഇതിനെ വിശേഷിപ്പിച്ചത് 'ഇതൊരു പുസ്തകമല്ല, പാഠപുസ്തകമാണ്' എന്നാണ്.

പ്രസ്തുത ഗ്രന്ഥത്തിൽ കെ.എം മൗലവിയെ അഹമ്മദ് കുട്ടി സാഹിബ് പരിചയപ്പെടുത്തുന്നത് കാണുക: "കെ.എം മൗലവി സാഹിബിന്റെ ചരിത്രം ജീവിതവിജയം ലക്ഷ്യമാക്കുന്ന എല്ലാ മനുഷ്യർക്കും ഒരു പാഠമാണ്. ഓരോരുത്തർക്കും മാതൃകയാക്കാവുന്ന പാഠപുസ്തകമാണത്. മന്ദമാരുതനായും കൊടുങ്കാറ്റായും ആ ജീവിതത്തെ കാണാം. ഇന്ത്യൻ യൂനിയൻ മുസ്‌ലിം ലീഗിന്റെ കേരള ഉപാധ്യക്ഷൻ, പഴയകാല കോഴിക്കോട് ജില്ലാ ലീഗിന്റെ വൈസ് പ്രസിഡന്റ്, സ്വാതന്ത്ര്യ സമര സേനാനി, ചന്ദ്രികയുടെ തുടക്കത്തിന്റെ ഫോർമുല അവതാരകൻ, മാതൃഭൂമി പത്രത്തിന് ഷെയർ ചേർക്കാൻ മുന്നിൽ നടന്നയാൾ, അൽമുർശിദ് മാസികയിലൂടെയും അൽമനാറിലൂടെയും മറ്റു മാധ്യമങ്ങളിലൂടെയും സമുദായത്തിനും സമൂഹത്തിനും വഴികാട്ടി. കേരള ജംഇയ്യത്തുൽ ഉലമ പ്രസിഡന്റ്, തിരൂരങ്ങാടി യത്തീംഖാന സ്ഥാപകൻ,

ആരായിരുന്നു കെ.എം മൗലവി(റഹ്) എന്ന ചോദ്യത്തിനുള്ള തികഞ്ഞ ഉത്തരം ഇത്തരം വിശാല അന്വേഷണങ്ങളിലെല്ലാം നിറഞ്ഞ് നിൽക്കുന്നുണ്ട്. ഒട്ടേറെ സംഭവങ്ങൾ കോർത്തിണക്കി 'കെ.എം മൗലവി ഒരു പാഠപുസ്തകം' എന്ന പേരിൽ അഹമ്മദ് കുട്ടി ഉണ്ണികുളം എഴുതിയതും നിലവിൽ കേരള മുസ്‌ലിം ലീഗ് പ്രസിഡന്റായ സയ്യിദ് സ്വാദിഖലി ശിഹാബ് തങ്ങളുടെ ആമുഖത്തോടെ 2024 മെയ് മാസത്തിൽ പുറത്തിറക്കിയതുമായ ഗ്രന്ഥം അതിന്റെ ഒടുവിലത്തെ ഉദാഹരണമാണ്. സാദിഖലി തങ്ങൾ ആമുഖത്തിൽ ഇതിനെ വിശേഷിപ്പിച്ചത് 'ഇതൊരു പുസ്തകമല്ല, പാഠപുസ്തകമാണ്' എന്നാണ്.

കേരള നദ്‌വത്തുൽ മുജാഹിദീൻ പ്രഥമ പ്രസിഡന്റ്, മുസ്‌ലിം ഐക്യ സംഘത്തിന്റെ ശിൽപി, റൗദതുൽ ഉലൂം അറബിക് കോളേജ്, സുല്ലമുസ്സലാം അറബിക് കോളേജ്, മദീനത്തുൽ ഉലൂം അറബിക് കോളേജ് എന്നിവയുടെ ചാലകശക്തി, മദ്റസ പ്രസ്ഥാനത്തിന് പുതിയ ദിശ നൽകിയ പരിഷ്കർത്താവ്, ഫാറൂഖ് കോളേജ് പോലെ അനേകം സ്ഥാപനങ്ങൾക്ക് പിന്നിലെ ശക്തിസ്രോതസ്സ്, അമാനി മൗലവിയുടെ ഖുർആൻ വ്യാഖ്യാനത്തിന് ഒപ്പം സഞ്ചരിച്ചയാൾ, സർവ്വോപരി നവോത്ഥാന നായകൻ. അങ്ങനെ 78 വർഷത്തെ ജീവിതം സാർത്ഥകമാക്കിയ മഹാമനീഷിയാണ് മൗലവി സാഹിബ്. ഇന്ത്യൻ സ്വതന്ത്ര്യസമര ചരിത്രത്തിലെ അത്യുജ്ജ്വലമായ അധ്യായമായി; മലബാർ സ്വാതന്ത്ര്യസമരത്തിലെ നടുറോഡിലെ പോരാളിയായി അദ്ദേഹം" (പേജ് 15).

വിമർശകരുടെ നാവിൽനിന്നോ തൂലികയിൽനിന്നോ മൗലവിയെ മനസ്സിലാക്കുക എന്നതിൽനിന്ന് മാറി അദ്ദേഹത്തിന്റെ സഹചാരികളുടെയും സഹയാത്രികരുടെയും അനുഭവങ്ങളിൽനിന്ന് അടുത്തറിയാൻ ശ്രമിക്കുക എന്നതാണ് കബളിപ്പിക്കലിൽ കുടുങ്ങാതിരിക്കാനും വഞ്ചിക്കപ്പെടാതിരിക്കാനും ആർക്കും നല്ലത്.

പി.കെ. മൂസ മൗലവി(റഹ്) 1983ൽ എഴുതിയത് കാണുക: "കൗമാരം മുതൽക്കെ സതീർത്ഥ്യരായിരുന്നു ഞാനും മർഹൂം കെ.എം മൗലവി സാഹിബും. അന്നു തൊട്ട് ഞങ്ങൾ ഒന്നിച്ചു പഠിച്ചുവളർന്നു; അൽ ഉസ്താദ് മൗലാനാ കുഞ്ഞഹമ്മദ് ഹാജി മർഹൂം അവർകളുടെ ശിക്ഷണത്തിൽ. അക്കാലംവരെ പഴയ മലബാറിന്നജ്ഞാതമായിരുന്ന ശാസ്ത്രീയമായൊരു സിലബസ് അടിസ്ഥാനമാക്കിക്കൊണ്ട് മദ്രസാ പ്രസ്ഥാനം ഉസ്താദ് ആരംഭിച്ചു. മുസ്‌ലിം കേരളത്തിന്റെ നവോത്ഥാനത്തിനുള്ള ആദ്യത്തെ കുതിച്ചുചാട്ടം അതായിരുന്നുവെന്നാണ് എന്റെ എളിയ വിശ്വാസം. ഉസ്താദിനു ശേഷം മദ്രസകളും ഇസ്‌ലാഹി പ്രസ്ഥാനവുമായി ഞങ്ങൾ മുന്നേറി; വിജയിച്ചു. അൽഹംദുലില്ലാഹ്. ഈ അവസരത്തിൽ കേരള മുസ്‌ലിംകളുടെ




ഐഹികവും പാരത്രികവുമായ വിജയം ലക്ഷ്യംവെച്ചുകൊണ്ട് ത്യാഗപൂർണ്ണമായ സേവനങ്ങളർപ്പിച്ച സഹപ്രവർത്തകരെ ഇവിടെ അനുസ്മരിക്കുക മാത്രമേ ചെയ്യുന്നുള്ളൂ.

കാത്തിബ് എന്ന അപരനാമത്തിൽ അറിയപ്പെട്ടിരുന്ന കെ.എം.മൗലവി സാഹിബിനെ സമൂഹത്തിന് വിസ്മരിക്കാനെളുപ്പമല്ല. ഞാൻ ഇത് ഭംഗിവാക്കു പറയുകയല്ല. ഈ കൊച്ചുകേരളത്തിൽ പ്രതിഭാശാലിയായ മൗലവി സാഹിബ് ജീവിച്ചിരുന്നുവെന്ന് അദ്ദേഹം തന്നെ തെളിയിച്ചുകഴിഞ്ഞിട്ടുണ്ട്. പൊതുരംഗത്തിറങ്ങിയ ബാല്യകാലം മുതൽ വാർദ്ധക്യസഹജമായ രോഗംമൂലം മരിക്കുന്നതുവരേക്കും ജീവൽ പ്രധാനമായ എല്ലാരംഗങ്ങളിലും പ്രവർത്തിക്കുവാനും വ്യക്തിമുദ്ര പതിപ്പിക്കുവാനും സർവശക്തനായ അല്ലാഹു അദ്ദേഹത്തെ അനുഗ്രഹിച്ചിട്ടുണ്ട്" (കെ.എം മൗലവി ജീവചരിത്രം/ പേജ് 13,14).

ഇ.മൊയ്തു മൗലവി അദ്ദേഹത്തെപ്പറ്റി ഓർത്തെഴുതിയത് വായിക്കാം: "ജനാബ് കെ.എം മൗലവി സാഹിബ് എന്റെയൊരു സതീർഥ്യനും സഹപ്രവർത്തകനുമെന്നതിനെക്കാളുപരി ഞാൻ അദ്ദേഹത്തിന്റെ കൂടെ പഠിക്കുകയും പ്രവർത്തിക്കുകയും ചെയ്തിരുന്നു എന്നു പറയുന്നതായിരിക്കും കൂടുതൽ ശരി. കാരണം അദ്ദേഹം പ്രായത്തിലും പാണ്ഡിത്യത്തിലും എന്നെക്കാളും ഉന്നതശീർഷനായി വിരാജിച്ചിരുന്നു. ശൈഖുനാ മുഹമ്മദു മാഹിൻ ഹമദാനി തങ്ങൾ(മർഹൂം), റഈസുൽ മുസ്‌ലിഹീൻ വക്കം, എം. മുഹമ്മദ് അബ്ദുൽ ഖാദിർ മൗലവി(മർഹൂം) എന്നീ പണ്ഡിത നേതാക്കളുമായി കെ.എം. മൗലവി സാഹിബ് സമ്പർക്കം പുലർത്തിയത് കൊടുങ്ങല്ലൂർ നിവാസകാലത്തായിരുന്നു. അക്കാലം മുതൽക്കാണ് ഒരു പഴഞ്ചൻ മുദർരിസായിരുന്ന തയ്യിൽ മുഹമ്മദുകുട്ടി മുസ്‌ല്യാർ കെ.എം. മൗലവി എന്ന വിവാദപുരുഷനും വിപ്ലവകാരിയുമായി മാറിയത്"(പേജ് 16).

എൻ.വി അബ്ദുസ്സലാം മൗലവി 1985ൽ വ്യക്തമാക്കിയത് കാണുക: "ജ:കെ.എം മൗലവി സാഹിബിനെ പോലെ അല്ലാഹുതആലാക്ക് വേണ്ടി ജീവിക്കുകയും മരിക്കുകയും ചെയ്ത മഹാൻ നമുക്കിടയിൽ വിലാപനീയമാം വിധം വിരളമാണ്. വിവിധ ആശയക്കാരും നാനാവിധ സ്വഭാവക്കാരും (വ്യക്തിപരമായി എത്രതന്നെ അഭിപ്രായ വ്യത്യാസമുള്ളവരായാലും) ജ: കെ.എം മൗലവി സാഹിബിനെ മനസ്സാ ആദരിച്ചിരുന്നു. സത്യം പറയുന്നതിൽ താല്പര്യമില്ലാത്തവരും സ്വാർത്ഥത്തിന്നു വേണ്ടി ജീവിക്കുകയും ചെയ്തിരുന്ന ചിലർ മൗലവി സാഹിബിനെ ഇടിച്ചുതാ

ഴ്ത്താൻ ബോധപൂർവം ശ്രമിച്ചിരുന്നു; പക്ഷേ, പരാജയപ്പെട്ടുവെന്നതിന്നു കാലം സാക്ഷിയത്രെ" (പേജ് 21,22).

മത, സാമൂഹിക, സാംസ്കാരിക മണ്ഡലങ്ങളിൽ മൗലവി നടത്തിയ വിലമതിക്കാനാകാത്ത ഉത്കൃഷ്ട പ്രവർത്തനങ്ങൾക്ക് അല്ലാഹുവിന്റെ യഥാർഥ അടിമകളുടെ പ്രാർഥനയായ 'ധർമനിഷ്ഠ പാലിക്കുന്നവർക്ക് ഞങ്ങളെ നീ മാതൃകയാക്കുകയും ചെയ്യേണമേ എന്ന് പറയുന്നവരുമാകുന്നു അവർ' (25:74) എന്നതിന്റെ ഫലം കൂടി തെളിയിക്കുന്നതാണ് ഇത്തരം അംഗീകാരങ്ങൾ.

### ആരോപണങ്ങളുടെ ആരംഭം

അന്ധവിശ്വാസങ്ങളുടെ അനുയായികളും നവോത്ഥാന മുന്നേറ്റങ്ങളുടെ മുടക്കികളുമായിട്ടുള്ള പുരോഹിതന്മാർ തന്നെയാണ് മൗലവിയുടെ എതിരാളികളായി എല്ലായ്പ്പോഴും ഉണ്ടായിട്ടുള്ളത്. സമസ്തയുടെ സ്ഥാപക നേതാവായിരുന്ന പാങ്ങിൽ അഹമ്മദ് കുട്ടി മുസ്‌ലിയാർ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾക്ക് പിന്നാലെ നടന്ന് ആരോപണങ്ങളുടെ ഉദ്ഘാടനം അക്കാലത്ത് തന്നെ നിർവഹിച്ചു. പാങ്ങിലിന്റെ പോരിശയായി മുസ്‌ലിയാക്കന്മാർ എഴുതിത് കാണുക: "1920 കൾക്കു ശേഷം കേരളത്തിൽ പ്രത്യക്ഷപ്പെട്ട ബിദ്അത്തിന്റെ വിഷബീജങ്ങൾക്കെതിരെ തന്റെ നാവും തൂലികയും ഉപയോഗിച്ച് ഉസ്താദ് പ്രതിരോധിച്ചു. പുത്തൻവാദികളായ മൗലവിമാർ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നിടത്ത് ക്യാമ്പ് ചെയ്ത് പ്രഭാഷണങ്ങൾ നടത്തി അഹ്‌ലുസ്സുന്നത്തിന്റെ ആശയങ്ങൾ ഊട്ടിയുറപ്പിക്കുന്ന ശൈലിയായിരുന്നു മഹാനവർകളുടേത്"(പാങ്ങിൽ അഹ്മദ് കുട്ടി മുസ്‌ലിയാർ/പേജ് 77).

"പുത്തൻ വാദികളുടെ പേടിസ്വപ്നമായിരുന്നു പാങ്ങിൽ അഹ്മദ് കുട്ടി മുസ്‌ലിയാർ. ആ നാമം കേട്ടാൽ ഈ കക്ഷികൾ പേടിച്ച് വിറച്ചിരുന്നു. അവർ വിഷവിത്തുകൾ വിതച്ചിടത്തെല്ലാം ചെന്ന് പ്രഭാഷണം നടത്തിയ മഹാനാണ് അവരുടെ ശക്തി കുറച്ചത്. മൗലവിമാർ പ്രഭാഷണം നടത്തിയേടത്തെല്ലാം മഹാൻ ഓടിയെത്തി. അവർ എഴുതിയ ലഘുലേഖകൾക്കുടൻ മറുപടി നൽകി. അവർക്കെതിരെ പരസ്യമായി വാദപ്രതിവാദത്തിനിറങ്ങി" (അതേ പുസ്തകം, പേജ് 79).

മുസ്‌ലിയാരും പരിവാരങ്ങളും എടുത്തുചാടിയിരുന്നത് മൗലവിയുടെ പ്രവർത്തനങ്ങൾക്ക് നേരെയായിരുന്നെങ്കിലും യഥാർഥത്തിൽ മതനിയമങ്ങളെ വെട്ടിനിരത്താനും മതപ്രമാണങ്ങളെ ചോദ്യം ചെയ്യാനുമാണ് അതിലൂടെ അവർ മുതിർന്നത്. ആദർശമുഖം ആർക്ക് മുമ്പിലും തുറന്നുകാട്ടിയാണ് മൗലവി അന്ധവിശ്വാസങ്ങളെ ചെറുത്തതും സാമൂഹിക-രാഷ്ട്രീയ ഉന്നമനത്തിന് ചുക്കാൻ പിടിച്ചതും.

അന്ധവിശ്വാസങ്ങളുടെ അനുയായികളും നവോത്ഥാന മുന്നേറ്റങ്ങളുടെ മുടക്കികളുമായിട്ടുള്ള പുരോഹിതന്മാർ തന്നെയാണ് മൗലവിയുടെ എതിരാളികളായി എല്ലായ്പ്പോഴും ഉണ്ടായിട്ടുള്ളത്. മുസ്‌ലിയാരും പരിവാരങ്ങളും എടുത്തുചാടിയിരുന്നത് മൗലവിയുടെ പ്രവർത്തനങ്ങൾക്ക് നേരെയായിരുന്നെങ്കിലും യഥാർഥത്തിൽ മതനിയമങ്ങളെ വെട്ടിനിരത്താനും മതപ്രമാണങ്ങളെ ചോദ്യം ചെയ്യാനുമാണ് അതിലൂടെ അവർ മുതിർന്നത്. ആദർശമുഖം ആർക്ക് മുമ്പിലും തുറന്നുകാട്ടിയാണ് മൗലവി അന്ധവിശ്വാസങ്ങളെ ചെറുത്തതും സാമൂഹിക-രാഷ്ട്രീയ ഉന്നമനത്തിന് ചുക്കാൻ പിടിച്ചതും. സമസ്ത പരമ്പരയിൽ അന്നുതന്നെ പ്രസിദ്ധരായിരുന്ന എത്രയോ മുസ്‌ലിയാക്കന്മാരും നേതാക്കന്മാരും മൗലവിയുടെ മുന്നേറ്റങ്ങളിൽ സന്തോഷിച്ചതും അതിനെ നന്നായി പ്രശംസിച്ചതും അത്ഭുതാവഹമായ കാര്യമല്ലേ!

സമസ്ത പരമ്പരയിൽ അന്നുതന്നെ പ്രസിദ്ധരായിരുന്ന എത്രയോ മുസ്‌ലിയാക്കന്മാരും നേതാക്കന്മാരും മൗലവിയുടെ മുന്നേറ്റങ്ങളിൽ സന്തോഷിച്ചതും അതിനെ നന്നായി പ്രശംസിച്ചതും അത്ഭുതാവഹമായ കാര്യമല്ലേ! ഓർത്തിരിക്കേണ്ട ആ ചരിത്ര ഭാഗം കൂടി വായിക്കാം:

"അതുകൊണ്ടാവാം അക്കാലത്തെ സുന്നി പണ്ഡിത പ്രമുഖരിൽ പലരും അല്ലാത്ത ആശയക്കാരും മൗലവി സാഹിബിന്റെ ഉറ്റമിത്രങ്ങളായത്. സയ്യിദ് അബ്ദുറഹ്മാൻ ബാഫഖി തങ്ങളും പാണക്കാട് പൂക്കോയ തങ്ങളും തുടങ്ങി ധാരാളം സഹയാത്രികർ. ഖുത്വുബി, പറവണ്ണ, കാടേരി മുഹമ്മദ് മൗലവി, വൈത്തല അഹമ്മദ് കുട്ടി മുസ്‌ല്യാർ, ഇസ്സുദ്ദീൻ മൗലവി, വി.പി മുഹമ്മദലി ഹാജി തുടങ്ങിയവരെല്ലാം ഉറ്റ സുഹൃത്തുക്കൾ. വാതരോഗം ബാധിച്ച് കിടപ്പിലാകുന്നതിനു തൊട്ടുമുമ്പ് വൈത്തലയോടൊപ്പമാണ് തിരൂരങ്ങാടിയിൽ അവസാനമായി ചുറ്റി നടന്നത്. കെ.എം മൗലവിയുടെ പ്രതിപക്ഷ ചേരിയിൽ നിന്നു കൊണ്ട് അടരാടിയ ആളായിരുന്നു വൈത്തല. ചരിത്രപുരുഷൻ വിടപറഞ്ഞപ്പോൾ വിലാപകാവ്യം എഴുതിയതും വൈത്തല തന്നെ.

സുന്നി വിഭാഗങ്ങളിലെ പ്രസിദ്ധ പണ്ഡിതരായിരുന്ന കെ.മൂസാൻകുട്ടി മൗലവി, കെ.കോയക്കുട്ടി മൗലവി തുടങ്ങിയവരും ഉറ്റചങ്ങാതിമാരായിരുന്നു. ഒരു ദേശീയ മുസ്‌ലിം സഹോദരൻ തിരൂരങ്ങാടിയിലെ നടുവിലെ പള്ളിയിൽ വെച്ച് മൗലവി സാഹിബിനെ പരിഹസിക്കുന്നതും അതു കേട്ട് പുഞ്ചിരിച്ചു നിൽക്കുന്ന മൗലവിയെയും മൂസാൻകുട്ടി മൗലവി കാണാനിടയായി. അതിശക്തമായ ഭാഷയിൽ ദേശീയ നേതാവിനെ മൂസാൻകുട്ടി മൗലവി ശകാരിച്ചു. മേലിൽ ആവർത്തിച്ചുപോകരുതെന്നു താക്കീതും നൽകി. കെ.എം മൗലവി വിടപറഞ്ഞപ്പോൾ കേരള മുസ്‌ലിം നേതാവായിരുന്ന സയ്യിദ് അബ്ദുർറഹ്മാൻ ബാഫഖി തങ്ങൾ പത്രപ്രസ്താവന മുഖേന മയ്യിത്ത് നമസ്കരിക്കാൻ എല്ലാവരോടും അഭ്യർത്ഥിച്ചിരുന്നു" (കെ.



എം മൗലവി ഒരു പാഠപുസ്തകം/പേജ് 18).

ചാലിലകത്തിന് തന്റെ മകളെ മൗലവിക്ക് വിവാഹം ചെയ്തുകൊടുക്കാൻ താൽപര്യമുണ്ടെന്നത് അദ്ദേഹത്തോട് ആദ്യം പറഞ്ഞത് ഖുത്ബി മുസ്‌ലിയാരാണ് എന്നതും മൗലവിയുടെ ശിഷ്യനായ പറവണ്ണ കെ.പി മൊയ്തീൻ കുട്ടി മുസ്‌ലിയാർ പള്ളിയിലേക്ക് കയറിവന്ന ഉസ്താദിനെ കണ്ട് ചാടി എഴുന്നേറ്റ് അത്യധികം ബഹുമാനം പ്രകടിപ്പിച്ചതും വസ്തുതയാണ്. പുരോഹിതന്മാരാൽ മൗലവിക്ക് 'ലഅ്നതുല്ലാഹി' (അല്ലാഹുവിന്റെ ശാപം) കൽപിക്കപ്പെട്ട കാലമായിരുന്നു അത് എന്ന കാര്യം ഓർക്കുക.

കെ.എം മൗലവിയെ അരിശം തീരാതെ ശകാരിക്കുന്ന പുതിയകാല മുസ്‌ലിയാക്കന്മാർ പറയുക; അദ്ദേഹത്തിന് അന്ന് ആശീർവാദമോതിയവരും അദ്ദേഹത്തിന്റെ മരണത്തിൽ ദുഃഖിച്ചവരുമായ അന്നത്തെ സുന്നി പണ്ഡിതന്മാരെ കുറിച്ച് എന്താണ് നിങ്ങളുടെ അഭിപ്രായം? അവർ പുത്തൻവാദിക്ക് പട്ടുവിരിച്ച് കൊടുത്തവരായിരുന്നുവെന്ന് നിങ്ങൾ പറയുമോ? ആ മുസ്‌ലിയാക്കന്മാർക്കും നിങ്ങൾ മതഭ്രഷ്ട് കൽപിക്കുമോ?

### ആക്ഷേപങ്ങളുടെ അങ്ങേയറ്റം

സമസ്തക്കാർ പാങ്ങിലിന്റെ പാതയിലൂടെ പായുന്നവരായതിനാൽ സത്യത്തിനു നേരെ വെറുപ്പിന്റെ കൂരമ്പുകൾ എയ്ത് വിടുക എന്നത് അവർക്ക് പകർന്നുകിട്ടിയ ദുശ്ശീലമാണ്. അത് അവസാനിപ്പിച്ചാൽ പിന്നെ അവർ സമസ്തക്കാരാകില്ലല്ലോ. പണ്ടുതൊട്ടേ തുടങ്ങിയ എതിർപ്പുകളുടെ കാരണവും ലക്ഷ്യവും എന്തായിരുന്നെന്ന് വ്യക്തമാക്കുന്ന, പി.കെ മൂസ മൗലവിയുടെ വാക്കുകൾ കൂടി വായിക്കാം:

"പരമ്പരാഗതമായി ആചരിച്ചു ശീലിച്ചു പോന്ന പ്രവൃത്തികൾ മതദൃഷ്ട്യാ നിലനിൽപ്പുള്ളതല്ലെന്നു വ്യക്തമായപ്പോൾ മർക്കടമുഷ്ടിയില്ലാത്തവർ അവയെ പരിത്യജിക്കുകയും മതപരമായ തെളിവുകളുടെ അടിസ്ഥാനത്തിൽ സ്വീകാര്യമായത് മുറുകെ പിടിക്കുകയും ചെയ്തു. അനാചാരപാലകരായ മറ്റൊരു വിഭാഗം തങ്ങളുടെ സ്വാർഥ താൽപര്യങ്ങൾ പരിരക്ഷിക്കുവാനായി ഈ പരിഷ്കർത്താക്കളെ ജനങ്ങൾക്കിടയിൽ വിലയിടിച്ചു കാണിക്കാനായി, നീചാൽ നീചമായ എല്ലാ പ്രചരണ മാർഗങ്ങളും സ്വീകരിച്ചു. ശുദ്ധഗതിക്കാരായ സാധാരണക്കാരെ ഇളക്കിവിടാനുതകുന്ന കള്ളക്കഥകളും മതഭ്രഷ്ടും അക്കൂട്ടത്തിൽ പെട്ടവയാണ്" (കെ.എം മൗലവി ഒരു പാഠപുസ്തകം/പേജ് 13).

മൗലവിയുടെ പ്രയോഗങ്ങളിലെ ദീർഘവീക്ഷണം നാം കാണാതെ പോകരുത്. 'നീചാൽ നീചമായ' എന്ന വിശേഷണം

അക്ഷരാർഥത്തിൽ പുലർന്നിരിക്കുകയാണിപ്പോൾ. വിദ്വേഷത്തിന്റെ ആൾരൂപങ്ങളായി മാറിയ ചില മുസ്‌ലിയാക്കന്മാർ എഴുതിവിടുന്നതും പ്രസംഗിക്കുന്നതുമായ കാര്യങ്ങൾ ശ്രദ്ധിച്ചാൽ കെ.എം മൗലവി എന്തൊക്കെയോ വലിയ കുഴപ്പങ്ങളാണിവിടെ ഉണ്ടാക്കിയിട്ടുള്ളത് എന്നാണ് തോന്നുക. പഴകിത്തേഞ്ഞ നുണകളെ പൊടിതട്ടിയെടുത്തെഴുതി സംതൃപ്തിയടയാൻ ശ്രമിക്കുകയാണ് അത്തരക്കാർ:

"അദ്ദേഹം സമൂഹത്തിൽ പ്രസരിപ്പിച്ച ആശയദുഷിപ്പുകളും അവാന്തര ചിന്തയും സമുദായത്തെ മാത്രമല്ല സ്വന്തം പിന്മുറക്കാരെയും ശ്ലഥവും ശിഥിലവുമാക്കിയ പശ്ചാത്തലത്തിൽ വിശേഷിച്ചും മൗലവിയെക്കുറിച്ചുള്ള സാമ്പ്രദായിക ആഖ്യാനങ്ങൾക്ക് ഇപ്പോൾ അത്ര ഡിമാന്റില്ലല്ലോ" (സിറാജ്/2024 ജൂൺ 1, ശനി).

"പാരമ്പര്യ ഇസ്‌ലാമിന്റെ പ്രമാണങ്ങൾക്കകത്ത് നിരന്തരം കലാപം സൃഷ്ടിക്കുന്നു. അക്ഷരവായനയുടെ വരണ്ട ഐഡിയോളജി ഇറക്കുമതി ചെയ്യുന്നു. നവോത്ഥാനത്തിന്റെ ചായം പൂശി ഇപ്പോൾ വെളുപ്പിക്കപ്പെടുന്ന വഹാബി ആചാര്യന്റെ തനിനിറം ഇങ്ങനെയൊക്കെയാണ്" (സുപ്രഭാതം/2024 സെപ്റ്റംബർ 2, തിങ്കൾ).

പണ്ട് പാങ്ങിൽ മുസ്‌ലിയാർ ചെയ്ത പണി എന്താണോ അത് ഇന്നുള്ളവരും തിരിച്ചും മറിച്ചും ചെയ്യുകയാണ്. പാങ്ങിൽ ഏത് ആശയത്തെ വളർത്താനാണോ മൗലവിയെ എതിർത്തത് ആ ആദർശത്തിന്റെ കോലം ഇന്നെന്താണ്? രാഷ്ട്രീയ പ്രശ്നം ഉന്നയിച്ചും ആശയം തുറന്ന് പറയാൻ പറ്റാത്ത വിധം ഉൾവലിഞ്ഞും ചിന്നിച്ചിതറിക്കഴിയുന്ന, നിലയില്ലാക്കയത്തിൽ അകപ്പെട്ട അവസ്ഥ!

മൗലവി തന്റെ ഗുരുവര്യന്മാരും സതീർഥ്യരുമായവരെയെല്ലാം കാഫിറാക്കിയെന്നാണിവർ ഇപ്പോഴും എഴുതിവിടുന്നത്: "1935 മെയ് മാസത്തിൽ തന്റെ പത്രാധിപത്യത്തിൽ പുറത്തിറങ്ങിയ അൽമുർശിദ് മാസികയിൽ കെ.എം മൗലവി നൽകിയ ഫത്‌വയിൽ രിഫാഈ ശൈഖേ സഹായിക്കണേ എന്നു പറയുന്നവർ ഇസ്‌ലാം മതത്തിൽ നിന്ന് ഭ്രഷ്ട് സംഭവിച്ച ബഹുദൈവ വിശ്വാസികളായി പോകുമെന്നതിൽ യാതൊരു സംശയവുമില്ലെന്ന് ഉറപ്പിച്ചു പറയുന്നതു കാണാം. തന്റെ ഗുരുവര്യന്മാരും സതീർഥരും സഹപാഠികളും ഉൾക്കൊള്ളുന്ന മഹാഭൂരിപക്ഷത്തെയാണ് ഇവിടെ മൗലവി മതഭ്രഷ്ട് കൽപിച്ചു മാറ്റിനിർത്തുന്നത്"(സുപ്രഭാതം).

ശിർകും കുഫ്റും വേർതിരിച്ച് പഠിപ്പിക്കുക എന്നത് എക്കാലത്തും പണ്ഡിതന്മാർ നിർഹിച്ച കാര്യമാ ണ്. അതാണ് കെ.എം മൗലവിയും നിർവഹിച്ചത്. ഏതെങ്കിലും വ്യക്തികളെ അദ്ദേഹം പ്രത്യേകം നിർണയിച്ച് പറഞ്ഞിട്ടില്ല. മൗലവിയുടെ ശിഷ്യത്വം സ്വീകരിച്ചവരും അദ്ദേഹത്തിന്റെ കഴിവുകളെ തിരിച്ചറിഞ്ഞ് സൗഹൃദത്തിൽ പെരുമാറിയ മുസ്‌ലിയാക്കന്മാരാരും അൽമുർശിദ് കാണാത്തവരല്ല എന്ന വസ്തുത വിമർശകർ തിരിച്ചറിയണം. ഖുർആൻ പരിഭാഷപ്പെടുത്തിയതിന്റെ പേരിലും സിഎം മടവൂരിനെ പടച്ചോനാക്കി അവതരിപ്പിച്ചതിലും പരസ്പരം കാഫിറാക്കലിലും സംഘടന നീറിപ്പുകയുമ്പോൾ ഈ കുറ്റപ്പെടുത്തൽ സമസ്തക്കുതന്നെ തിരിച്ചടിയായിരിക്കുകയാണ്.

> സമൂഹത്തിന്റെ നാനാതുറകളിലും വെളിച്ചമെത്തിക്കണമെന്ന കൊതിയിൽ പ്രാർഥനയും തവക്കുലും അറിവും വിവേകവും ആയുധമാക്കിയാണ് മൗലവി മുന്നോട്ടു ഗമിച്ചത്. അന്ധവിശ്വാസങ്ങളെ തുടച്ചുനീക്കാനായി രചിച്ച 'പ്രാർഥനയും ആരാധനയും,' 'അൽവിലായാത്തു വൽ കറാമാത്ത്' എന്നീ പുസ്തകങ്ങളും മറുപടികളും പുരോഹിത ന്മാർക്കുണ്ടാക്കിയ അസ്വാരസ്യം തെല്ലൊന്നുമല്ല. വരക്കൽ തങ്ങൾ മുതലുള്ള സമസ്തയുടെ നേതാക്കളെ അണികൾ ആണ്ടിനും ഉറൂസിനും ആത്മീയ ചൂഷണത്തിനും വേണ്ടി മാത്രം ഓർക്കുമ്പോൾ നവോത്ഥാനത്തിന്റെ മായാത്ത ജീവിതമായി കെ.എം മൗലവി ജനമനസ്സുകളിൽജീവിക്കുന്നു.

ഒട്ടും 'കലർപ്പില്ലാത്ത കളവ്' എന്ന് വിശേഷിപ്പിക്കാവുന്ന ഇവരുടെ ആരോപണം കാണുക: "1921ലെ മലബാർ കലാപത്തിലേക്ക് മാപ്പിളമാരെ ഇളക്കിവിടാൻ അദ്ദേഹം മുന്നിലുണ്ട്. പക്ഷേ, കലാപം ആളിക്കത്തിയപ്പോൾ അണികളെ ബ്രിട്ടിഷുകാരുടെ തോക്കിൻ തുമ്പിലേക്ക് വലിച്ചെറിഞ്ഞ് അതിൽനിന്ന് ഒളിച്ചോടുകയായിരുന്നു. പിന്നെ പൊങ്ങിയത് ബ്രിട്ടനു നേരിട്ട് ഇടപെടാൻ പരിമിതിയുള്ള നാട്ടുരാജ്യമായ കൊച്ചിയിലേക്ക്"(സുപ്രഭാതം).

ചരിത്ര വസ്തുതയെ മറച്ചുവച്ചുകൊണ്ടാണ് ഈ ദുരാരോപണം. കുറെ വൈകിയാണെങ്കിലും സമസ്ത ക്ക് വേണ്ടപ്പെട്ട സ്വാദിഖലി തങ്ങൾ തന്നെ അതിനുള്ള മറുപടി നൽകിയിട്ടുണ്ട്: "മലബാർ സ്വാതന്ത്ര്യ സമ

രത്തിൽ കെ.പി.കേശവ മേനോൻ, കെ.മാധവൻ നായർ, ഇ.മൊയ്തു മൗലവി എന്നിവരോടൊപ്പം മുൻനിര നേതാവായിരുന്നു. പക്വതയോടെയും സമാധാനചിത്തതയോടെയും സമരം നയിച്ച അദ്ദേഹത്തിനെതിരെ ബ്രിട്ടീഷ് ഭരണകൂടം കള്ളക്കേസുണ്ടാക്കി കുറ്റപത്രം സമർപ്പിച്ചു. തൂക്കിക്കൊല്ലേണ്ട സ്വാതന്ത്ര്യ സമര സേനാനികളുടെ ലിസ്റ്റിൽ വന്ന അദ്ദേഹം കൊടുങ്ങല്ലൂരിൽ അഭയം തേടുകയായിരുന്നു. കെ.എം സീതി സാഹിബിന്റെ കുടുംബമാണ് മുഖ്യമായും അഭയം നൽകിയത്" (കെ.എം മൗലവി ഒരു പാഠപു സ്തകം/പേജ് 3,4).

മൗലവിയോടൊപ്പം കഴിഞ്ഞ ഉമർ മൗലവി(റഹ്) ആ സംഭവത്തെ കുറിച്ച് പറഞ്ഞത് കാണുക: "എന്റെ ബഹുമാന്യ ഗുരുനാഥൻ കെ.എം മൗലവി അറിയപ്പെട്ട ജനപ്രിയ നായകനായിരുന്നു. കലാപം ഒതുക്കാൻ അദ്ദേഹം കഴിവത് പ്രയത്നിച്ചു. പക്ഷേ, വിപരീത ഫലമാണുണ്ടായത്. കലാപത്തിന് നേതൃത്വം നൽകിയവനായി മുദ്രയടിക്കപ്പെട്ടു. വധശിക്ഷയ്ക്ക് വിധിക്കപ്പെട്ടു. അറസ്റ്റ് വാറണ്ട് അദ്ദേഹത്തിനെതിരിൽ വന്നു. മലബാർ പോലിസിന് പിടികൊടുക്കാതെ രക്ഷപ്പെടണമെന്ന് വേണ്ടപ്പെട്ടവരെല്ലാം നിർബന്ധിച്ചതനുസരിച്ച് ബ്രിട്ടീഷ് പട്ടാളവും പോലീസും കടന്നുചെല്ലാൻ ഇടയില്ലാത്ത കൊച്ചി രാജ്യത്തെ കൊടുങ്ങല്ലൂരിനടുത്തുള്ള അഴീക്കോട്ടേക്ക് നാടുകടന്നു. മലബാറും കൊച്ചിയും അന്ന് വ്യത്യസ്ത നാട്ടുരാജ്യങ്ങളായിരുന്നു. 1922 ജനുവരി 14നായിരുന്നു ചരിത്രപ്രധാനമായ ഈ പലായനം" (ഓർമകളുടെ തീരത്ത്/പേജ് 102).

പ്രമാണങ്ങൾ നിർദേശിച്ചതും പ്രവാചകരും അനുചരന്മാരും അത്യാവശ്യഘട്ടങ്ങളിൽ നടത്തിയതുമായ പലായനത്തെയും ഇതേ കണ്ണോടെയാണോ ആരോപകർ കാണുന്നത്?

സമൂഹം ഒന്നടങ്കം ആദരിക്കുന്ന ആ മഹാന്റെ ജീവിതത്തിൽ ചെളി വാരിത്തേക്കാൻ ഇവർ ഉന്നയിക്കാത്ത ആരോപണങ്ങളില്ല. മറ്റൊരു വ്യാജ ആരോപണം കാണുക: "സഊദിയിലെ പെട്രോളിയം കമ്പനികളിൽ ഇന്ത്യയിൽനിന്നുള്ള സലഫികളെ മാത്രം നിയമിക്കണമെന്ന് സഊദി രാജാവിനോട് ആവശ്യപ്പെടുന്ന കെ.എം മൗലവിയുടെ നിലപാട് എത്ര സങ്കുചിതത്വം നിറഞ്ഞതായിരുന്നുവെന്ന് വ്യക്തമാണ്. ചരിത്രകാരനും വഹാബി ആശയക്കാരനുമായ കെ.കെ മുഹമ്മദ് അബ്ദുൽ കരീം എഴുതിയ മുജാഹിദ് ഔദ്യോഗിക പ്രസാധകരായ യുവത പുറത്തിറക്കിയ കെ.എം മൗലവിയുടെ ജീവചരിത്രത്തിൽ ഇത് കാണാം" (സുപ്രഭാതം).

1959ൽ ഹജ്ജ് കർമം നിർവഹിച്ചു മടങ്ങവെ മലിക് സുഊദുബ്നു അബ്ദുൽ അസീസി(റഹ്)ന് എഴുതി സമർപ്പിച്ച മെമ്മോറാണ്ടത്തിലെ പതിമൂന്ന് വിഷയങ്ങളിൽ പന്ത്രാണ്ടമത്തെതാണ് പരാമർശിതകാര്യം. അതിലെ പ്രസക്ത ഭാഗം ഇങ്ങനെയാണ്: "കമ്പനിയിലെ ജോലി യാഗ്രഹിക്കുന്നവരും യോഗ്യരുമായ ധാരാളം സലഫി മുസ്‌ലിംകൾ ഞങ്ങളുടെ നാട്ടിലുണ്ട്. അവരെ പ്രസ്തുത കമ്പനിയിലും മറ്റും തൊഴിലാളികളായി സ്വീകരിക്കുന്നത് ഭരണകൂടത്തിന്നു ശക്തിയും ഇസ്‌ലാമിന്റെയും സദാചാരത്തിന്റെയും പ്രചാരണത്തിനും സഹായകവുമായിരിക്കും" (പേജ് 134).

സുഊദി പോലുള്ള സലഫി ധാരയിലുള്ള ഒരു രാജ്യത്തോട് തികച്ചും സദുദ്ദേശ്യപരമായി മൗലവി ഇങ്ങനെ ആവശ്യപ്പെട്ടതിൽ എന്ത് സങ്കുചിതത്വമാണുള്ളത്? മറ്റുള്ളവർക്ക് ജോലി കൊടുക്കരുതെന്നോ മറ്റോ പറഞ്ഞുവെങ്കിൽ അങ്ങനെ ആരോപിക്കാമായിരുന്നു. ഈച്ചയാകാതിരിക്കുക എന്നേ പറയാനുള്ളൂ.

സമൂഹത്തിന്റെ നാനാതുറകളിലും വെളിച്ചമെത്തിക്കണമെന്ന കൊതിയിൽ പ്രാർഥനയും തവക്കുലും അറിവും വിവേകവും ആയുധമാക്കിയാണ് മൗലവി മുന്നോട്ടുഗമിച്ചത്. അന്ധവിശ്വാസങ്ങളെ തുടച്ചുനീക്കാനായി രചിച്ച 'പ്രാർഥനയും ആരാധനയും,' 'അൽ വിലായാത്തു വൽ കറാമാത്ത്' എന്നീ പുസ്തകങ്ങളും മറുപടികളും പുരോഹിതന്മാർക്കുണ്ടാക്കിയ അസ്വാരസ്യം തെല്ലൊന്നുമല്ല. 2024 സെപ്തംബർ 10ന് 'ചന്ദ്രിക'യിൽ കെ.പി.എ മജീദ് സാഹിബ് എഴുതിയ ലേഖനത്തിലെ ഏതാനും വരികൾ കൂടി വായിക്കാം:

"സലഫി പക്ഷത്തെ അനിഷേധ്യനോതാവാകുമ്പോൾ തന്നെ സമുദായത്തിലെ എല്ലാവരുമായും നല്ല ബന്ധം കാത്തുസൂക്ഷിച്ചു. സയ്യിദ് അബ്ദുറഹ്മാൻ ബാഫഖി തങ്ങൾക്കൊപ്പം മുസ്‌ലിം ലീഗിനെ കെട്ടിപ്പടുക്കാൻ ഓടിനടന്ന അദ്ദേഹം പരസ്പരം ആദരവും സ്നേഹവുംകൊണ്ടാണ് ബന്ധം സുദൃഢമാക്കിയത്. കേരളീയ നവോത്ഥാന ചരിത്രത്തിൽ അയ്യങ്കാളി, ശ്രീനാരായണ ഗുരു, ഡോ പൽപു, കുമാരനാശാൻ, സഹോദരൻ അയ്യപ്പൻ തുടങ്ങിയവരുടെ ശ്രേണിയിൽ മുസ്‌ലിം സമുദായത്തിൽനിന്ന് ചേർത്തു പറയേണ്ട പേരുകളിലൊന്ന് തീർച്ചയായും കെ.എം മൗലവിയുടെതാണ്"(പേജ് 4).

വരക്കൽ തങ്ങൾ മുതലുള്ള സമസ്തയുടെ നേതാക്കളെ അണികൾ ആണ്ടിനും ഉറൂസിനും ആത്മീയ ചൂഷണത്തിനും വേണ്ടി മാത്രം ഓർക്കുമ്പോൾ നവോത്ഥാനത്തിന്റെ മായാത്ത ജീവിതമായി കെ.എം മൗലവി ജനമനസ്സുകളിൽ ജീവിക്കുന്നു. ■

ശമീർ മദീനി
: 9048 221 212



# സ്ത്രീകളുടെ ആത്മാഭിമാനത്തിന് വില കൽപിച്ച മതം

പെൺകുഞ്ഞിന്റെ ജന്മത്തെ പൊതുവിൽ ഒരു ഭാരമായിക്കാണുന്ന സ്ഥിതി മുൻകാലങ്ങളിലുണ്ടായിരുന്നു. തനിക്ക് പിറന്നത് പെൺകുഞ്ഞായിപ്പോയി എന്ന കാരണത്താൽ 'അപമാനം' സഹിക്കവയ്യാതെ ആ പിഞ്ചുകുഞ്ഞിനെ ജീവനോടെ കുഴിച്ചുമൂടിയിരുന്ന ഒരു പഴയകാല സമൂഹമുണ്ടായിരുന്നു. ഗർഭാവസ്ഥയിൽ തന്നെ കുഞ്ഞിന്റെ ലിംഗ നിർണയം നടത്തി 'അബോർഷന്' വിധേയമാക്കുന്ന ആധുനിക സമുഹവും ആ പഴയകാല സമൂഹവും ഒരേ മാനസിക നിലവാരത്തിലാണുള്ളത് എന്നതല്ലേ ശരി?

ഇവിടെയാണ് പെണ്ണായിപ്പിറന്ന ഏതൊരു വ്യക്തിയും മുസ്‌ലിമായിപ്പിറക്കാനും മുസ്‌ലിം സ്ത്രീയായി ജീവിക്കാനും കഴിഞ്ഞതിലെ മഹത്ത്വവും അനുഗ്രഹങ്ങളും തിരിച്ചറിയേണ്ടത്.

**നാം അറിയേണ്ട കാര്യങ്ങൾ**

1. ആണായിപ്പിറക്കുന്നതും പെണ്ണായിപ്പിറക്കുന്നതും നമ്മുടെ ആരുടെയെങ്കിലും ഇഷ്ടമോ സമ്മതമോ അനുസരിച്ചല്ല; സ്രഷ്ടാവായ അല്ലാഹുവിന്റെ തീരുമാനമാണത്.

അല്ലാഹു പറയുന്നു: "അല്ലാഹുവിന്നാകുന്നു ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം. അവൻ ഉദ്ദേശിക്കുന്നത് അവൻ സൃഷ്ടിക്കുന്നു. അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പെൺമക്കളെ പ്രദാനം ചെയ്യുന്നു. അവൻ ഉദ്ദേശിക്കുന്നവർക്ക് ആൺമക്കളെയും പ്രദാനം ചെയ്യുന്നു" (ക്വുർആൻ 42:49).

അതിനാൽ അല്ലാഹുവിന്റെ തീരുമാനമംഗീകരിച്ച് അതിനോട് തികച്ചും ക്രിയാത്മകമായി മാത്രം സമീപിക്കുകയാണ് ഒരു വിശ്വാസി ചെയ്യേണ്ടത്.

2. ആണ് അല്ലെങ്കിൽ പെണ്ണ് എന്നതിലുപരി സ്രഷ്ടാവിന്റെ മാർഗനിർദേശങ്ങൾ അംഗീകരിച്ചും അതിന് കീഴ്പ്പെട്ടും ജീവിക്കാനുള്ള ഒരു മനസ്സ് അഥവാ 'ഹിദായത്ത്' കിട്ടി എന്നതാണ് ഏറ്റവും വലിയ മഹാഭാഗ്യം.

മറ്റുള്ളവർ ജീവിതത്തിന്റെ ഓരോ മേഖലയിലും തന്നിഷ്ടങ്ങളെയും മറ്റുള്ളവരുടെ അഭിപ്രായങ്ങളെയും പിൻപറ്റി ജീവിക്കുമ്പോൾ ഒരു വിശ്വാസി തന്റെ ജീവിതത്തിലാകമാനം സ്രഷ്ടാവിന്റെ മാർഗനിർദേശങ്ങളെയാണ് പിൻപറ്റുന്നത്. ഇത് അതിമഹത്തായ ഒരനുഗ്രഹമാണെന്ന് തിരിച്ചറിയാൻ നമുക്ക് സാധിക്കേണ്ടതുണ്ട്.

ഇരിക്കുന്നതും കിടക്കുന്നതും തിന്നുന്നതും കുടിക്കുന്നതും തുടങ്ങി എല്ലാ മേഖലകളിലും സ്രഷ്ടാവിന്റെ നിർദേശങ്ങൾ പാലിച്ചുകൊണ്ട് ഇടപെടുന്ന സത്യവിശ്വാസിക്ക് ലഭിക്കുന്നത് അവർണനീയമായ ആത്മസംതൃപ്തിയും മനഃസ്സമാധാനവുമാണ്. ശുചിത്വത്തിന്റെ കാര്യത്തിലും മറ്റുള്ളവരോടുള്ള പെരുമാറ്റങ്ങളുടെ കാര്യത്തിലും ഇടപാടുകളിലുമെല്ലാം ദൈവിക മാർഗദർശനമാണ് വിശ്വാസിയെ നയിക്കുന്നത്.

“അപ്പോൾ, മുഖം നിലത്തു കുത്തിക്കൊണ്ട് നടക്കുന്നവനാണോ സൻമാർഗം പ്രാപിക്കുന്നവൻ? അതല്ല നേരെയുള്ള പാതയിലൂടെ ശരിക്ക് നടക്കുന്നവനോ?” (ക്വുർആൻ 67:22).

3. ഇസ്‌ലാം സ്ത്രീത്വത്തെ ആദരിക്കുകയും ന്യായമായ അവകാശങ്ങൾ വകവെച്ചുകൊടുക്കുകയും ചെയ്തിട്ടുള്ളതായി കാണാൻ കഴിയും. പെൺമക്കളെ പോറ്റിവളർത്തുന്നത് നരകമോചനത്തിനും സ്വർഗപ്രവേശനത്തിനും നിമിത്തമാണെന്ന് നബി(സ്വ) അറിയിച്ചിട്ടുണ്ട്. സദ്‌വൃത്തയായ ഒരു സ്ത്രീ ഈ ലോകത്തെ ഏറ്റവും ഉത്തമമായ വിഭവമാണെന്ന നബിവചനം ഇസ്‌ലാം സ്ത്രീക്കു നൽകിയ ആദരവിനെ സൂചിപ്പിക്കുന്നു.




നബി(സ) പറഞ്ഞു: “ഒരാൾ സൂക്ഷിച്ചുവയ്ക്കുന്ന ഏറ്റവും ഉത്തമമായ നിധിയെ കുറിച്ച് ഞാൻ നിങ്ങൾക്ക് പറഞ്ഞുതരട്ടെയോ? സദ്‌വൃത്തയായ സ്ത്രീയാകുന്നു അത്. അയാൾ അവളിലേക്ക് നോക്കിയാൽ അവൾ അവനെ സന്തോഷിപ്പിക്കും. അവൻ അവളോട് വല്ലതും കൽപിച്ചാൽ അവൾ അവനെ അനുസരിക്കും. അയാൾ അവളിൽ നിന്ന് വല്ല സ്ഥലത്തേക്കും പോയാൽ അവന്റെ അഭാവത്തിൽ അവൾ അവന്റെ എല്ലാം കാത്തുസൂക്ഷിക്കും” (അബൂദാവൂദ്). (ശൈഖ് അൽബാനി ഈ ഹദീസ് സ്വഹീഹാണെന്ന അഭിപ്രായത്തോട് വിയോജിപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്).

സദ്‌വൃത്തയായ ഒരു സ്ത്രീയെ ഇണയായിക്കിട്ടൽ മഹാ അനുഗ്രഹമാണെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു. നബി(സ്വ) പറഞ്ഞു: “ആർക്കെങ്കിലും (ഇണയായി) അല്ലാഹു സദ്‌വൃത്തയായ ഒരു സ്ത്രീയെ നൽകിയാൽ അയാളെ അവൻ ദീനിന്റെ പകുതിയിലും സഹായിച്ചു. ഇനിയുള്ള പകുതിയിൽ അയാൾ അല്ലാഹുവിനെ സൂക്ഷിച്ചുകൊള്ളട്ടെ.”

ഒരു സത്യവിശ്വാസിനി മറ്റുള്ള സ്ത്രീകളെക്കാൾ എന്തുകൊണ്ടും അനുഗൃഹീതയും ഭാഗ്യവതിയുമാണ്. പെരുമാറ്റങ്ങളിലും പ്രവർത്തനങ്ങളിലും അവൾ സ്രഷ്ടാവിന്റെ മാർഗനിർദേശങ്ങളാണ് പിൻപറ്റുന്നത് എന്നതിനാൽ അവർക്കത് എല്ലാ അർഥത്തിലും ഗുണവും സുരക്ഷിതത്വവുമാണ്. ശുദ്ധിയുമായി ബന്ധപ്പെട്ട കാര്യങ്ങളിലും വസ്ത്രധാരണത്തിന്റെ കാര്യങ്ങളിലുമൊക്കെ അവർക്ക് കൃത്യമായ മാർഗ നിർദേശങ്ങൾ നൽകപ്പെട്ടിട്ടുണ്ട്. അവയെല്ലാം അവൾക്ക് ഈ ലോകത്തും പരലോകത്തും ഗുണം മാത്രമാണ് സമ്മാനിക്കുക.

സ്വാതന്ത്ര്യത്തിന്റെ പേരുപറഞ്ഞ് എല്ലാ മാർഗനിർദേശങ്ങളെയും വലിച്ചെറിഞ്ഞ് 'സർവതന്ത്ര സ്വതന്ത്ര'യായി ജീവിച്ച പലരും അതിന്റെ കെടുതികൾ തിരിച്ചറിഞ്ഞ് ഇസ്‌ലാം പറഞ്ഞ സംരക്ഷണമാണ് ഞങ്ങൾക്കു വേണ്ടത് എന്ന് ഉറക്കെപ്പറഞ്ഞ ഒട്ടേറെ സംഭവങ്ങൾ പാശ്ചാത്യൻ സമൂഹത്തിൽ ഉണ്ടായിട്ടുണ്ട്. നഈമ റോബർട്ട് എന്ന സഹോദരി വ്യക്തമായി ലോകത്തോട് അതു തുറന്നു പറഞ്ഞുകൊണ്ടെഴുതിയ 'സോദരിമാരുടെ ചുണ്ടുകളിൽ നിന്ന്' എന്ന കൃതി അതിന്റെ ഏറ്റവും വലിയ സാക്ഷ്യമാണ്.

“ഇവർ ഭൂമിയിലൂടെ സഞ്ചരിക്കുന്നില്ലേ? എങ്കിൽ ചിന്തിച്ച് മനസ്സിലാക്കാനുതകുന്ന ഹൃദയങ്ങളോ, കേട്ടറിയാനുതകുന്ന കാതുകളോ അവർക്കുണ്ടാകുമായിരുന്നു. തീർച്ചയായും കണ്ണുകളെയല്ല അന്ധത ബാധിക്കുന്നത്. പക്ഷേ, നെഞ്ചുകളിലുള്ള ഹൃദയങ്ങളെയാണ് അന്ധത ബാധിക്കുന്നത്” (ക്വുർആൻ 22:46).

വിവ. അബ്ദുൽ ജബ്ബാർ മദീനി



# സംഘടിത നമസ്കാരം 02

വല്ലവനും മുഅദ്ദിൻ ബാങ്കു വിളിക്കുന്നതു കേൾക്കുകയും അതിനെ തുടർന്നു (പള്ളിയിൽ പോകാതെ അവൻ നമസ്കരിക്കുകയും) അതിന് ഒരു ഒഴിവുകഴിവ് അവനു തടസ്സമാവാതിരിക്കുകയുമായാൽ അവൻ നമസ്കരിച്ച നമസ്കാരം അവനിൽനിന്ന് സ്വീകരിക്കപ്പെടുകയില്ല." അവർ ചോദിച്ചു: "എന്താണ് ഒഴിവുകഴിവ്?" തിരുമേനി(സ്വ) പറഞ്ഞു: "ഭയം അല്ലെങ്കിൽ രോഗം." സ്വന്തത്തിലും സമ്പത്തിലും കുടുംബത്തിലും മക്കളിലും ഭയമുള്ളവരെല്ലാം ഇതുപോലെയാണ്. അവനു ജമാഅത്ത് ഉപേക്ഷിക്കുവാൻ ഒഴിവുകഴിവുണ്ട്; കാരണം ഭയം ഒഴിവുകഴിവാണ്.

**ജമാഅത്തു ലഭിക്കുവാൻ**

"നമസ്കാരത്തിൽനിന്ന് ഒരു റക്അത്തു ലഭിച്ചാൽ ജമാഅത്തു ലഭിക്കുന്നതാണ്. സംശയമില്ലാത്ത വിധം ഒരാൾക്ക് റുകൂഅ് ലഭിച്ചാൽ അവന്നു റക്അത്തു ലഭിച്ചു. അവൻ സമാധാനപ്പെടുകയും നമസ്കാരം തുടർത്തുകയും ചെയ്യട്ടെ."

അബൂഹുറയ്റ(റ)യിൽനിന്നുള്ള ഹദീസിൽ ഇപ്രകാരമുണ്ട്: "ഞങ്ങൾ സുജൂദിലായിരിക്കെ നിങ്ങൾ നമസ്കാരത്തിലേക്കു വന്നാൽ ഉടൻ നിങ്ങൾ സുജൂദ് ചെയ്യുക. നിങ്ങൾ അത് ഒരു റക്അത്തായി എണ്ണരുത്. വല്ലവനും ഒരു റക്അത്തു ലഭിച്ചാൽ അവനു നമസ്കാരം ലഭിച്ചു."

**ജമാഅത്ത് ഉപേക്ഷിക്കുന്നതിന് ഒഴിവുകഴിവുള്ളവർ**

ഒരു മുസ്‌ലിമിനു താഴെ കൊടുക്കുന്ന അവസ്ഥകളിൽ ജമാഅത്ത് ഉപേക്ഷിക്കുവാൻ ഇളവുണ്ട്:

1. ജമാഅത്തിനു പള്ളിയിലേക്കു പോയാൽ നന്നായി പ്രയാസപ്പെടേണ്ടിവരുന്ന രോഗി. അല്ലാഹു പറഞ്ഞു: "അന്ധന്റെ മേൽ കുറ്റമില്ല. മുടന്തന്റെ മേലും കുറ്റമില്ല. രോഗിയുടെ മേലും കുറ്റമില്ല..." (ക്വുർആൻ 48: 17)

തിരുനബി(സ്വ) രോഗിയായപ്പോൾ പള്ളിയിൽ നമസ്‌കരിക്കുന്നതിൽനിന്ന് പിന്തുകയുണ്ടായി. തിരുമേനി പറഞ്ഞു: "ജനങ്ങൾക്ക് (ഇമാമായി) നമസ്‌കരിക്കുവാൻ അബൂബക്‌റിനോടു കൽപിക്കൂ."

അബ്ദുല്ലാഹ് ഇബ്‌നു മസ്ഊദ്(റ) പറഞ്ഞു: "തീർച്ചയായും കാപട്യം അറിയപ്പെട്ട മുനാഫിക്വോ അല്ലെങ്കിൽ രോഗിയോ അല്ലാതെ ജമാഅത്തു നമസ്‌കാരത്തിൽനിന്ന് പിന്തുമായിരുന്നില്ല എന്നതായിരുന്നു ഞങ്ങളുടെ അഭിപ്രായം." ഇതുപോലെയാണ് രോഗം വരുമെന്നു ഭയക്കുന്നവനും; കാരണം അവനും രോഗിയുടെ ആശയത്തിലാണ്.

2. മൂത്രവിസർജനത്തിനോ മലവിസർജ്ജനത്തിനോ മുട്ടുള്ളവനും ഭക്ഷണത്തിന് ആവശ്യക്കാരനായിരിക്കെ, അതിനു സമീപത്ത് ഉള്ളവനും. ആഇശ(റ) യിൽനിന്നുള്ള ഹദീസിൽ ഇപ്രകാരമുണ്ട്: "ഭക്ഷണം ഹാജറായിരിക്കെയും മലമൂത്ര വിസർജനത്തിനു മുട്ടുള്ളവനായിരിക്കെയും നമസ്‌കാരമില്ല."

3. ഒരാൾ തനിക്കു നഷ്ടപ്പെട്ടത് (ലഭിക്കുവാൻ) കാത്തിരിക്കുന്നു. അല്ലെങ്കിൽ തന്റെ സമ്പത്തോ ഭക്ഷണമോ നഷ്ടപ്പെടുമെന്ന് ഭയക്കുന്നു. അതുമല്ലെങ്കിൽ തന്നിൽ ഒരു ഉപദ്രവത്തെ ഭയക്കുന്നു.

ഇബ്‌നുഅബ്ബാസി(റ)ൽനിന്ന് ഇപ്രകാരം നിവേദനമുണ്ട്: "വല്ലവനും മുഅദ്ദിൻ ബാങ്കുവിളിക്കുന്നതു കേൾക്കുകയും അതിനെ തുടർന്നു (പള്ളിയിൽപോകാതെ അവൻ നമസ്‌കരിക്കുകയും) അതിന് ഒരു ഒഴിവുകഴിവ് അവനു തടസ്സമാവാതിരിക്കുകയുമായാൽ അവൻ നമസ്‌കരിച്ച നമസ്‌കാരം അവനിൽനിന്ന് സ്വീകരിക്കപ്പെടുകയില്ല." അവർ ചോദിച്ചു: "എന്താണ് ഒഴിവുകഴിവ്?" തിരുമേനി(സ്വ) പറഞ്ഞു: "ഭയം അല്ലെങ്കിൽ രോഗം." സ്വന്തത്തിലും സമ്പത്തിലും കുടുംബത്തിലും മക്കളിലും ഭയമുള്ളവരെല്ലാം ഇതുപോലെയാണ്. അവനു ജമാഅത്ത് ഉപേക്ഷിക്കുവാൻ ഒഴിവുകഴിവുണ്ട്; കാരണം ഭയം ഒഴിവുകഴിവാണ്.

4. മഴ, ചെളി, ഐസ്, മഞ്ഞുകട്ട എന്നിവ കാരണത്താലുള്ള ഉപദ്രവമുണ്ടാകൽ അല്ലെങ്കിൽ ഇരുട്ടുള്ള രാത്രിയിൽ ശക്തമായ ശീതക്കാറ്റുണ്ടാവൽ.

ഇബ്‌നുഉമറി(റ)ൽ നിന്നു നിവേദനം: "മഴയുള്ള തണുത്ത രാത്രിയായാൽ തിരുമേനി മുഅദ്ദിനിനോട് (ബാങ്കുവിളിക്കുശേഷം) ഇപ്രകാരം പറയുവാൻ കൽപിക്കും: "നിങ്ങൾ താമസസ്ഥലത്ത് നമസ്‌കരിക്കുക."

5. ഇമാം നമസ്‌കാരം ദീർഘിപ്പിക്കുന്നതിൽ പ്രയാസമുണ്ടാകൽ. കാരണം ഒരു വ്യക്തി മുആദിനോ ടൊപ്പം നമസ്‌കരിച്ചു. മുആദ് നമസ്‌കാരം ദീർഘിപ്പിച്ചപ്പോൾ അയാൾ മാറിനിന്ന് തനിച്ചു നമസ്‌കരിച്ചു. വിവരം തിരുനബിയെ ഉണർത്തിയപ്പോൾ തിരുമേനി അയാളെ എതിർക്കുകയുണ്ടായില്ല.

6. യാത്രയിൽ കൂട്ടുകാർ നഷ്ടപ്പെടുമെന്നു ഭയക്കൽ. ജമാഅത്ത് കാത്തിരിക്കുകയോ അല്ലെങ്കിൽ അതിൽ പ്രവേശിക്കുകയോ ചെയ്താൽ തന്റെ കൂട്ടുകാർ നഷ്ടപ്പെടുമെന്നോ അപ്രത്യക്ഷനാകുമെന്നോ ഉള്ള ഭയത്താൽ മനസ്സ് വ്യാപൃതമാകുന്നതിനാലാണ് അത്.

7. താൻ ഹാജറില്ലാതിരിക്കെ തന്റെ ബന്ധു മരണപ്പെടുമെന്നു ഭയക്കൽ. ബന്ധു മരണാസന്നനാവുകയും കലിമത്തുശ്ശഹാദ ചൊല്ലിക്കൊടുക്കുവാനും മറ്റും താൻ അടുത്തുണ്ടാകുവാൻ ഇഷ്ടപ്പെടുന്നതുപോലെ. അതു കാരണത്താൽ ജമാഅത്ത് ഉപേക്ഷിക്കുവാൻ ഒഴിവുകഴിവുണ്ട്.

8. കടം വാങ്ങിയവനു കടം വീട്ടുവാൻ കഴിവില്ലാതിരിക്കെ കടക്കാരൻ വിടാതെ കൂടിയാൽ. കടക്കാരൻ കടം തിരിച്ചു ചോദിക്കുന്നതിനാലും വിടാതെ ഒപ്പം

കൂടുന്നതിനാലും ഉപദ്രവമേൽക്കു മെന്നതിനാൽ കടം വാങ്ങിയവനു ജമാഅത്ത് ഉപേക്ഷിക്കാവുന്നതാണ്.

### ഒരു പള്ളിയിൽ ജമാഅത്ത് ആവർത്തിക്കൽ

റാതിബായ ഇമാമിനോടൊപ്പം (നമസ്കാര നേതൃത്വത്തിനു നിയമിതനായ ഇമാം) പള്ളിയിലെ ജമാഅത്തിൽ സംബന്ധിക്കുന്നതിൽനിന്ന് ചിലർ പിന്തുകയും അവർക്ക് നമസ്കാരം നഷ്ടപ്പെടുകയുമായാൽ അതേ പള്ളിയിൽ രണ്ടാമത് ജമാഅത്തായി അവർ നമസ്കരി ക്കൽ സ്വഹീഹാകും. ഈ തിരുമൊഴി അറിയിക്കുന്ന പൊതുതാൽപര്യം അതാണ്:

“ഒരു വ്യക്തി മറ്റൊരു വ്യക്തിയോടൊന്നിച്ചു നമസ്കരിക്കലാണ് അയാൾ തനിച്ചു നമസ്കരിക്കുന്നതിനെക്കൾ ഉത്തമമായത്...”

ജമാഅത്തായുള്ള നമസ്കാരം അവസാനിച്ചശേഷം പള്ളിയിലേക്കു വന്ന വ്യക്തിക്കുവേണ്ടി തിരുനബി(സ്വ) പറഞ്ഞു: “ആരാണ് ഇയാൾക്കു പുണ്യം ചെയ്തു നമസ്കരിക്കുക?” ആളുകളിൽ ഒരു വ്യക്തി എഴുന്നേൽക്കുകയും അയാളോടൊപ്പം നമസ്കരിക്കുകയും ചെയ്തു.

അങ്ങാടിയിലുള്ള പള്ളി, വഴിയിലുള്ള പള്ളി പോലുള്ളതിലും ഇതുപോലെയാണ്. അവയിൽ ജമാഅത്ത് വീണ്ടും സംഘടിപ്പിക്കപ്പെടുന്നതിൽ കുഴപ്പമില്ല; വിശിഷ്യാ നിയമിതനായ ഇമാമ് ഇല്ലാതിരിക്കുകയും അങ്ങാടിയിലുള്ള വരും വഴി നടത്തക്കാരും കയറിയിറങ്ങിക്കൊ ണ്ടിരിക്കുകയും ചെയ്യുന്ന പള്ളിയാണെങ്കിൽ.

എന്നാൽ നിത്യവും തുടർച്ചയുമായി രണ്ടോ അതിൽ കൂടുതലോ ജമാഅത്തു നിർവഹിക്കപ്പെടുന്ന പള്ളിയാവുകയും ജനങ്ങൾ അതൊരു സമ്പ്രദായമാക്കുകയുമായാൽ ഒന്നിലധികം ജമാഅത്ത് അനുവദ നീയമല്ല. തിരുനബിയുടെയും സ്വഹാബത്തിന്റെയും കാലത്ത് അപ്രകാരം അറിയപ്പെടാത്തതിനാലും മുസ്‌ലിം ഐക്യം ശിഥിലമാകുമെന്നതിനാലും നിയമിതനായ ഇമാമിനോടൊപ്പം മാതൃകാ ജമാഅത്തിൽ സംബന്ധിക്കുന്നതിനെ തൊട്ട് അലസതയിലേക്കും അവധാനതയിലേക്കുമുള്ള ക്ഷണമാണത് എന്നതിനാലുമാണ് അത് അനുവദനീയമല്ലാതാകുന്നത്. ചിലപ്പോൾ നമസ്കാരം അതിന്റെ ആദ്യ സമയത്തെ തൊട്ട് പിന്തിപ്പിക്കുവാൻ അതു പ്രചോദനവുമാവുകയും ചെയ്തേക്കും.

### ഇഖാമത്ത് വിളിക്കപ്പെട്ടാൽ

മുഅദ്ദിൻ ഫർദ് നമസ്കാരത്തിന് ഇഖാമത്തു വിളിച്ചാൽ സുന്നത്തു നമസ്കാരം തുടങ്ങൽ ഒരാൾക്കും അനുവദനീയമല്ല. കാരണം ഒരു സംഘം നിർവഹിക്കുന്ന നിർബന്ധനമസ്കാരത്തെ തൊട്ട് ഒറ്റക്കു നിർവഹിക്കുന്ന സുന്നത്തു നമസ്കാരത്താൽ അയാൾ വ്യാപൃതനാകുന്നു. തിരുനബി(സ്വ) പറഞ്ഞു: “നമസ്കാരത്തിന് ഇഖാമത്ത് വിളിക്കപ്പെട്ടാൽ (ഇഖാമത്തു വിളിക്കപ്പെട്ട ആ) നിർബന്ധ നമസ്കാരരമല്ലാതെ യാതൊരു നമസ്കാരവുമില്ല.”

സ്വുബ്ഹി നമസ്കാരത്തിനു മുഅദ്ദിൻ ഇഖാമത്തു വിളിക്കവെ നമസ്കരിച്ചുകൊണ്ടിരുന്ന ഒരു വ്യക്തിയെ അല്ലാഹുവിന്റെ റസൂൽ(സ്വ) കണ്ടു. അപ്പോൾ തിരുമേനി അദ്ദേഹത്തോട് പറഞ്ഞു: “നീ സ്വുബ്ഹി നാലു റക്അത്ത് നമസ്കരിക്കുകയോ?”

എന്നാൽ സുന്നത്തു നമസ്കരിക്കുന്നവൻ തന്റെ നമസ്കാരം തുടങ്ങിയതിൽ പിന്നെയാണ് മുഅദ്ദിൻ ഇഖാമത്തുവിളി തുടങ്ങിയതെങ്കിൽ തക്ബീറത്തുൽ ഇഹ്റാമിന്റെ മഹത്ത്വം ലഭിക്കുവാനും ഫർദ് നമസ്കാരത്തിൽ പെട്ടെന്നു പ്രവേശിക്കുവാനും അയാൾ അതു ലഘൂകരിച്ച് പൂർത്തിയാക്കട്ടെ.

അയാൾ ഒന്നാമത്തെ റക്അത്തിലാ ണെങ്കിൽ നമസ്കാരം മുറിക്കലും രണ്ടാമത്തെ റക്അത്തിലാണെങ്കിൽ ലഘുവായി അതു പൂർത്തയാക്കി ജമാഅത്തിനോടു ചേരലുമാണ് അയാൾക്ക് ഏറ്റവും ശ്രേഷ്ഠമായത്.

*(ഒരു സംഘം പണ്ഡിതന്മാർ രചിച്ച ‘അൽഫിഖ്ഹുൽ മുയസ്സർ ഫീ ദൗഇൽ കിതാബി വസ്സുന്ന’ എന്ന ഗ്രന്ഥത്തിൽനിന്നുമെടുത്തത്)*

# സൂറതുസ്സബഅ്

(മക്കയിൽ അവതരിച്ചത്)

അധ്യായം 34

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

قُلِ ادْعُوا الَّذِينَ زَعَمْتُم مِّن دُونِ اللَّهِ ۖ لَا يَمْلِكُونَ مِثْقَالَ ذَرَّةٍ فِي السَّمَاوَاتِ وَلَا فِي الْأَرْضِ وَمَا لَهُمْ فِيهِمَا مِن شِرْكٍ وَمَا لَهُ مِنْهُم مِّن ظَهِيرٍ ﴿٢٢﴾

وَلَا تَنفَعُ الشَّفَاعَةُ عِندَهُ إِلَّا لِمَنْ أَذِنَ لَهُ ۚ حَتَّىٰ إِذَا فُزِّعَ عَن قُلُوبِهِمْ قَالُوا مَاذَا قَالَ رَبُّكُمْ ۖ قَالُوا الْحَقَّ ۖ وَهُوَ الْعَلِيُّ الْكَبِيرُ ﴿٢٣﴾

۞ قُلْ مَن يَرْزُقُكُم مِّنَ السَّمَاوَاتِ وَالْأَرْضِ ۖ قُلِ اللَّهُ ۖ وَإِنَّا أَوْ إِيَّاكُمْ لَعَلَىٰ هُدًى أَوْ فِي ضَلَالٍ مُّبِينٍ ﴿٢٤﴾

22. പറയുക: അല്ലാഹുവിന് പുറമെ നിങ്ങൾ ജൽപിച്ചുകൊണ്ടിരിക്കുന്നവരോടെല്ലാം നിങ്ങൾ പ്രാർഥിച്ച് നോക്കുക. ആകാശത്തിലാകട്ടെ ഭൂമിയിലാകട്ടെ ഒരു അണുവിന്റെ തൂക്കം പോലും അവർ ഉടമപ്പെടുത്തുന്നില്ല. അവ രണ്ടിലും അവർക്ക് യാതൊരു പങ്കുമില്ല. അവരുടെ കൂട്ടത്തിൽ അവന്ന് സഹായിയായി ആരുമില്ല.

23. ആർക്കുവേണ്ടി അവൻ അനുമതി നൽകിയോ അവർക്കല്ലാതെ അവന്റെ അടുക്കൽ ശുപാർശ പ്രയോജനപ്പെടുകയുമില്ല. അങ്ങനെ അവരുടെ ഹൃദയങ്ങളിൽ നിന്ന് പരിഭ്രമം നീങ്ങിക്കഴിയുമ്പോൾ അവർ ചോദിക്കും; നിങ്ങളുടെ രക്ഷിതാവ് എന്താണു പറഞ്ഞതെന്ന്. അവർ മറുപടി പറയും: സത്യമാണ് (അവൻ പറഞ്ഞത്). അവൻ ഉന്നതനും മഹാനുമാകുന്നു.

24. ചോദിക്കുക: ആകാശങ്ങളിൽനിന്നും ഭൂമിയിൽനിന്നും നിങ്ങൾക്ക് ഉപജീവനം നൽകുന്നവൻ ആരാകുന്നു? നീ പറയുക: അല്ലാഹുവാകുന്നു. തീർച്ചയായും ഒന്നുകിൽ ഞങ്ങൾ അല്ലെങ്കിൽ നിങ്ങൾ സൻമാർഗത്തിലാകുന്നു. അല്ലെങ്കിൽ വ്യക്തമായ ദുർമാർഗത്തിൽ.

(22-23). (പറയുക പ്രവാചകരേ) ഉപകാരമോ ഉപദ്രവമോ ചെയ്യാൻ കഴിയാത്ത സൃഷ്ടികളെ അല്ലാഹുവിൽ പങ്കുചേർക്കുന്നവരോട് അവയുടെ നിസ്സഹായതയും അവയെ ആരാധിക്കുന്നതിലെ നിരർഥകതയും ബോധ്യപ്പെടുത്തിക്കൊണ്ട് പറയുക. (അല്ലാഹുവിന് പുറമെ നിങ്ങൾ ജൽപിച്ചുകൊണ്ടിരിക്കുന്നവരോടെല്ലാം നിങ്ങൾ പ്രാർഥിച്ചുനോക്കൂ) അല്ലാഹുവിന് പുറമെ നിങ്ങൾ ആരാധ്യരെന്ന് അവകാശപ്പെടുന്നവരെ. അതായത് അല്ലാഹുവിന്റെ പങ്കാളികളെന്ന് നിങ്ങൾ വാദിക്കുന്നവരെ വിളിക്കുക. അവരെ വിളിച്ചാൽ എന്തെങ്കിലും പ്രയോജനം ലഭിക്കുമെന്ന് നോക്കുക. കാരണം അവർ എല്ലാ കാര്യത്തിലും നിസ്സഹായരും നിങ്ങളുടെ പ്രാർഥനക്ക് ഉത്തരം നൽകാൻ കഴിയാത്തവരുമാണ്. (ആകാശങ്ങളിലാവട്ടെ, ഭൂമിയിലാകട്ടെ ഒരു അണുവിന്റെ തൂക്കം പോലും അവർ ഉടമപ്പെടുത്തുന്നില്ല) സ്വതന്ത്രമായ നിലയ്ക്കോ അല്ലാഹുവുമായി പങ്കുചേർന്നോ യാതൊന്നും അവർ ഉടമപ്പെടുത്തുന്നില്ല. അതുകൊണ്ട് തന്നെ (അവർക്കില്ല) അവർ വാദിക്കുന്ന ആ ദൈവങ്ങൾക്ക്. (അവ രണ്ടിലും) ആകാശത്തിലും ഭൂമിയിലും. (യാതൊരു പങ്കുമില്ല) വലുതോ ചെറുതോ ആയ ഒരു പങ്കും അവർക്കില്ല. അധികാരമോ അധികാരത്തിൽനിന്നുള്ള ചെറിയ വിഹിതമോ അവർക്കില്ല.

എന്നിരുന്നാലും അവർക്ക് പരമാധികാരിയുടെ സഹായികളോ ഉപദേശകന്മാരോ ആകാമെന്ന് മറ്റൊരു വാദമുണ്ട്. അതിനാൽ അവരെ വിളിക്കുന്നത് പ്രയോജനകരമാണെന്ന് അവർ കരുതുന്നു. കാരണം, പരമാധികാരിക്ക് അവരുടെ സഹായം ആവശ്യമുള്ളതിനാൽ അവരുമായി ബന്ധമുള്ളവരുടെ ആവശ്യങ്ങൾ നിറവേറ്റാൻ അവർക്ക് കഴിയുമെന്നാണ് വാദം.

എന്നാൽ അവർ സഹായികളോ ഉപദേശകരോ ആണെന്ന ഈ ആശയം അല്ലാഹു നിരാകരിക്കുന്നു. അല്ലാഹു പറയുന്നു: (അവനില്ല) കീഴടക്കുന്നവനും ഏകനുമായ അല്ലാഹുവിനില്ല. (അവരുടെ കൂട്ടത്തിൽനിന്ന്) ഈ ആരാധ്യരിൽനിന്ന്. (സഹായിയായി) അവർക്കാർക്കും പ്രപഞ്ചത്തിന്റെ കാര്യങ്ങളെ ഭരിക്കുന്നതിലും

നിയന്ത്രിക്കുന്നതിലും അവനെ സഹായിക്കാനോ പിന്തുണക്കാനോ ഉപദേശിക്കാനോ ആവില്ല. അതിനാൽ ശുപാർശ എന്നൊരാശയമൊഴികെ മറ്റൊന്നും ഇനി അവശേഷിക്കുന്നില്ല.

എന്നാൽ അതിനെയും അല്ലാഹു നിഷേധിക്കുന്നു. (ആർക്കുവേണ്ടി അവൻ അനുമതി നൽകിയോ അവർക്കല്ലാതെ അവന്റെ അടുക്കൽ ശിപാർശ പ്രയോജനപ്പെടുകയില്ല) മനുഷ്യർ, മരങ്ങൾ, കല്ലുകൾ പോലുള്ളവയെ ദൈവത്തിൽ പങ്കാളികളാക്കിവെച്ച ബഹുദൈവാരാധകർ പറയുന്ന കാരണങ്ങളിൽ ഒന്നാണ് ശുപാർശക്കുവേണ്ടിയാണെന്നത്. ശിർക്കിന്റെ വേരറുക്കുന്ന നിലയ്ക്കുതന്നെ അല്ലാഹു ഈ വാദത്തെ ഖണ്ഡിക്കുകയാണിവിടെ. ഉപകാരം പ്രതീക്ഷിച്ചുകൊണ്ട് ബഹുദൈവാരാധനകർ അല്ലാഹു അല്ലാത്തവരെ ആരാധിക്കുന്നു. ഈ പ്രതീക്ഷയാണ് അവനിൽ ശിർക്കുണ്ടാക്കുന്നത്. അല്ലാഹു അല്ലാത്തവരെ അവർ വിളിച്ചു പ്രാർഥിക്കുന്നുവെങ്കിൽ; അവനല്ലാതെ ഉപകാരത്തെയും ഉപദ്രവത്തെയും ഉടമപ്പെടുത്തുന്ന മറ്റാരുമില്ല. ആ അല്ലാഹുവിനാകട്ടെ, സഹായികളും ഇല്ല. അവന്റെ സമ്മതം കൂടാതെ അവനോട് ശുപാർശ ചെയ്യാൻ ആർക്ക് കഴിയും? ഈ പ്രാർഥനയും ആരാധനയുമെല്ലാം മതപരമായും ബുദ്ധിപരമായും നിരർഥകം തന്നെ. സത്യത്തിൽ അല്ലാഹുവോട് പങ്കുചേർക്കുന്നവർക്ക് അവർ തേടുന്നതിന്റെ വിപരീതഫലം ലഭിക്കും. കാരണം, അവർ തേടുന്നത് പ്രയോജനത്തിനാണ്. അത് നിരർഥകമാണെന്ന് അല്ലാഹു പറയുന്നു. മറ്റു ചില വചനങ്ങളിൽ ബഹുദൈവാരാധകർക്ക് വരുന്ന ബുദ്ധിമുട്ടുകളും അല്ലാഹു പറയുന്നുണ്ട്.

ثُمَّ يَوۡمَ ٱلۡقِيَٰمَةِ يَكۡفُرُ بَعۡضُكُم بِبَعۡضٖ وَيَلۡعَنُ بَعۡضُكُم بَعۡضٗا وَمَأۡوَىٰكُمُ ٱلنَّارُ

"പിന്നെ അന്ത്യനാളിൽ ചിലർ ചിലരെ നിഷേധിക്കുകയും ചിലർ ചിലരെ ശപിക്കുകയും ചെയ്യുന്നതാണ്. നിങ്ങളുടെ സങ്കേതം നരകമായിരിക്കുകയും ചെയ്യും'' (29:25).

وَإِذَا حُشِرَ ٱلنَّاسُ كَانُواْ لَهُمۡ أَعۡدَآءٗ وَكَانُواْ بِعِبَادَتِهِمۡ كَٰفِرِينَ ٦

"മനുഷ്യരെല്ലാം ഒരുമിച്ചുകൂട്ടപ്പെടുന്ന സന്ദർഭത്തിൽ അവർ ഇവരുടെ ശത്രുക്കളായിരിക്കുകയും ചെയ്യും. ഇവർ അവരെ ആരാധിച്ചിരുന്നതിനെ അവർ നിഷേധിക്കുന്നവരായി തീരുകയും ചെയ്യും'' (46:6).

സത്യത്തിൽ വിചിത്രമായ കാര്യം എന്തെന്നാൽ ബഹുദൈവാരാധകർ പ്രവാചകന്മാർ മനുഷ്യരാണെന്ന കാരണത്താലാണ് അവരെ അംഗീകരിക്കാൻ കഴിയാതെ അഹങ്കരിച്ചത്. എന്നാൽ, അവർ മരങ്ങളെയും കല്ലുകളെയും ആരാധിക്കുന്നതിൽ തൃപ്തിപ്പെടുകയും ചെയ്തു. എന്നാൽ പരമാധികാരിയും പരമകാരുണികനുമായ അല്ലാഹുവിനോട് ആത്മാർഥത പുലർത്താൻ അവർ അഹങ്കരിച്ചു. എന്നിട്ട് തന്റെ കടുത്ത ശത്രുവായ പിശാചിനെ അനുസരിക്കാനും തനിക്ക് ഉപകാരത്തെക്കാൾ ഉപദ്രവം വരുത്താൻ സാധ്യതയുള്ളതിനെ ആരാധിക്കാനും സന്നദ്ധനാകുന്നു!

(അങ്ങനെ അവരുടെ ഹൃദയങ്ങളിൽ നിന്ന് പരിഭ്രമം നീങ്ങിക്കഴിയുമ്പോൾ അവർ ചോദിക്കും; നിങ്ങളുടെ രക്ഷിതാവ് എന്താണ് പറഞ്ഞതെന്ന്. അവർ മറുപടി പറയും: സത്യമാണ്. അവൻ ഉന്നതനും മഹാനുമാകുന്നു) ഇവിടെ 'അവർ' എന്നു പറഞ്ഞത് ബഹുദൈവവിശ്വാസികളെ കുറിച്ചാണ്. കാരണം, ആ പദത്തിൽ പരാമർശിച്ചത് അവരെയാണ്. ഭാഷാനിയമത്തിലും അതിനാണ് സാധ്യത. അപ്പോൾ അർഥം: ഉയിർത്തെഴുന്നേൽപ് നാളിൽ ബഹുദൈവവിശ്വാസികൾക്ക് ബോധം വരികയും അശ്രദ്ധയിൽ നിന്ന് ഉണരുകയും ചെയ്യുമ്പോൾ അവർ ഇഹലോകത്ത് എങ്ങനെയായിരുന്നുവെന്നും ദൂതന്മാർ കൊണ്ടുവന്ന സത്യത്തെ തള്ളിക്കളഞ്ഞതിനെക്കുറിച്ചും ചോദിക്കപ്പെടുകയും ചെയ്യുമ്പോൾ, അവർ നിലകൊണ്ട ശിർക്കും അവിശ്വാസവുമെല്ലാം തെറ്റാണെന്ന് അവർ അംഗീകരിക്കും. അല്ലാഹുവും അവന്റെ ദൂതന്മാരും പറഞ്ഞതാണ് ശരിയെന്ന് അവർ സ്ഥിരീകരിക്കും. നേരത്തെ മറച്ചുവെച്ചതെല്ലാം അവർക്ക് വ്യക്തമാകും. അല്ലാഹുവിന്റെതാണ് സത്യം എന്ന് അറിയും. അവരുടെ തെറ്റുകൾ സമ്മതിക്കുകയും ചെയ്യും. (അവൻ ഉന്നതനും) അവന്റെ ദാത്ത് (സത്ത) സൃഷ്ടികൾക്കെല്ലാം മുകളിലാണ്. അവരെ അവൻ നിയന്ത്രിക്കുന്നു. ശ്രേഷ്ഠമായ കഴിവുകളും മഹത്തായ വിശേഷണങ്ങളുമുള്ളതിനാൽ അവൻ ഉന്നതനാണ്. (മഹാനുമാകുന്നു) അവന്റെ ദാത്തിലും ഗുണത്തിലും അവൻ ഉന്നതനാകയാൽ അവന്റെ നിയമങ്ങളും ഉന്നതംതന്നെ. എല്ലാവരും അവന് വഴിപ്പെടും; അഹങ്കാരിയായ ബഹുദൈവവിശ്വാസികളുടെ മനസ്സുകൾപോലും. ഇതാണ് ശരിയായ അർഥം. സന്ദർഭത്തിൽനിന്ന് മനസ്സിലാകുന്നതും അതുതന്നെ.

അല്ലെങ്കിൽ 'അവർ' എന്ന സർവനാമം മലക്കുകളെ കുറിച്ചായിരിക്കാം. അതായത് അല്ലാഹു വഹ്‌യിലൂടെ സംസാരിച്ചപ്പോൾ മലക്കുകൾ അതു കേട്ട് ബോധരഹിതരായി അല്ലാഹുവിന് മുന്നിൽ സുജൂദിൽ വീണു. തുടർന്ന് ആദ്യം തലയുയർത്തിയത് ജിബ്‌രീലാണ്. ജീബ്‌രീലിനോട് അല്ലാഹു സംസാരിക്കുകയും വെളിപ്പെടുത്താൻ ഉദ്ദേശിക്കുന്നത് വെളിപ്പെടുത്തുകയും ചെയ്തു. ആ അബോധാവസ്ഥ മലക്കുകളുടെ ഹൃദയത്തിൽ നിന്ന് നീങ്ങിയപ്പോൾ ഭയവും നീങ്ങി. പിന്നീട് അവർ അവരെ

അബോധാവസ്ഥയിലാക്കിയ വാക്കെന്താണെന്ന് പരസ്പരം ചോദിച്ചു. ചിലർ ചിലരോട് പറഞ്ഞു: 'അവൻ പറഞ്ഞത് സത്യമാണ്. അവർക്കറിയാം, അവൻ സത്യമല്ലാതൊന്നും പറയില്ലെന്ന്.' ഈ നിലയ്ക്ക് ഇതിന്റെ അർഥം അല്ലാഹു വിശദീകരിച്ചു. ഈ 'ദൈവങ്ങളെ' നിങ്ങളെങ്ങനെയാണ് പങ്കാളികളാക്കുന്നത്? ഉന്നതനും മഹാനുമായ അല്ലാഹുവിൽനിന്ന് എങ്ങനെയാണ് നിങ്ങൾ തെറ്റിക്കപ്പെടുന്നത്? അല്ലാഹുവിന്റെ സാമീപ്യം സിദ്ധിച്ചവരായ മലക്കുകൾ ഈ വാക്കു കേട്ട് ബോധരഹിതരാകുന്നിടത്തോളം എത്തി. അല്ലാഹു സത്യമല്ലാതെ പറയില്ലെന്നും അവർ എല്ലാവരും അംഗീകരിക്കുന്നു. മഹത്തായ അധികാരവും ആധിപത്യവുമുള്ള അല്ലാഹുവിനെ ആരാധിക്കുന്നതിൽ അഹങ്കരിക്കുന്ന ഈ ബഹുദൈവവിശ്വാസികളുടെ അവസ്ഥ എന്താണ്? ഇവർ അല്ലാഹുവിന്റെ പേരിൽ പറയുന്ന ശിർക്കിൽനിന്നും നിഷേധത്തിൽനിന്നും ഉന്നതനായ അല്ലാഹു പരിശുദ്ധനാണ്.

(24). ഇവിടെ അല്ലാഹു തന്റെ ദൂതനായ മുഹമ്മദ് നബി(സ്വ)യോട് അല്ലാഹുവിന് പങ്കാളികളെ ചേർക്കുന്നവരോട് ഇങ്ങനെ പറയാൻ നിർദ്ദേശിക്കുന്നു: (ചോദിക്കുക: ആകാശങ്ങളിൽനിന്നും ഭൂമിയിൽനിന്നും നിങ്ങൾക്ക് ഉപജീവനം നൽകുന്നത് ആരാകുന്നു?) അത് അല്ലാഹു ആണെന്ന് അവർ അംഗീകരിക്കും. ഇനി അവർ അംഗീകരിക്കുന്നില്ലെങ്കിൽ അവരോട് പറയുക: (നീ പറയുക: അല്ലാഹുവാകുന്നു) കാരണം ഇത് നിരസിക്കാൻ ആർക്കും കഴിയില്ല. ആകാശങ്ങളിൽനിന്നും ഭൂമിയിൽനിന്നും നിങ്ങൾക്ക് ഉപജീവനം നൽകുന്നത് അല്ലാഹു മാത്രമാണെന്ന് വ്യക്തമായിക്കഴിഞ്ഞാൽ നിങ്ങൾക്ക് മഴ നൽകുകയും ചെടികൾ മുളപ്പിക്കുകയും നദികൾ ഒഴുക്കുകയും മരങ്ങളിൽ നിങ്ങൾക്കായി കായ്കനികൾ ഉൽപാദിപ്പിക്കുകയും നിങ്ങളുടെ ഉപകാരത്തിനും ഉപജീവനത്തിനുമായി എല്ലാതരം മൃഗങ്ങളെയും നിങ്ങൾക്ക് തരികയും ചെയ്തിരിക്കെ എന്തിനാണ് അവനല്ലാത്തവരെ നിങ്ങൾ ആരാധിക്കുന്നത്? അതായത്, നിങ്ങൾക്ക് ഉപകാരം ചെയ്യാത്ത, ഭക്ഷണം തരാത്തവരെ.

(തീർച്ചയായും ഒന്നുകിൽ ഞങ്ങൾ അല്ലെങ്കിൽ നിങ്ങൾ സന്മാർഗത്തിലാകുന്നു. അല്ലെങ്കിൽ വ്യക്തമായ ദുർമാർഗത്തിൽ) നമ്മിൽ രണ്ടിൽ ഒരു കൂട്ടർ സത്യത്തിലും മറ്റേ കൂട്ടർ വ്യക്തമായ വഴികേടിലുമാണ്. സത്യം വ്യക്തമായി അറിയുകയും അതിനെ പിന്തുടരുകയും തന്റെ എതിരാളി പിന്തുടരുന്നത് അസത്യമാണെന്ന് ഉറപ്പുള്ള ഒരാൾക്ക് മാത്രമെ ഇത് പറയാൻ കഴിയൂ. മറ്റൊരർഥത്തിൽ പറഞ്ഞാൽ വ്യക്തമായ തെളിവിന്റെ അടിസ്ഥാനത്തിൽ. ഞങ്ങളുടെ പക്കലും നിങ്ങളുടെ പക്കലുമുള്ള തെളിവുകളിലൂടെ സംശയരഹിതമായി ആരാണ് തെറ്റിൽ ആരാണ് ശരിയിൽ എന്ന് വ്യക്തമാക്കേണ്ടതില്ലാത്തവിധം ഉറപ്പുണ്ട്.

സൃഷ്ടിക്കപ്പെട്ട എല്ലാ ജീവജാലങ്ങളുടെയും സ്രഷ്ടാവിനെ ആരാധിക്കാൻ വിളിക്കുന്നവനെ നിങ്ങൾ താരതമ്യം ചെയ്താൽ; ഇതിലാരാണ് സത്യത്തിന്റെ ആളുകൾ, ആരാണ് വഴിപിഴച്ചവർ, ആരാണ് അനുഗ്രഹിക്കപ്പെട്ടവർ, ആരാണ് നശിച്ചവർ എന്ന് വിശദീകരിക്കേണ്ട ആവശ്യമേ ഇല്ല. ഒരു പ്രസ്താവനയെക്കാൾ വ്യക്തമാണ് സന്ദർഭത്തിൽനിന്ന് മനസ്സിലാകുന്നത്. അല്ലാഹു എല്ലാം നിയന്ത്രിക്കുന്നവനും അനുഗ്രഹം നൽകുന്നവനും പ്രയാസങ്ങളെ തടുത്ത് അനുഗ്രഹങ്ങളും ഉപജീവനങ്ങളും എത്തിച്ചു കൊടുക്കുന്നവനും സ്തുതിക്കപ്പെടുന്നവനാണ്.

എല്ലാ മലക്കുകളും താഴ്മയോടെ അവന് കീഴപ്പെടുന്നു. എല്ലാ ശുപാർശകരും അവനെ ഭയപ്പെടുന്നു. അവന്റെ അനുവാദമില്ലാതെ ഒരാളും അവന്റെയടുക്കൽ ശുപാർശ ചെയ്യുന്നില്ല. അത്യുന്നതൻ തന്റെ സത്തയിലും ഗുണങ്ങളിലും വിശേഷണങ്ങളിലും പ്രവർത്തനങ്ങളിലുമെല്ലാം പൂർണതയുള്ളവനാണവൻ. ഇങ്ങനെയുള്ളവന്റെ സാമീപ്യമാണ് ആവശ്യപ്പെടുന്നത്.

തങ്ങളുടെ മേലോ ആരാധിക്കുന്നവരുടെ മേലോ യാതൊരു നിയന്ത്രണവുമില്ലാത്ത, ഒന്നും സൃഷ്ടിക്കുകയോ വ്യവസ്ഥപ്പെടുത്തുകയോ ചെയ്യാത്ത പ്രതിമകൾ, ശവകുടീരങ്ങൾ എന്നിവയോട് സാമീപ്യം ഉണ്ടാക്കാൻ ശ്രമിക്കുന്നവരോട് അല്ലാഹുവിനെയല്ലാതെ മറ്റൊന്നിനെയും ആരാധിക്കരുതെന്നാണ് പറയുന്നത്. ഉപകാരമോ ഉപദ്രവമോ വരുത്തുന്നതിനോ മരിപ്പിക്കാനോ ജീവൻ നൽകാനോ ഉയിർത്തെഴുന്നേൽപിക്കാനോ കഴിയാത്തവർ, അവർ നിർജീവരാണ്.

ആരാധകരുടെ പ്രാർഥന കേൾക്കാനോ ചിന്തിക്കാനോ കഴിയില്ല. കേട്ടാൽ തന്നെ പ്രതികരിക്കില്ല. ഉയിർത്തെഴുന്നേൽപ് നാളിൽ അവരെ അല്ലാഹുവിന് പങ്കാളിയാക്കിയത് നിഷേധിക്കുകയും ചെയ്യും. ആരാധകരും അവരുടെ ആരാധനാവസ്തുക്കളും പരസ്പരം ശപിക്കും. അവർക്കാകട്ടെ, ആധിപത്യത്തിൽ യാതൊരു പങ്കുമില്ല. അവരെ സഹായിക്കാനോ അല്ലാഹുവിനോട് ശുപാർശ പറയാനോ കഴിയില്ല. അങ്ങനെയുള്ളവരെ അവർ വിളിക്കുന്നു. അവരുടെ സാമീപ്യത്തിനായി പരിശ്രമിക്കുന്നു. അതോടൊപ്പം അല്ലാഹുവിനെ മാത്രം ആരാധിക്കുന്നവരോട് ശത്രുത പുലർത്തുന്നു. യുദ്ധം ചെയ്യുന്നു, ദൂതന്മാരെ നിഷേധിക്കുകയും ചെയ്യുന്നു. ■



ദുൽക്കർഷാൻ അലനല്ലൂർ
: 9447745299

# ഹൃദയത്തെ ശുദ്ധീകരിക്കാം

”

തീർച്ചയായും നിനക്ക് ഇഷ്ടപ്പെട്ടവരെ നിനക്ക് നേർവഴിയിലാക്കാനാവില്ല. പക്ഷേ, അല്ലാഹു താൻ ഉദ്ദേശിക്കുന്നവരെ നേർവഴിയിലാക്കുന്നു. സന്മാർഗം പ്രാപിക്കുന്നവരെപ്പറ്റി അവൻ (അല്ലാഹു) നല്ലവണ്ണം അറിയുന്നവനാകുന്നു. (ക്വുർആൻ 28:56).

ഭൂമിയിൽ ഓരോ മനുഷ്യക്കുഞ്ഞും ശുദ്ധ പ്രകൃതിയോടെയാണ് ജനിച്ചുവീഴുന്നത്; അഥവാ കുറ്റമറ്റ ഹൃദയവുമായി, പാപക്കറകളില്ലാത്ത ശുദ്ധമായ മനസ്സോടെ.

അബൂഹുറയ്റ(റ) നിവേദനം, നബി(സ്വ) പറഞ്ഞു: “ശുദ്ധപ്രകൃതിയിലായിക്കൊണ്ടാണ് ഓരോ കുഞ്ഞും ജന്മം കൊള്ളുന്നത്. പിന്നീട് അവന്റെ മാതാപിതാക്കൾ അവനെ ജൂതനാക്കുന്നു, ക്രിസ്ത്യാനിയാക്കുന്നു, മജൂസി(അഗ്നിയാരാധകൻ) യാക്കുന്നു” (ബുഖാരി).

മനുഷ്യനെ സൃഷ്ടിച്ച് ശരിപ്പെടുത്തുക മാത്രമല്ല, അവന്റെ നന്മയും തിന്മയും അവന് വേർതിരിച്ച് മനസ്സിലാക്കിക്കൊടുക്കുകയും നല്ലതും ചീത്തയും ചെയ്യുവാനുള്ള കഴിവ് നൽകുകയും ചെയ്തിരിക്കുന്നു. ആ രീതിയിലുള്ള പ്രവർത്തനങ്ങൾ മനുഷ്യരിൽ നമുക്ക് കാണുവാനും സാധിക്കും. ആരും നിർബന്ധിക്കാതെ തന്നെ നമസ്കാരം നിലനിർത്തുന്നവരും, സകാത്ത് കൃത്യമായി നൽകുന്നവരും, നോമ്പനുഷ്ഠിക്കുന്നവരും, ഹജ്ജ്-ഉംറകൾ നിർവഹിക്കുന്നവരും, അല്ലാഹുവിന്റെ മാർഗത്തിൽ പ്രബോധനം നിർവഹിക്കാൻ സ്വമേധയാ സന്നദ്ധരാകുന്നവരും, മറ്റു നന്മകളിലെല്ലാം മുന്നിൽ നിൽക്കുന്നവരും സമൂഹത്തിലുണ്ട്. അപ്രകാരം തന്നെ, തിന്മകളിലെല്ലാം പങ്കുചേരുന്നവരുമുണ്ട്. അത്തരക്കാർ ഏറ്റവും അധഃപതിച്ചവരായിത്തീരുന്നു.

മേൽസൂചിപ്പിച്ച ഹദീസ് പ്രകാരം ഒരു കുഞ്ഞ് അല്ലാഹുവിന്റെ മതമായ ഇസ്‌ലാമിലായിക്കൊണ്ടാണ് ജനിക്കുന്നതെന്നും, പിന്നീട് ആ കുഞ്ഞ് വളർന്നു വരുമ്പോൾ അവന്റെ മാതാപിതാക്കളെ ഏതൊരു മതത്തിലും വിശ്വാസത്തിലുമായി അവൻ കാണുന്നുവോ ആ വിശ്വാസവും മതവും അവനും പിന്തുടരുകയും ചെയ്യുന്നു എന്ന് നമുക്ക് മനസ്സിലാക്കാം. മാതാപിതാക്കൾ കുട്ടികളെ തങ്ങളുടെ വിശ്വാസാദർശങ്ങൾ പരിശീലിപ്പിക്കുമെന്നത് പ്രത്യേകം പറയേണ്ടതില്ലല്ലോ. ഇവിടെ അല്ലാഹു നൽകിയ ശുദ്ധ പ്രകൃതിക്ക് മാറ്റം വരുന്നു; മാതാപിതാക്കളുടെ മതം സ്വീകരിക്കുന്നതിലൂടെ. സത്യവിശ്വാസികളായ മാതാപിതാക്കൾക്ക് ജനിക്കുന്ന കുഞ്ഞുങ്ങൾ ആ ശുദ്ധപ്രകൃതിയിൽ തന്നെ വളർന്നു വലുതാകുന്നു. മാതാപിതാക്കൾ നാമമാത്ര മുസ്‌ലിംകളാണെങ്കിൽ മക്കളും ആദർശബോധമില്ലാത്തവരും ആരാധനകളിൽ താൽപര്യമില്ലാത്തവരായി വളരും.

ശുദ്ധപ്രകൃതിൽനിന്നും തെറ്റി ജീവിക്കുന്ന പലരും അതിലേക്ക് തിരിച്ചുവരാറുണ്ട്. അന്വേഷണാത്മകമായ പഠനമോ യാദൃച്ഛികമായ എന്തെങ്കിലും സംഭവമോ ഒക്കെയാവാം അതിനു നിമിത്തമാകുന്നത്. അതാകട്ടെ അല്ലാഹു നൽകുന്ന വലിയ അനുഗ്രഹവുമാണ്. അല്ലാഹു ഉദ്ദേശിക്കുന്നവർക്ക് മാത്രം ലഭിക്കുന്ന ഏറ്റവും മഹത്തായ അനുഗ്രഹമാണ് സന്മാർഗപ്രാപ്തി എന്നത്.

പ്രവാചകൻ(സ്വ) തന്റെ പിതൃവ്യൻ അബൂത്വാലിബ് ഹിദായത്ത് ലഭിക്കാതെ മരണപ്പെട്ടതിന് സാക്ഷിയായി കണ്ണുനീരണിഞ്ഞ മുഖവുമായി തിരിഞ്ഞ് നടക്കുമ്പോൾ അല്ലാഹുവിന്റെ വഹ്‌യ് ഇറങ്ങി:

“തീർച്ചയായും നിനക്ക് ഇഷ്ടപ്പെട്ടവരെ നിനക്ക് നേർവഴിയിലാക്കാനാവില്ല. പക്ഷേ, അല്ലാഹു താൻ ഉദ്ദേശിക്കുന്നവരെ നേർവഴിയിലാക്കുന്നു. സന്മാർഗം പ്രാപിക്കുന്നവരെപ്പറ്റി അവൻ (അല്ലാഹു) നല്ലവണ്ണം അറിയുന്നവനാകുന്നു” (ക്വുർആൻ 28:56).

നബി(സ്വ)യെ പിതാവിനെ പോലെ സംരക്ഷിച്ച് പോറ്റിവളർത്തിയ പിതൃവ്യൻ അബൂത്വാലിബിന്റെ സത്യനിഷേധിയായിക്കൊണ്ടുള്ള മരണത്തിൽ നബി(സ്വ) ദുഃഖിച്ച സംഭവമാണ് ഈ ആയത്തിന്റെ അവതരണ പശ്ചാത്തലമെന്ന് ബുഖാരി(റഹ്), മുസ്‌ലിം(റഹ്) മുതലായ പലരും ഉദ്ധരിക്കുന്ന ഹദീസുകളിൽനിന്ന് സ്പഷ്ടമാകുന്നു. അദ്ദേഹത്തിന് മരണം ആസന്നമായപ്പോൾ, തിരുമേനി(സ്വ) അദ്ദേഹത്തിന്റെ അടുക്കൽ ചെന്ന് ‘എന്റെ പിതൃവ്യരേ! അല്ലാഹുവിന്റെ അടുക്കൽ താങ്കൾക്കുവേണ്ടി ഞാൻ സാക്ഷ്യം വഹിക്കത്തക്കവണ്ണം ഒരു വാക്ക് (‘ലാ ഇലാഹ ഇല്ലല്ലാഹ്’ എന്ന തൗഹീദിന്റെ കലിമ) താങ്കൾ ഉച്ചരിക്കണം’ എന്നിങ്ങനെ പറയുകയുണ്ടായി. പക്ഷേ, ക്വുറൈശികളിൽ നിന്നുണ്ടായേക്കാവുന്ന പരിഹാസത്തിനാണദ്ദേഹം മുൻഗണന നൽകിയത്. നബി(സ്വ)യെ സംബന്ധിച്ചിടത്തോളം ഇതെത്രത്തോളം ഖേദകരമാണെന്നു പറയേണ്ടതില്ലല്ലോ. ഈ സംഭവത്തെത്തുടർന്നാണ് ഈ വചനം അവതരിച്ചതെന്ന് വരുമ്പോൾ അതിന്റെ ഉള്ളടക്കത്തിന്റെ ഗൗരവവും അഗാധതയും

ഏറെക്കുറെ ഊഹിക്കാവുന്നതാണ്.

നന്നായാൽ മലക്കുകളോളം ഉയരാനും ദുഷിച്ചാൽ മൃഗങ്ങളെക്കാൾ അധഃപതിക്കാനും സാധ്യതയുള്ള പ്രകൃതമാണ് മനുഷ്യന് നൽകപ്പെട്ടിട്ടുള്ളത്. മനുഷ്യന് നന്മ തിരഞ്ഞെടുക്കാനും നന്മ ചെയ്യാനും സ്വാതന്ത്ര്യം നൽകപ്പെട്ടിട്ടുള്ളതുപോലെ തന്നെ തിന്മ തെരഞ്ഞെടുക്കാനും തിന്മ ചെയ്യാനും സ്വാതന്ത്ര്യം നൽകപ്പെട്ടിട്ടുണ്ട്.

അല്ലാഹു പറയുന്നു: “തീർച്ചയായും നാം അവന്ന് വഴി കാണിച്ചുകൊടുത്തിരിക്കുന്നു. എന്നിട്ട് ഒന്നുകിൽ അവൻ നന്ദിയുള്ളവനാകുന്നു. അല്ലെങ്കിൽ നന്ദികെട്ടവനാകുന്നു” (ഖുർആൻ 76:3)

മലക്കുകൾക്ക് തിന്മ ചെയ്യാൻ സ്വാതന്ത്ര്യമില്ല. കൽപന പ്രകാരം പ്രവർത്തിക്കാനേ മലക്കുകൾക്ക് കഴിയൂ. മൃഗങ്ങൾക്കാവട്ടെ നന്മ, തിന്മ എന്ന വേർതിരിവുമില്ല. രണ്ടിനും സ്വാതന്ത്ര്യം നൽകപ്പെട്ടവരാണ് മനുഷ്യർ. ഒന്നുകിൽ മനുഷ്യന് നന്മ നിറഞ്ഞ ജീവിതത്തലൂടെ സ്വർഗം ലഭിക്കുന്നു. അതല്ലെങ്കിൽ തിന്മ പ്രവർത്തിച്ച് ജീവിക്കുന്നതിലൂടെ നരകം ലഭിക്കുന്നു.

അല്ലാഹു പറയുന്നു: “എന്നിട്ട്, അതിന് അതിന്റെ ദുഷ്ടതയും അതിന്റെ സൂക്ഷ്മതയും അവൻ (അല്ലാഹു) തോന്നിപ്പിച്ചുകൊടുക്കുകയും ചെയ്തിരിക്കുന്നു” (ഖുർആൻ 91:8).

മനുഷ്യനെ സൃഷ്ടിച്ച് ശരിപ്പെടുത്തുക മാത്രമല്ല, അവന്റെ നന്മയും തിന്മയും അവന് വേർതിരിച്ച് മനസ്സിലാക്കിക്കൊടുക്കുകയും നല്ലതും ചീത്തയും ചെയ്യുവാനുള്ള കഴിവ് നൽകുകയും ചെയ്തിരിക്കുന്നു. ആ രീതിയിലുള്ള പ്രവർത്തനങ്ങൾ മനുഷ്യരിൽ നമുക്ക് കാണുവാനും സാധിക്കും. ആരും നിർബന്ധിക്കാതെ തന്നെ നമസ്കാരം നിലനിർത്തുന്നവരും, സകാത്ത് കൃത്യമായി നൽകുന്നവരും, നോമ്പനുഷ്ഠിക്കുന്നവരും, ഹജ്ജ്-ഉംറകൾ നിർവഹിക്കുന്നവരും, അല്ലാഹുവിന്റെ മാർഗത്തിൽ പ്രബോധനം നിർവഹിക്കാൻ സ്വമേധയാ സന്നദ്ധരാകുന്നവരും, മറ്റു നന്മകളിലെല്ലാം മുന്നിൽ നിൽക്കുന്നവരും സമൂഹത്തിലുണ്ട്. അപ്രകാരം തന്നെ, തിന്മകളിലെല്ലാം

ഒരു മനുഷ്യന്റെ ശരീരഭംഗിയിലേക്കോ അതല്ലെങ്കിൽ അവന്റെ സമ്പത്തിന്റെ ആധിക്യത്തിലേക്കോ അല്ല അല്ലാഹു നോക്കുന്നത്, മറിച്ച് അവന്റെ ഹൃദയം എത്രമാത്രം വിശാലമാണെന്നും അതിന്റെ ശുദ്ധിയും അവന്റെ പ്രവർത്തനങ്ങളുടെ ആധിക്യവുമാണ് അവൻ നോക്കുന്നത്. അതുകൊണ്ട് തന്നെ അസൂയയും പകയും ദേഷ്യവും വാശിയും ദുഷിപ്പും വന്നുചേരുന്നതിൽനിന്ന് ഹൃദയത്തെ സംരക്ഷിക്കാൻ നമുക്ക് സാധിക്കണം. നന്മ നിറഞ്ഞതും ശുദ്ധവുമായ ഹൃദയമുള്ളവർക്കേ സൽകർമങ്ങൾ നിരന്തരം ചെയ്യാൻ സാധിക്കുകയുള്ളൂ

പങ്കുചേരുന്നവരുമുണ്ട്. അത്തരക്കാർ ഏറ്റവും അധഃപതിച്ചവരായിത്തീരുന്നു.

അല്ലാഹു പറയുന്നു: “തീർച്ചയായും മനുഷ്യനെ നാം ഏറ്റവും നല്ല ഘടനയോടുകൂടി സൃഷ്ടിച്ചിരി ക്കുന്നു. പിന്നീട് അവനെ നാം അധമരിൽ അധമനാക്കിത്തീർത്തു” (ഖുർആൻ 95:4,5).

അല്ലാഹു പറയുന്നു: “അല്ല; പക്ഷേ, അവർ പ്രവർത്തിച്ചുക്കൊണ്ടിരിക്കുന്നത് അവരുടെ ഹൃദയങ്ങളിൽ കറയുണ്ടാക്കിയിരിക്കുന്നു” (ഖുർആൻ 83:14).

അബൂഹുറയ്(റ)യിൽ നിന്നു നിവേദനം ചെയ്യപ്പെട്ട ഒരു ഹദീസിൽ ഇപ്രകാരം വന്നിരിക്കുന്നു: “ഒരു അടിയാൻ ഒരു പാപം ചെയ്താൽ അത് അവന്റെ ഹൃദയത്തിൽ ഒരു കറുത്ത പുള്ളിയായിത്തീരും. അതിൽ നിന്ന് അവൻ പശ്ചാത്തപിച്ചു മടങ്ങിയാൽ അത് അവന്റെ ഹൃദയത്തെ തുടച്ചു നന്നാക്കുകയും ചെയ്യും. പാപം വർധിച്ചാൽ അതും (കറുപ്പും) വർധിക്കും. അതാണ് അല്ലാഹു ഇങ്ങനെ പ്രസ്താവിക്കുന്നതെന്ന് പറഞ്ഞുകൊണ്ട് നബി(സ്വ) ഖുർആൻ 83:14 വചനം ഓതുകയുണ്ടായി” (ഇബ്നുമാജ, തിർമുദി, നസാഈ).

പാപങ്ങൾ വർധിക്കുംതോറും ഹൃദയത്തിൽ കറപിടിക്കുകയും അങ്ങനെ അതിലേക്ക് നല്ലതൊന്നും പ്രവേശിക്കാതാവുകയും ചെയ്യുന്നു. പാശ്ചാത്താപമാണ് ഈ കറ

നീക്കുവാനുള്ള ഏക ഔഷധം എന്നത്രെ ഹദീസിന്റെ സാരം.

നാം നമ്മുടെ ഹൃദയത്തെക്കുറിച്ച് ചിന്തിച്ചുനോക്കിയിട്ടുണ്ടോ? നമ്മുടെ ഹൃദയം പാപക്കറകൾകൊണ്ട് ഇരുണ്ടതായിത്തീർന്നിട്ടുണ്ടാവുമോ? പാപങ്ങൾകൊണ്ട് കറവീണ ഹൃദയമാണെങ്കിൽ നമ്മുടെ ഹൃദയത്തെ നാം ശുദ്ധീകരിക്കേണ്ടതില്ലേ? നമ്മുടെ ശരീരവും വസ്ത്രവും വാഹനവും വീടും പരിസരവും വൃത്തിയും ശുദ്ധിയുമുള്ളതായിരിക്കാൻ ആഗ്രഹിക്കുന്നതുപോലെ ഹൃദയവും ശുദ്ധിയുള്ളതാകാൻ ആഗ്രഹമില്ലേ? ഒരു മുസ്‌ലിം ആദ്യം ശുദ്ധീകരിക്കേണ്ടത് അവന്റെ ഹൃദയത്തെ (മനസ്സ്) തന്നെയാണ്.

അല്ലാഹു പറയുന്നു: "...തീർച്ചയായും അല്ലാഹു പശ്ചാത്തപിക്കുന്നവരെ ഇഷ്ടപ്പെടുന്നു. ശുചിത്വം പാലിക്കുന്നവരെയും ഇഷ്ടപ്പെടുന്നു" (ക്വുർആൻ 2:222).

ആദ്യം ശുദ്ധീകരിക്കേണ്ടത് ഹൃദയമാണ്. അതിനുള്ള കാരണങ്ങൾ ചുവടെ ചേർക്കുന്നു:

*1. അല്ലാഹു നോക്കുന്നത് ഹൃദയത്തിലേക്കാണ്*

അബൂഹുറയ്‌റ(റ) നിവേദനം, നബി(സ്വ) പറഞ്ഞു: "തീർച്ചയായും അല്ലാഹു നിങ്ങളുടെ ശരീരത്തിലേക്കും സമ്പത്തിലേക്കും നോക്കുന്നില്ല. പക്ഷേ, നിങ്ങളുടെ ഹൃദയത്തിലേക്കും പ്രവർത്തനത്തിലേക്കുമാണ് അവൻ നോക്കുന്നത്" (മുസ്‌ലിം).



ഒരു മനുഷ്യന്റെ ശരീരഭംഗിയിലേക്കോ അതല്ലെങ്കിൽ അവന്റെ സമ്പത്തിന്റെ ആധിക്യത്തിലേക്കോ അല്ല അല്ലാഹു നോക്കുന്നത്, മറിച്ച് അവന്റെ ഹൃദയം എത്രമാത്രം വിശാലമാണെന്നും അതിന്റെ ശുദ്ധിയും അവന്റെ പ്രവർത്തനങ്ങളുടെ ആധിക്യവുമാണ് അവൻ നോക്കുന്നത്. അതുകൊണ്ട് തന്നെ അസൂയയും പകയും ദേഷ്യവും വാശിയും ദുഷിപ്പും വന്നുചേരുന്നതിൽനിന്ന് ഹൃദയത്തെ സംരക്ഷിക്കാൻ നമുക്ക് സാധിക്കണം. നന്മ നിറഞ്ഞതും ശുദ്ധവുമായ ഹൃദയമുള്ളവർക്കേ സൽകർമങ്ങൾ നിരന്തരം ചെയ്യാൻ സാധിക്കുകയുള്ളൂ.

*2. അല്ലാഹു മനസ്സറിയുന്നവനാണ്*

അല്ലാഹു പറയുന്നു: "കണ്ണുകളുടെ കള്ളനോട്ടവും ഹൃദയങ്ങൾ മറച്ചുവയ്ക്കുന്നതും അവൻ (അല്ലാഹു) അറിയുന്നു" (ക്വുർആൻ 40:19).

നോക്കിക്കാണുവാൻ പാടില്ലാത്തതിലേക്ക് മറ്റുള്ളവർ അറിയാതെ തക്കത്തിൽ ദൃഷ്ടി പതിപ്പിക്കുന്നതും ആരെയും അറിയിക്കാതെ മനസ്സിൽ ഗൂഢമായി ഒളിച്ചുവെക്കുന്ന വിഷയവും അടക്കം, ചെറുതും വലുതുമായ എല്ലാ രഹസ്യങ്ങളും അല്ലാഹു അറിയുന്നു.

'അന്യവീടുകളിൽവച്ചോ, വഴികളിൽവച്ചോ സൗന്ദര്യവതികളായ സ്ത്രീകളെ കണ്ടുമുട്ടുമ്പോൾ, മറ്റുള്ളവരുടെ ശ്രദ്ധയിൽ പെട്ടേക്കുമെന്നുകണ്ടാൽ അങ്ങോട്ടു നോക്കാതെ കണ്ണടക്കുകയും അവർ ശ്രദ്ധിക്കുന്നില്ലെന്ന് കണ്ടാൽ ദൃഷ്ടിപതിപ്പിക്കുകയും ചെയ്യുന്നത് കള്ളനോട്ടത്തിന്നും, മറ്റുള്ളവരുടെ ദൃഷ്ടിയിൽനിന്ന് മറഞ്ഞു സൗകര്യം ലഭിക്കുന്നപക്ഷം അവരുമായി ദുർവൃത്തി ചെയ്യുവാൻ ഉദ്ദേശ്യം വെക്കുന്നത് ഹൃദയങ്ങൾ മറച്ചുവെക്കുന്നതിന്നും ഉദാഹരണമായി ഇബ്നുഅബ്ബാസ്(റ) മുതലായവർ പ്രസ്താവിച്ചിരിക്കുന്നു' (ഇബ്നു അബീഹാതിം).

ഈ കാലഘട്ടത്തിൽ നഗ്നത പ്രകടിപ്പിച്ചുകൊണ്ട് രംഗപ്രവേശനം

ചെയ്യുന്നവരുടെ എണ്ണം അധികരിച്ചുകൊണ്ടിരിക്കുകയാണല്ലോ. അതിനു പുറമെ അങ്ങാടികളിലും മറ്റും നിത്യോപയോഗസാധനങ്ങൾ മുതൽ സൗന്ദര്യവർധകവസ്തുക്കളുടെവരെ പരസ്യങ്ങളിൽ പ്രത്യക്ഷപ്പെടുന്നതും അർധനഗ്നതയും പൂർണനഗ്നതയും കാണിക്കുന്ന സ്ത്രീ-പുരുഷന്മാരുടെ പോസ്റ്ററുകളും ബാനറുകളുമാണ്. അതിനു പുറമെ ഇന്ന് ഒഴിച്ചുകൂടാൻ പറ്റാത്ത തരത്തിൽ മനുഷ്യന്റെ കൂടെക്കൂടിയ മൊബൈൽ ഫോണുകളിൽ ഇതെല്ലാം ആരും കാണാതെ തന്നെ കാണുവാനുള്ള സൗകര്യവുമുണ്ട്. ഇവിടെയാണ് ഹൃദയത്തിന്റെ സ്പന്ദനങ്ങൾ അറിയുന്ന അല്ലാഹുവിനെ സൂക്ഷിക്കേണ്ടത്. അല്ലാഹുവിനെ സൂക്ഷിക്കുന്നതിലൂടെ മാത്രമെ ഹൃദയം ശുദ്ധീകരിക്കാൻ നമുക്ക് സാധിക്കുകയുള്ളൂ. ഇത്തരം കാഴ്ചകളും അതിനു പിന്നിലെ ഇച്ഛകളും ആത്യന്തിക നഷ്ടം ഉണ്ടാക്കുമെന്നതിൽ യാതൊരു സംശയവുമില്ല.

*3. ഹൃദയം മലിനമായാൽ എല്ലാം മലിനമാകും*

ആമിർ(റ) നിവേദനം, നുഅ്മാൻ ഇബ്നു ബശീർ(റ) പറയുന്നതായികേട്ടു; നബി(സ്വ) പറഞ്ഞു: "...നിങ്ങൾ അറിയുക, ശരീരത്തിൽ ഒരു മാംസക്കഷ്ണമുണ്ട്. അത് നന്നായാൽ ശരീരം മുഴുവൻ നന്നായി. അത് ചീത്തയായാൽ ശരീരം മുഴുവൻ ചീത്തയായി. അറിയുക അതാണ് ഹൃദയം" (ബുഖാരി, മുസ്‌ലിം).

ഹൃദയം നന്നാവുക എന്നതാണ് ശരീരം മുഴുവനും നന്നാകാനുള്ള കാരണമായി അല്ലാഹുവിന്റെ പ്രവാചകൻ(സ്വ) പഠിപ്പിക്കുന്നത്. ഹൃദയശുദ്ധീകരണത്തിന്റെ പ്രാധാന്യമാണ് ഇത് വ്യക്തമാക്കുന്നത്.

*4. ഹൃദയത്തെ ശുദ്ധീകരിച്ചവർക്കാണ് സ്വർഗം ലഭിക്കുക*

അല്ലാഹു പറയുന്നു: "അപ്പോൾ ഏതൊരാൾ തന്റെ രക്ഷിതാവിന്റെ സ്ഥാനത്തെ ഭയപ്പെടുകയും മനസ്സിനെ തന്നിഷ്ടത്തിൽ നിന്ന് വിലക്കിനിർത്തുകയും ചെയ്തുവോ; (അവന്ന്) സ്വർഗം തന്നെയാണ് സങ്കേതം" (ക്വുർആൻ 79:40,41).

നമ്മുടെ ഹൃദയം പാപക്കറകൾകൊണ്ട് ഇരുണ്ടതായിത്തീർന്നിട്ടുണ്ടാവുമോ? പാപങ്ങൾകൊണ്ട് കറവീണ ഹൃദയമാണെങ്കിൽ നമ്മുടെ ഹൃദയത്തെ നാം ശുദ്ധീകരിക്കേണ്ടതില്ലേ? നമ്മുടെ ശരീരവും വസ്ത്രവും വാഹനവും വീടും പരിസരവും വൃത്തിയും ശുദ്ധിയുമുള്ളതായിരിക്കാൻ ആഗ്രഹിക്കുന്നതുപോലെ ഹൃദയവും ശുദ്ധിയുള്ളതാകാൻ ആഗ്രഹമില്ലേ? ഒരു മുസ്‌ലിം ആദ്യം ശുദ്ധീകരിക്കേണ്ടത് അവന്റെ ഹൃദയത്തെ (മനസ്സ്) തന്നെയാണ്.

സൽകർമങ്ങൾക്ക് നിദാനമായ രണ്ടു കാര്യങ്ങൾ ഈ വചനങ്ങളിലൂടെ അല്ലാഹു ചൂണ്ടിക്കാട്ടിയിരിക്കുന്നു. ഒന്ന് റബ്ബിന്റെ മുമ്പിൽ ഹാജരാകേണ്ടി വരുന്നതിനെക്കുറിച്ചുള്ള ഭയവും മറ്റൊന്ന് ദേഹേച്ഛകളിൽ നിന്നു മനസ്സിനെ തടഞ്ഞുനിറുത്തുകയുമാണ്. അപ്രകാരം പ്രവർത്തിച്ചവർക്ക് സ്വർഗമുണ്ടെന്ന സന്തോഷവാർത്തയും അല്ലാഹു നൽകുന്നു.

*5. മനുഷ്യരിൽ ഏറ്റവും ശ്രേഷ്ഠൻ ഹൃദയത്തെ ശുദ്ധീകരിച്ചവൻ*

അബ്ദുല്ലാഹ് ഇബ്നു അംറ്(റ) നിവേദനം, ഒരാൾ നബി(സ്വ)യുടെ അടുക്കൽ ചെന്നുകൊണ്ട് ചോദിച്ചു: 'ജനങ്ങളിൽ ഏറ്റവും ശ്രേഷ്ഠൻ ആരാണ്?' നബി(സ്വ) പറഞ്ഞു: 'എല്ലാ മഖ്മൂമുൽ ക്വൽബും നാവിനെ സത്യപ്പെടുത്തിയവനും.' വീണ്ടും ചോദിച്ചു: 'നാവിനെ സത്യപ്പെടുത്തിയവൻ എന്നത് മനസ്സിലായി. എന്നാൽ ആരാണ് മഖ്മൂമുൽ ക്വൽബ്?' നബി(സ്വ) പറഞ്ഞു: 'മഖ്മൂമുൽ ക്വൽബ്; അസൂയ ഇല്ലാത്തതും വിദ്വേഷമില്ലാത്തതും അതിരുകവിയാത്തതും പാപമില്ലാത്തതുമായ ശുദ്ധിയും ഭയഭക്തിയുമുള്ളവൻ (ഹൃദയമുള്ളവൻ)" (ഇബ്നുമാജ).

ഹൃദയത്തെ ശുദ്ധീകരിക്കാനാവശ്യമായ എല്ലാം ഈ ഹദീസിലൂടെ അല്ലാഹുവിന്റെ പ്രവാചകൻ വ്യക്തമാക്കുന്നുണ്ട്. മേൽ സൂചിപ്പിച്ച പ്രകാരം ഹൃദയത്തെ ശുദ്ധീകരിച്ച് നന്മയുള്ള മനസ്സിന്റെ ഉടമകളായി പരലോകത്ത് റബ്ബിനെ കണ്ടുമുട്ടാനും അതിലൂടെ സ്വർഗത്തിൽ പ്രവേശിക്കാനുമായിരിക്കട്ടെ നമ്മുടെ പ്രവർത്തനങ്ങൾ. ■

മുഹമ്മദ് സ്വാദിഖ് മദീനി

**നന്ദി വാക്ക് പറയലും നന്ദി കാണിക്കലും ഒരിക്കലും നമുക്ക് സാമ്പത്തിക നഷ്ടമോ ശാരീരിക പ്രയാസമോ വരുത്തിവയ്ക്കുന്നില്ല. മാത്രമല്ല, സ്നേഹം ശക്തിപ്പെടുവാനും ഹൃദയങ്ങൾ ഇണങ്ങുവാനും കൂടുതൽ നന്മകൾ പ്രസരിക്കുവാനും അത് വഴിയായിത്തീരുന്നു. അതിനാൽ ഒരിക്കലും നന്ദിവാക്കുകൾ പറയുവാൻ നാം പിശുക്കു കാണിക്കരുത്.**



# നന്മ മരങ്ങൾ വളരട്ടെ

സമൂഹത്തിന്റെ വ്യത്യസ്ത തട്ടുകളിലുള്ള മനുഷ്യർ പരസ്പരം കൊണ്ടും കൊടുത്തും സഹായിച്ചും സഹായം സ്വീകരിച്ചും ജീവിക്കുന്ന സാമൂഹ്യ ക്രമമാണ് നിലവിലുള്ളത്. മറ്റുള്ളവരെ ആശ്രയിക്കാതെ ജീവിക്കുവാൻ ആർക്കും സാധിക്കുകയില്ല.

പിതാവിന്റെ മരണശേഷം നോക്കി വളർത്തിയ പിതൃസഹോദരങ്ങൾ, ദാരിദ്ര്യത്തിന്റെ ബാല്യത്തിൽ ഭക്ഷണം നൽകിയ ബന്ധുക്കൾ, ജോലിക്ക് വേണ്ടി അലഞ്ഞുതിരിഞ്ഞപ്പോൾ മാന്യമായി ജോലി നൽകിയ വ്യക്തിത്വങ്ങൾ, പഠിപ്പിച്ച് ഉന്നതരാക്കിയ സാമൂഹ്യ പ്രവർത്തകർ, വിദേശത്തേക്ക് കൊണ്ടുപോയി ഉയർന്ന തസ്തികയിൽ അവരോധിച്ചവർ, വിവാഹസമയത്ത് മാന്യമായ ഇടപെടലുകൾ നടത്തിയവർ, അല്പം

കാശിനുവേണ്ടി കെഞ്ചിയപ്പോൾ കടം തന്നു സഹായിച്ചവർ...ഇങ്ങനെ നമുക്ക് മുമ്പിൽ സഹായത്തിന്റെ വാതിലുകൾ മലർക്കെ തുറന്നുവച്ചവർ നിരവധിയാണ്.

ലഭിച്ച നന്മകളെയും അവ ചെയ്തുതന്ന ആളുകളെയും വിസ്മരിക്കുന്നത് നന്ദികേട് തന്നെയാണ്. നബി(സ്വ) പറഞ്ഞു: "ആർക്കെങ്കിലും വല്ല നന്മയും ലഭിച്ചാൽ അവൻ പ്രത്യുപകാരം ചെയ്യട്ടെ. അതിന് കഴിയില്ലെങ്കിൽ അവൻ പുകഴ്ത്തിപ്പറയട്ടെ. അത് അയാൾക്ക് ചെയ്യുന്ന നന്ദിയാണ്. എന്നാൽ അത് മൂടിവയ്ക്കുകയാണെങ്കിൽ നന്ദികേടുമാണ്" (അബുദാവൂദ്).



ഒരു വിശ്വാസി തനിക്ക് ഉപകാരം ചെയ്തവരെ മറക്കുവാൻ പാടില്ല. മാത്രമല്ല, കഴിയുന്ന രൂപത്തിൽ പ്രത്യുപകാരം ചെയ്യുവാനും അവരെ ഓർക്കുവാനും അവരെക്കുറിച്ച് നല്ലത് പറയുവാനും ശ്രമിക്കണം. അത് അവരോടുള്ള നന്ദിയും കടപ്പാടുമാണ്.

തനിക്കുവേണ്ടി സേവനം ചെയ്യുന്ന വീട്ടുവേലക്കാരാണെങ്കിലും അവരോട് മാന്യമായും നന്ദിയോടെയും വർത്തിക്കണമെന്നാണ് ഇസ്‌ലാമിക അധ്യാപനം. നബി(സ്വ) പറഞ്ഞു: "നിങ്ങളുടെ വേലക്കാരൻ ഭക്ഷണവുമായി നിങ്ങളുടെ അടുക്കൽ വന്നാൽ നിങ്ങൾ അവനെ നിങ്ങളുടെ കൂടെ ഇരുത്തുന്നില്ലെങ്കിൽ ആ ഭക്ഷണത്തിൽനിന്നും ഒന്നോ രണ്ടോ ഉരുള അവന് നൽകുക. കാരണം ഭക്ഷണം തയ്യാറാക്കിയതും അതിന്റെ ചൂട് അനുഭവിച്ചതും അവനാണ്''(അൽബുഖാരി).

തനിക്ക് അന്നം പാകം ചെയ്തു നൽകിയ ആളുകളെ മറന്നു പോകരുത് എന്ന് പ്രവാചകൻ(സ്വ) ജീവിതത്തിലൂടെ കാണിച്ചുകൊടുത്തു.

ഒരിക്കൽ നബി(സ്വ) സഅദ്ബിൻ ഉബാദ(റ)യുടെ വീട്ടിലേക്ക് ചെന്നു. അദ്ദേഹം റൊട്ടിയും ഒലിവെണ്ണയും കൊണ്ട് പ്രവാചകനെ സൽക്കരിച്ചു. ഭക്ഷണം കഴിച്ചശേഷം പ്രവാചകൻ ഇപ്രകാരം പറഞ്ഞു: 'നോമ്പുകാർ താങ്കളുടെ അടുക്കൽ നോമ്പ് മുറിച്ചിരിക്കുന്നു, നിങ്ങളുടെ അന്നം പുണ്യവാന്മാർ ഭക്ഷിച്ചിരിക്കുന്നു, നിങ്ങളുടെ മേൽ മലക്കുകൾ പാപമോചന പ്രാർഥന നടത്തുകയും ചെയ്തിരിക്കുന്നു' (അബൂദാവൂദ്).

ചെയ്തുതന്ന സേവനത്തിന് പകരമായി നമുക്ക് പ്രാർഥിക്കാനെങ്കിലും സാധിച്ചാൽ അത് അവരോട് ചെയ്യുന്ന നന്ദിയാണ്. നബി(സ്വ) പറഞ്ഞു: "ആരെങ്കിലും നിങ്ങൾക്ക് വല്ല നന്മയും ചെയ്തു തന്നാൽ അവൻ അയാൾക്കുവേണ്ടി ഇപ്രകാരം പ്രാർഥിക്കുക: 'അല്ലാഹു താങ്കൾക്ക് ഏറ്റവും ഉത്തമമായ പ്രതിഫലം നൽകട്ടെ.' എങ്കിൽ അവൻ അവരെ നന്നായി വാഴ്ത്തിയിരിക്കുന്നു" (അഹ്മദ്).

നന്ദിയോടുകൂടിയുള്ള വാക്കുകളും പ്രവർത്തനങ്ങളും മനുഷ്യർ പരസ്പരമുള്ള സ്നേഹം വർധിക്കുവാനും ബന്ധങ്ങൾ ശക്തമാകുവാനും തുടർന്നും സഹായസഹകരണങ്ങൾ അനുസ്യൂതമായി തുടരുവാനും സഹായിക്കുന്നതാണ്. മാത്രമല്ല മനുഷ്യനോട് നന്ദി കാണിക്കുന്നത് അല്ലാഹുവിനോടുള്ള നന്ദി കാണിക്കൽ കൂടിയാണ്. നബി(സ്വ) പറഞ്ഞു: "ജനങ്ങളോട് നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോട് നന്ദി കാണിക്കുകയില്ല" (അബുദാവൂദ്).

മറ്റുള്ളവർ ചെയ്തുതന്നത് നിസ്സാരമായ കാര്യങ്ങളാണെങ്കിൽ പോലും അവർക്ക് നന്ദി പ്രകടിപ്പിക്കാൻ സാധിക്കണം. കാരണം ചെറിയ കാര്യങ്ങൾക്ക് നന്ദി ചെയ്യാൻ സാധിക്കുന്നില്ലെങ്കിൽ വലിയ കാര്യങ്ങൾക്കും നന്ദി കാണിക്കുവാൻ സാധിക്കുകയില്ല.

നബി(സ്വ) പറഞ്ഞു: "കുറഞ്ഞ കാര്യങ്ങൾക്ക് നന്ദി ചെയ്യുന്നില്ലെങ്കിൽ വലിയ കാര്യങ്ങൾക്കും നന്ദി കാണിക്കുകയില്ല"(അഹ്മദ്).

വിശുദ്ധ ക്വുർആൻ പറയുന്നു: "നല്ല പ്രവൃത്തിക്കുള്ള പ്രതിഫലം നല്ലത് ചെയ്ത് കൊടുക്കലല്ലാതെ മറ്റു വല്ലതുമാണോ?''(അർറഹ്മാൻ: 60).

സേവനങ്ങൾ ചെയ്ത വ്യക്തികൾക്ക് പല രൂപത്തിലാണ് പ്രത്യുപകാരം ചെയ്തുകൊടുക്കുവാൻ സാധിക്കുക. തനിക്ക് ചെയ്തുതന്ന നന്മ അതേരൂപത്തിൽ തിരിച്ചു കൊടുക്കുകയും അവർക്കുവേണ്ടി പ്രാർഥിക്കുകയും ചെയ്യൽ നന്ദികാണിക്കൽ തന്നെയാണ്.

നബി(സ്വ) പറഞ്ഞു: "ആരെങ്കിലും നിങ്ങൾക്ക് വല്ല നന്മയും ചെയ്താൽ അതിനു പകരമായി നിങ്ങൾ അയാൾക്ക് നന്മ ചെയ്യുക. അതിന് നിങ്ങൾക്ക് കഴിയുന്നില്ലെങ്കിൽ അവർക്കു വേണ്ടി പ്രാർഥി

ക്കുക. നിങ്ങൾ അവർക്ക് ഉപകാരം ചെയ്തുകൊടുത്തു എന്ന് തോന്നുന്ന രൂപത്തിലായിരിക്കണം അവർക്ക് വേണ്ടിയുള്ള നിങ്ങളുടെ പ്രാർഥന" (അബൂദാവൂദ്).

മദീനയിലെ അൻസ്വാരികൾ സാമ്പത്തികമായി മുഹാജിറുകളെക്കാൾ ഉയർന്നവരായിരുന്നു. മുഹാജിറുകൾ ചെയ്യുന്ന ആരാധനാകർമങ്ങൾക്ക് പുറമെ സകാത്തും സ്വദഖയും കൂടി നൽകാൻ അവർക്ക് കഴിഞ്ഞിരുന്നു. അപ്പോൾ മുഹാജിറുകൾ നബി(സ്വ)യോട് പറഞ്ഞു: "പ്രവാചകരേ, അൻസ്വാറുകൾ എല്ലാ പ്രതിഫലവും കൊണ്ടുപോയി. അവരെപ്പോലെ ദാനധർമങ്ങൾ നൽകി ഞങ്ങൾക്ക് അവരോടൊപ്പം എത്താൻ സാധിക്കുന്നില്ലല്ലോ.' പ്രവാചകൻ അവരോട് പറഞ്ഞു: 'നിങ്ങൾ അവരെ പുകഴ്ത്തുകയും അവർക്കുവേണ്ടി അല്ലാഹുവിനോട് പ്രാർഥിക്കുകയും ചെയ്താൽ നിങ്ങൾക്കും അവരോടൊപ്പം എത്താവുന്നതാണ്"(അബൂദാവൂദ്).

ലഭിച്ച നന്മകളെയും അവ ചെയ്തുതന്ന ആളുകളെയും വിസ്മരിക്കുന്നത് നന്ദികേട് തന്നെയാണ്. നബി(സ്വ) പറഞ്ഞു: "ആർക്കെങ്കിലും വല്ല നന്മയും ലഭിച്ചാൽ അവൻ പ്രത്യുപകാരം ചെയ്യട്ടെ. അതിന് കഴിയില്ലെങ്കിൽ അവൻ പുകഴ്ത്തിപ്പറയട്ടെ. അത് അയാൾക്ക് ചെയ്യുന്ന നന്ദിയാണ്. എന്നാൽ അത് മൂടിവയ്ക്കുകയാണെങ്കിൽ നന്ദികേടുമാണ്" (അബുദാവൂദ്).

ക്രൂരനായ ഫിർഔൻ മൂസാ നബി(അ)യെ വധിക്കുവാൻ ഗൂഢാലോചന നടത്തിയ വിവരം അദ്ദേഹം അറിഞ്ഞപ്പോൾ ഓടി രക്ഷപ്പെടുകയും വഴിമധ്യേ രണ്ട് പെൺകുട്ടികൾക്ക് വെള്ളം കോരിക്കൊടുത്ത് അവരെ സഹായിക്കുകയും ചെയ്തു.

അവർ വീട്ടിൽ പോയി പിതാവിനോട് ഈ കാര്യം ഉണർത്തിയപ്പോൾ അദ്ദേഹം മൂസാ നബിയെ കൂട്ടിക്കൊണ്ടു വരുവാൻ ഒരു മകളെ പറഞ്ഞയച്ചു. വിശുദ്ധ ക്വുർആൻ കാര്യം ഇപ്രകാരമാണ് ഉണർത്തുന്നത്:

"താങ്കൾ ഞങ്ങൾക്കു വേണ്ടി (ആടുകൾക്ക്) വെള്ളം കൊടുത്തതിനുള്ള പ്രതിഫലം താങ്കൾക്കു നൽകുവാനായി എന്റെ പിതാവ് താങ്കളെ വിളിക്കുന്നു" (അൽഖസ്വസ് 25).

തന്റെ മക്കൾക്ക് സഹായം നൽകിയ യുവാവിനെ നന്ദിപൂർവം സ്വീകരിക്കുന്ന മഹാനായ ഒരു മനുഷ്യനെയാണ് ഈ സൂക്തത്തിലൂടെ നമുക്ക് കാണുവാൻ സാധിക്കുക.

മനുഷ്യരോട് ഏറ്റവും കൂടുതൽ നന്ദി കാണിക്കുന്ന ആളായിരുന്നു നബി(സ്വ). ധനികരായിരുന്ന അബ്ദുല്ലാഹ് ഇബ്നു അബീ റബീഅ(റ)യിൽനിന്നും നബി(സ്വ) മുപ്പതിനായിരം അല്ലെങ്കിൽ നാൽപതിനായിരം ദീനാർ കടം വാങ്ങി. അത് തിരിച്ചു കൊടുത്ത വേളയിൽ പ്രവാചകൻ(സ്വ) ഇപ്രകാരം പറഞ്ഞു: 'അല്ലാഹു താങ്കൾക്ക് താങ്കളുടെ കുടുംബത്തിലും സമ്പത്തിലും അനുഗ്രഹം ചൊരിയട്ടെ. തീർച്ചയായും കടം കൊടുത്തതിന്റെ പ്രതിഫലം അത് കൃത്യസമയത്ത് തിരിച്ചുകൊടുക്കലും അയാൾക്കുവേണ്ടി പ്രാർഥിക്കലുമാണ്"(അഹ്മദ്).

> "ആരെങ്കിലും നിങ്ങൾക്ക് വല്ല നന്മയും ചെയ്താൽ അതിനു പകരമായി നിങ്ങൾ അയാൾക്ക് നന്മ ചെയ്യുക. അതിന് നിങ്ങൾക്ക് കഴിയുന്നില്ലെങ്കിൽ അവർക്കു വേണ്ടി പ്രാർഥിക്കുക. നിങ്ങൾ അവർക്ക് ഉപകാരം ചെയ്തുകൊടുത്തു എന്ന് തോന്നുന്ന രൂപത്തിലായിരിക്കണം അവർക്ക് വേണ്ടിയുള്ള നിങ്ങളുടെ പ്രാർഥന"
> - നബി (സ്വ)

പ്രവാചകനിൽനിന്നും അധ്യാപനം ഉൾക്കൊണ്ട സ്വഹാബിമാരുടെ ജീവിതവും ഇതിൽനിന്ന് വ്യത്യസ്തമായിരുന്നില്ല. മക്കയിൽനിന്നും എല്ലാം ഉപേക്ഷിച്ച് മദീനയിലേക്ക് പലായനം ചെയ്ത അബ്ദുറഹ്മാൻ ഇബ്നു ഔഫ്(റ) അവിടെ എത്തിയപ്പോൾ അദ്ദേഹത്തെ സ്വീകരിക്കുവാൻ മദീനക്കാരനായ സഅദ് ഇബ്നു റബീഅ(റ) തയ്യാറായി. അദ്ദേഹം അബ്ദുറഹ്മാൻ ഇബ്നു ഔഫി(റ)നോട് പറഞ്ഞു: 'അൻസ്വാരികളിലെ ഒരു ധനാഢ്യനാണ് ഞാൻ. എന്റെ സമ്പത്ത് പകുതിയായി ഭാഗിച്ച് ഒരു ഭാഗം ഞാൻ താങ്കൾക്ക് നൽകാം. എനിക്ക് രണ്ടു ഭാര്യമാർ ഉണ്ട്. അവരിൽ താങ്കൾക്ക് ഇഷ്ടമുള്ളവളെ ഞാൻ വിവാഹമോചനം ചെയ്യാം. ശേഷം താങ്കൾക്ക് അവരെ വിവാഹം കഴിക്കാം.' ഇതു കേട്ടമാത്രയിൽ അബ്ദുറഹ്മാൻ(റ) നന്ദിപൂർവം അത് നിരസിച്ചുകൊണ്ട് അദ്ദേഹത്തോട് പറഞ്ഞു: 'അല്ലാഹു താങ്കൾക്ക് താങ്കളുടെ സമ്പത്തിലും കുടുംബത്തിനും അനുഗ്രഹം ചെയ്യട്ടെ' (അൽബുഖാരി).

നന്ദി വാക്ക് പറയലും നന്ദി കാണിക്കലും ഒരിക്കലും നമുക്ക് സാമ്പത്തിക നഷ്ടമോ ശാരീരിക പ്രയാസമോ വരുത്തിവയ്ക്കുന്നില്ല. മാത്രമല്ല, സ്നേഹം ശക്തിപ്പെടുവാനും ഹൃദയങ്ങൾ ഇണങ്ങുവാനും കൂടുതൽ നന്മകൾ പ്രസരിക്കുവാനും അത് വഴിയായിത്തീരുന്നു. അതിനാൽ ഒരിക്കലും നന്ദിവാക്കുകൾ പറയുവാൻ നാം പിശുക്കു കാണിക്കരുത്.

*(അവസാനിച്ചില്ല)*

മഴക്കവിതകൾ

വിസ്ഡം എഡ്യുക്കേഷൻ ബോർഡ് മദ്റസ വിദ്യാർഥികൾക്കായി സംസ്ഥാന തലത്തിൽ നടത്തിയ 'സർഗദിനം' രചനാമത്സരത്തിൽ തെരഞ്ഞെടുക്കപ്പെട്ട രചനകൾ.

# മഴയുടെ വെള്ളിനൂലുകൾ

ആയിഷ ലിസ കെ.പി
ക്ലാസ് 6
സലഫി മദ്റസ, പെരിന്തൽമണ്ണ



കറുകറുത്ത മേഘങ്ങളിൽനിന്നും
വെളുവെളുത്ത വെള്ളിനൂലുകളായി
ദാഹനീരിൻ തേനരുവിയായി
മഴ കോരിച്ചൊരിയുന്നു.
മണ്ണിനെയും മനുഷ്യനെയും
സന്തോഷിപ്പിച്ച് സസ്യങ്ങൾ
ഉണർന്നെണീക്കുന്നു.
എത്ര പെട്ടെന്നാണ്
വരൾച്ച അപ്രത്യക്ഷമാകുന്നത്!
എത്ര പെട്ടെന്നാണ്
ഭൂമി പച്ചപ്പുതപ്പണിയുന്നത്!
എത്ര പെട്ടെന്നാണ്
മഴ മതിയേ എന്ന്
മനുഷ്യൻ വിലപിക്കുന്നത്!
പ്രളയമായ് മഴ വളരുമ്പോൾ
മഴയൊരു ദുരിതപ്പെയ്ത്താകുമ്പോൾ
എങ്ങനെ വിലപിക്കാതിരിക്കും!
ആർക്കുമതിനെ തടുക്കാനാവില്ല;
പടച്ചവനല്ലാതെ.
എന്നിട്ടും തിന്മകൾ വെടിയാനും
നന്മയിലൂടെ നടക്കാനും
അഹങ്കാരം വെടിയാനും
മനുഷ്യർ തയ്യാറാകുന്നില്ലല്ലോ!

# എത്ര പെട്ടെന്നാണ്!

ഫാത്തിമ അഫ്സ
ക്ലാസ് 4
മദ്റസതുത്തൗഹീദ്, ചൊവ്വല്ലൂർപടി



പലനാളുകൾ കാത്തിരുന്നു
പുതുമഴയൊന്നു കിട്ടാൻ.
ഒടുവിലൊരുനാൾ പെയ്തിറങ്ങി
ഇടതടവില്ലാത്ത പേമാരിയായ്.
പുഴകവിഞ്ഞു, പാടം നിറഞ്ഞു
മലയിടിഞ്ഞ് പുഴയിലെത്തി.
ഇടയിൽ പെട്ടതാം ജീവിതങ്ങൾ
ശിഥിലമാം കിനാക്കളായി.
മുറ്റത്തുനിന്നൊരു തേന്മാവ്
കടപുഴകി തൊടി കടന്ന്
അകലെയെവിടെയോ ചെന്നടിഞ്ഞു.
അരുതേ, അരുതേ, ഇനിയരുതേ,
അല്ലാഹ്, നീ കനിവേകേണേ.



Printed Published & owned by K Sajjad and printed at Sprint Offset Printers Kozhikide-19 & published at Kozhikode-02. Editor: Usman Palakkazhi

WISDOM BOOKS

11th ISLAMIC STUDENTS CONFERENCE

# ISCON

## സമ്മേളന വേദിയിൽ പുറത്തിറങ്ങുന്നു

2024 OCTOBER 25,26
MASJID AL KABEER
KUWAIT CITY




ക്വുർആൻ പഠിതാക്കൾക്കൊരു
നവ്യാനുഭവം പകർന്നുകൊണ്ട്,
പുസ്തകത്തിലെ എല്ലാ അധ്യായങ്ങളും
വിശദീകരിക്കുന്ന ക്ലാസ്സ് (വീഡിയോ) യൂട്യൂബിൽ
thartheel ചാനലിൽ ലഭ്യമാക്കിക്കൊണ്ട്,
മലയാളത്തിൽ ആദ്യമായി
വിസ്ഡം ബുക്സ് അവതരിപ്പിക്കുന്നു...

www.youtube.com/@thartheel-q1h

ترتيل القرآن الكريم

# ക്വുർആൻ പാരായണ വിധികൾ

വീഡിയോ ക്ലാസ്സുകൾ സഹിതം

**മുഹമ്മദ് അസ്‌ലം ബ്ൻ യൂസുഫ്**

peaceradio Tune to reality

WISDOM ISLAMIC ORGANIZATION

നേർപഥം വാരിക

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
2024 october 12

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

KKIC | KKIC ISLAHI MADRASA | WISDOM | إدارة العلاقات الخارجية

**Kuwait Kerala Islahi Centre**

العلم للسلام

KNOWLEDGE FOR PEACE

# 11th ISLAMIC STUDENTS CONFERENCE

# ISCON

2024
October 25 26
Friday & Saturday

**Masjid Al Kabeer**
KUWAIT CITY

Design: SalihZin 6575 3339